# വിദ്യാഭിവർദ്ധിനി



പുസ്തകം 4)　　　　(ലക്കം 4

1124 മീനം

# വിദ്യാഭിവർദ്ധിനി.

സരസ്വതി! നമസ്തുഭ്യം വരദേ! കാമരൂപിണി!
വിദ്യാരംഭം കരിഷ്യാമി സിദ്ധിർഭവതു മേ സദാ.

| പുസ്തകം ൮ | ൧൧൨൮ മീനം | ലക്കം ൮ |
|---|---|---|


## ഗാന്ധി സൂക്തങ്ങൾ.

---

സ്വർണ്ണച്ചങ്ങലകൾ ഇരുമ്പുചങ്ങലകളേക്കാൾ കഷ്ടമാണു്. സ്വർണ്ണത്തിലുള്ള അടിമച്ചങ്ങലകൾ, ആത്മാഭിമാനമുള്ള ഒരുവനു് ഇരുമ്പുചങ്ങലകളേക്കാൾ ഒട്ടും പരിഹാസ്യം കുറഞ്ഞതായിരിക്കുന്നില്ല. ഒരടിമ തൻെറ ചങ്ങലയിൽ അഭിമാനംകൊണ്ടു് വിലയേറിയ ആഭരണംപോലെ അതു അണിയുമ്പോൾ അടിമയുടെ ഉടയൻെറ വിജയം സമ്പൂർണ്ണമായിത്തീരുന്നു.

* * * * *

സൽഭരണം സ്വയംഭരണത്തിനു പകരമുള്ള ഭരണമായിരിക്കുന്നില്ല. ഒരു രാഷ്ട്രത്തിൻെറ മുഴുവൻ രക്തരഹിതമായ എതിർപ്പിനെ തടുത്തുനില്ക്കുവാൻ സാധിക്കുന്നതല്ല. ജനങ്ങളുടെ ഇച്ഛയിലും സമ്മതത്തിലും അധിഷ്ഠിതമായിരിക്കുന്നിടത്തോളം കാലമെ ഗവണ്മെൻറു് സേവനത്തിനുള്ള ഒരു യന്ത്രമായിരിക്കുകയുള്ളു.

* * * * *

ദുർബ്ബലരെ ശക്തിപ്പെടുത്താൻ സ്നേഹമാണാവശ്യം. ജീവിതത്തിൻെറ നിയമം സ്നേഹമല്ലായിരുന്നുവെങ്കിൽ മരണത്തിനിടയിൽ ജീവിതം ശേഷിക്കുമായിരുന്നില്ല.

* * * * *

സ്വയം വരിച്ച സംയമം നിർബ്ബന്ധമല്ല. കടിഞ്ഞാണില്ലാത്ത സുഖലോലുപൻ വികാരങ്ങളുടെ അടിമയായിത്തീരും. സംയമിക്കുള്ളതാണു് മോക്ഷം.

* * * * *

നാം ശരീരത്തോടുകൂടി ജീവിക്കുമ്പോൾ സമ്പൂർണ്ണമായ അഹിംസ സാദ്ധ്യമല്ല. എന്തെന്നാൽ നമുക്കു സ്ഥിതിചെയ്യുന്നതിനു കുറച്ചുസ്ഥലമെങ്കിലും ആവശ്യമായിരിക്കും. എങ്കിലും ആദർശപരമായ പൂർണ്ണ അഹിംസയിലെത്താൻ നാം നിരന്തരം യത്നിക്കേണ്ടതാണു്.

* * * * *

രോഗശയ്യയിൽ കിടന്നു മരിക്കുവാനല്ല, പടനിലത്തിൽ വച്ചു മരിക്കുവാനാണു് യോദ്ധാവു് ഇഷ്ടപ്പെടുന്നതു്.

* * * * *

ജനനമരണങ്ങൾ രണ്ടവസ്ഥകളല്ല. ഒരേ ഒരു അവസ്ഥയുടെ രണ്ടുവശങ്ങൾമാത്രമാണു്. ഒന്നിൽ സന്തോഷിക്കുവാനോ മറെറാന്നിൽ ദുഃഖിക്കുവാനോ യാതൊന്നുമി[illegible]

* * * * *

# ശ്രീമതി സരോജിനിദേവി.

**ഇൻഡ്യൻ രാഷ്ട്രീയമണ്ഡലത്തിലെ ഉജ്ജ്വലതാരമായ ശ്രീമതി സരോജിനിദേവി നിര്യാതയായി എന്നു മാർച്ച് രണ്ടാം തീയതി പ്രഭാതത്തിൽ അഖിലേൻഡ്യാ റേഡിയോ പ്രക്ഷേപണം ചെയ്ത ശോകജനകമായ വാർത്ത ലോകം നിറഞ്ഞ കണ്ണുകളോടെ ശ്രവിച്ചു.**

> എന്റെ പ്രിയസഹോദരി, എന്റെ പ്രിയസുഹൃത്ത്, ചെല്ലുന്നിടത്തെല്ലാം സമാധാനസൗഹാർദ്ദങ്ങൾ വഹിച്ചുകൊണ്ടുപോയ ഒരു പ്രിയ സഹപ്രവർത്തക, ലോകത്തിലാരോടും വാദിക്കാനും ആരെയും പരാജയപ്പെടുത്താനും കഴിഞ്ഞ പ്രതിഭാശാലിനി നമ്മെ എന്നെന്നേക്കുമായി കൈവെടിഞ്ഞിരിക്കുന്നു. എന്നാൽ നാമതിൽ വ്യസനിക്കുകയല്ല വേണ്ടതു്. അവരുടെ സമ്പർക്കം ലഭിച്ചതിനുള്ള അർഹത നേടുകയാണു്.
>
> രാജഗോപാലാചാരി.

ഒരു ശാസ്ത്രജ്ഞനും വിദ്യാഭ്യാസപ്രവർത്തകനുമായ ഡോ: അഘോരനാഥ ചതോപാധ്യായയുടെയും ഒരു ബങ്കാളി കവയിത്രിയായ ശ്രീമതി വരദസുന്ദരീദേവിയുടെയും പുത്രിയായി ൧൮൭൯ ഫെബ്രുവരി ൧൩-ാം തീയതി ശ്രീമതി സരോജിനി ഭൂജാതയായി. പന്ത്രണ്ടാമത്തെ വയസ്സിൽതന്നെ സരോജിനി മെട്രിക്കുലേഷൻപരീക്ഷയിൽ ജയിച്ചു. പതിനാറാമത്തെ വയസ്സിൽ ഉപരിപഠനാർത്ഥം ഇംഗ്ലണ്ടിലേക്കു പുറപ്പെട്ടു. നൈസാം ഗവമ്മെൻറിൽ നിന്നും പ്രതിവർഷം ൩൦൦ പവൻ വേതനവും ലഭിച്ചിരുന്നു. കലാശാലാജീവിതത്തിൽ വിരക്തിതോന്നുകയാൽ പഠനം മതിയാക്കി ൧൮൯൮-ൽ സരോജിനി ഇൻഡ്യയിൽ മടങ്ങിഎത്തി. ഇംഗ്ലണ്ടിൽ നിന്നും മടങ്ങി എത്തിയഉടനെ ഒരു അബ്രാഹ്മണനും നൈസാമിന്റെ പ്രധാന മെഡിക്കൽ ആഫീസറുമായിരുന്ന ഡോ: എം. ജി. നായിഡുവുമായി വിവാഹബന്ധത്തിൽ ഏർപ്പെട്ടു. ഒരു അബ്രാഹ്മണനുമായുള്ള വിവാഹബന്ധം സമുദായലോകത്തിൽ വലിയ കോളിളക്കമുണ്ടാക്കി.

കേവലം ൧൩-ാമത്തെവയസ്സിൽ തന്നെ സരോജിനിക്കു ഇംഗ്ലീഷുകവിതകൾ എഴുതാൻ കഴിഞ്ഞിരുന്നു. 'ദി ലേഡി ഓഫ് ദി ലേക്ക്' എന്ന ഒരു കവിതയും ൨൦൦൦ വരികളുള്ള ഒരു നാടകവുമായിരുന്നു അവരുടെ ആദ്യകൃതികൾ. ഇംഗ്ലണ്ടിൽനിന്നും മടങ്ങിയെത്തിയശേഷം പ്രസിദ്ധരായ ആംഗലകവികളുടെ പ്രശംസയ്ക്കു പാത്രമായ പല കവിതകളും രചിക്കുകയും ഭാരതത്തിലെ 'പൂംകുയിൽ' എന്ന അപരനാമം സമാർജ്ജിക്കയും ചെയ്തു. പ്രശാന്തമായ ഗാർഹികജീവിതം വിപ്ലവബുദ്ധിയായ സരോജിനിക്കു തീരെ ഇഷ്ടപ്പെ

> സരോജിനിദേവിയുടെ ശക്തി നിലച്ചുപോയി. എങ്കിലും അപ്രതിഹതമായ ചൈതന്യം ഉയർന്നതന്നെ നിലകൊള്ളുന്നുണ്ടു്. നാട്ടുകാരേ, അവർ കൊളുത്തിയദീപം ഉയർത്തിപ്പിടിക്കാനുള്ള കഴിവു നിങ്ങൾക്കുണ്ടോ? അവർ ആദർശലോകത്തിൽ ചരിക്കയും നല്ല പാട്ടുകൾ പാടുകയും മഹൽകാര്യങ്ങൾക്കുവേണ്ടി പൊരുതുകയും ചെയ്തു. എന്നും അവരിൽ ജീവിതം മുററിനിന്നിരുന്നു. ൭൦ കൊല്ലം സമ്പൂർണ്ണവും, ചലനാത്മകവുമായ ജീവിതമാണു് അവർ നയിച്ചതു്. തൊട്ടതെല്ലാം അവർ മഹത്താക്കി. സരോജിനിദേവി 'സർവ്വപ്രിയ'യായിരുന്നു. നൈമിഷികമായ വികാരങ്ങളും വെറുപ്പുകളുമൊന്നും അവരെ സഹിഷ്ണുതയിൽ നിന്നു ചലിപ്പിച്ചില്ല. വിവിധസംസ്കാരങ്ങളുടെ ഒരു പ്രതിരൂപമാണവർ.
>
> പണ്ഡിററ് നെഹറു.

> മഹത്തായ വളരെയധികം ഗുണങ്ങൾ അവരിൽ ഒത്തുചേർന്നിരുന്നു. ഒരു രാജ്യതന്ത്രജ്ഞ, ഒരു മനുഷ്യസ്നേഹി, ഒരു വാഗ്മി, തൻെറ സ്വന്തം ഭാഷയിലും ഇംഗ്ലീഷിലും പേരെടുത്ത ഒരു എഴുത്തുകാരി എന്നിവ അവരുടെ യോഗ്യതകളിൽ ചിലതാണ്. എന്നാൽ ഇവയിൽ എല്ലാററിലും മികച്ചുനില്ക്കുന്നതു് അവരുടെ വാഗ്മിത്വമാണെന്നു ഞാൻ കരുതുന്നു.
>
> പെത്തിക്‌ലാറൻസ്.

ട്ടില്ല. സരോജിനിയുടെ ശ്രദ്ധ ഇൻഡ്യൻ സ്വാതന്ത്ര്യസമരത്തിലേക്ക ആകർഷിക്കപ്പെട്ടു കഴിഞ്ഞിരുന്നു. ശ്രീ ഗോപാലകൃഷ്ണഗോഖലേ സരോജിനിയുടെ ജീവിതാദർശങ്ങളിൽ ആരംഭകാലത്തു അത്യധികമായ സ്വാധീനശക്തി ചെലുത്തിയ ഒരു മഹാപുരുഷനാണ്. ൧൯൧൬-ൽ ലക്നോവിൽവച്ചു കൂടിയ മുസ്ലിംലീഗ് സമ്മേളനത്തിൽ ഹിന്ദുമുസ്ലിം മൈത്രിക്കുവേണ്ടി സരോജിനി ശക്തിയായ ആഹ്വാനം നൽകി. ചുരുക്കിപ്പറഞ്ഞാൽ മഹാത്മജിയുടെ നിസ്സഹകരണപ്രസ്ഥാനം മുതൽ ശ്രീമതി സരോജിനിയുടെ ജീവചരിത്രം ഇൻഡ്യൻ സ്വാതന്ത്ര്യസമരമായി സാത്മ്യം പ്രാപിച്ചു ഒന്നാണ്. നിസ്സഹകരണപ്രസ്ഥാനം മുതൽ ക്വിററ് ഇൻഡ്യാസമരകാലംവരെ സുദീർഘമായ ഇൻഡ്യൻസ്വാതന്ത്ര്യസമരകാലത്തു പലതവണയും ആ 'പൂങ്കുയിലി'നെ ബ്രിട്ടീഷധികൃതന്മാർ കൂട്ടിലടച്ചിട്ടുണ്ട്. ൧൯൨൫-ൽ ഇൻഡ്യൻ നാഷനൽ കാൺഗ്രസ്സിൻെറ പ്രസിഡൻറായി ശ്രീമതി സരോജിനിദേവി തിരഞ്ഞെടുക്കപ്പെട്ടു. അതിനുശേഷം വളരെക്കാലം കാൺഗ്രസ്സ് പ്രവർത്തകസമിതിയിലെ ഒരംഗമായി അവർ തുടർന്നുപോന്നു. ഭാരതം സ്വതന്ത്രമായപ്പോൾ ഒരു പ്രധാന സംസ്ഥാനത്തിലെ ഗവർണ്ണരായി അവർ നിയമിതയായി. ഔദ്യോഗികജീവിതത്തിലും അവർ അവരുടെ ഭരണപാടവം ഇതിനകം പ്രത്യക്ഷപ്പെടുത്തി. സകലരുടെയും സ്നേഹാദരങ്ങൾക്കും പാത്രമായിട്ടുണ്ട്. ലോകത്തിൽ മറെറാരുഭാഗത്തും ഒരു വനിതാഗവർണ്ണർ ഇല്ലെന്നുള്ളതു പ്രത്യേകം സ്മരണീയമാണ്.

> "രണ്ടു കൊല്ലങ്ങൾക്കുമുൻപ് ദാദാബായി നവറോജിയുടെ അദ്ധ്യക്ഷതയിൽകൂടിയ ഒരു കോൺഗ്രസ്സുസമ്മേളനത്തിൽ വച്ചു സരോജിനിനായിഡുചെയ്ത പ്രസംഗമാണ് എൻെറ വിദ്യാർത്ഥിദശയിൽ എൻെറമേൽ ഏററവും വലിയ സ്വാധീനത ചെലുത്തിയ ശക്തികളിൽ ഒന്ന്. കവിതയും വാഗ്വൈഭവവും രാഷ്ട്രീയപ്രതിഭയും കൊണ്ടു് അവർ ലോകത്തിൽ ഇൻഡ്യയെപ്പററിയുള്ള മതിപ്പിനെ ഉയർത്തി. ബഹുജനങ്ങളെ ആവേശഭരിതരാക്കുവാൻ അവൾക്കു അനിതരസാധാരണമായ ഒരു ശക്തിയാണുണ്ടായിരുന്നതു്."
>
> രാജൻബാബു.

സ്വാതന്ത്ര്യസമരത്തിനു നേതൃത്വംകൊടുത്ത ഒരു വീരയോദ്ധാവ്. ശ്രോതാക്കളെ രോമാഞ്ചപുളകിതരാക്കുന്ന ഉജ്ജ്വലപ്രാസംഗിക, സുപ്രസിദ്ധയായ കവയിത്രി, കറകളഞ്ഞ ഒരു ദേശഭക്ത, മികച്ച ഒരു ഭരണകർത്രി എന്നിങ്ങനെ വിവിധനിലകളിൽ പ്രസിദ്ധയായ ശ്രീമതി സരോജിനിനായിഡുവിൻെറ നിര്യാണം ഭാരതത്തിനു മാത്രമല്ല ലോകത്തിനുതന്നെ ഒരു തീരാനഷ്ടമാണ്. ശ്രീമതി സരോജിനിദേവിയുടെ കവിതയും ജീവിതശുദ്ധിയുംസമരചരിത്രവും അക്ഷയഭാസ്സോടുകൂടി എന്നും വിജയിക്കതന്നെ ചെയ്യും.

> "ഇൻഡ്യയിലെ സ്ത്രീകളുടെ ഉഗ്രനിഷ്ഠയുടെയും ദൃഢവ്രതശീലത്തിൻെറയും പ്രതിരൂപമായിരുന്നു സരോജിനി."
>
> സർദാർപട്ടേൽ

# കണ്ണുനീർ പൊഴിച്ചീടാം

(എസ്. കെ പെരിനാട്ട്.)

(കേക)

ത്യാഗത്തിൻ ഹൃദയത്തിൽ
ചെന്നിണമൊഴുക്കിയോ-
രാഗസ്റ്റിൻ പിന്നിൽക്കൂടി
വർഷമൊന്നിഴഞ്ഞുപോയ്,
വീണ്ടുമിങ്ങണയുന്നു
ഭാരത സ്വാതന്ത്ര്യത്തെ
വീണ്ടെടുത്തൊരു പുണ്യ-
ജ്യോതിസ്സിൻ വിയോഗം ഹാ!

* * *

"ശ്രീമതി സരോജിനീ"
ദേവിയപ്പരിശുദ്ധ-
ധാമത്തിൽ വിഹരിച്ച
നിസ്തുലസംസ്കാരമേ!
എങ്ങുപോയ്ച്ചേർന്നീടും നീ-
യിനിമേൽ വിശ്വത്തിന്നു
മംഗളം വിതയ്ക്കുന്ന
മാർഗ്ഗങ്ങൾ തെളിക്കുവാൻ

* * *

നെടുനാൾ സൂക്ഷിക്കയി-
ല്ലീദൃശമക്ഷയ്യാഭ
തടവും രത്നങ്ങളെ
നിയതി ധരിത്രിയിൽ
മർത്ത്യന്റെ വിദഗ്ദ്ധമാം
വിജ്ഞാനം കുറിക്കുന്ന
മൃത്യുവിൻ വ്യാഖ്യാനങ്ങ-
ളെത്രയോ വിദൂരങ്ങൾ.

അരനൂററാണ്ടിൻ മുന്നി-
ലാർഷഭൂമിയിൽ സ്ത്രീത്വ-
പരിപൂർത്തിക്കായവ-
തീർണ്ണയാം മഹാഭാഗേ!
സ്നേഹവും സൌന്ദര്യവു-
മദ്ധ്യാത്മചൈതന്യത്തി-
ലാഹന്ത! ലയിപ്പിച്ച
രാഷ്ട്രനായികേ! ദേവി!!
ആരുവാനുപദേശി-
ച്ചാത്മയാതനാമന്ത്രം
പാരതന്ത്ര്യത്തെപ്പൊട്ടി-
ച്ചീടിന മഹാമന്ത്രം;
അ"മ്മഹാത്മാ"വാം ഗുരു-
വിന്റെ സാന്നിദ്ധ്യം കൂടാ-
തിമ്മഹീതലവാസം
ധന്യമല്ലെന്നോ തവ.
കൃതകൃത്യയാം പക്ഷേ
ഭവതി ലോകത്തിന്നു
മതിയായില്ലല്ലോ നിൻ
സേവനം മഹനീയം
ഗതിയില്ലാതിങ്ങെത്ര
പ്രശ്നങ്ങൾ ഭരണത്തിൻ
ഗതിയിലുഴന്നീടാം,
കണ്ണുനീർ പൊഴിച്ചീടാം.

---

# വരിസംഖ്യ.

ഇനിയും വരിസംഖ്യ അടയ്ക്കാതെ കുടിശ്ശിക വരുത്തിയിട്ടുള്ളവർ അവരവരുടെ കണക്കുകൾ പരിശോധിച്ച് ബാക്കി അടയ്ക്കേണ്ട തുക ഉടനെ അയച്ചുതന്നു ഞങ്ങളെ സഹായിക്കണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു.

വരിസംഖ്യ യഥാകാലം അടയ്ക്കാതെയിരുന്നാൽ മാസികാപ്രവർത്തകർക്ക് ഉണ്ടായേക്കാവുന്ന വിഷമതകളെപ്പററി ദയവായി ചിന്തിച്ചു പ്രവർത്തിക്കുമെന്നു വിശ്വസിക്കുന്നു.

മാനേജർ.

# മഹാകവി പള്ളത്തിന്റെ കൃതികൾ.

(ഒരു അവലോകനം.)

(നാലാങ്കൽ കൃഷ്ണപിള്ള)

ഒരു കവിയുടെ കൃതികളെല്ലാം ചേൎത്തു ഒന്നോ രണ്ടോ വാല്യങ്ങളായി പ്രസിദ്ധീകരിക്കുക എന്ന സമ്പ്രദായം മലയാളത്തിൽ നടപ്പിലായിട്ടു് അധികം കാലമായിട്ടില്ല. ഇതരഭാഷകളിൽ പ്രചുരപ്രചാരമായ ഒരു പ്രസ്ഥാനമാണു് ഇതു്. ഇംഗ്ലീഷ്, ഫ്രഞ്ച്, റഷ്യൻ മുതലായ ഭാഷകളിൽ ഇത്തരത്തിലുള്ള സമ്പൂൎണ്ണകൃതികളുടെ (Complete works) പ്രസാധനം പുത്തരിയല്ല. ഉദാഹരണത്തിനു് ഇംഗ്ലീഷിൽ, ഷേക്സ്പിയർ, മിൽട്ടൺ, വേഡ്സ്വേർത്ത്, ഷെല്ലി, ബൈറൺ, കീററ്സ് മുതലായവരുടെ പദ്യകൃതികളെല്ലാം ഒരു വാല്യത്തിലടക്കം ചെയ്തു പ്രസിദ്ധീകൃതങ്ങളായിട്ടുണ്ടു്. മലയാളത്തിൽ, ആട്ടക്കഥകൾ, നമ്പ്യാരുടെ തുള്ളക്കഥകൾ ഇവ ഈ രൂപത്തിൽ എസ്സ്. ററി. റെഡ്ഡ്യാർ പ്രഭൃതികൾ സാഹിത്യലോകത്തിനു വളരെ മുൻപേ സമൎപ്പിച്ചിട്ടുണ്ടു്. വെണ്മണി, കുഞ്ഞിക്കുട്ടൻ തമ്പുരാൻ, ഒട്ടുവിൽ മുതലായവരുടെ ഖണ്ഡകൃതികൾ, പല ചെറുവാല്യങ്ങളിലായി ശ്രീ: കൃഷ്ണവാര്യരുടെ ഉത്സാഹത്താൽ പ്രകാശിതങ്ങളായിട്ടുണ്ടു്. എന്നാൽ ബൃഹത്വാല്യങ്ങളിലായി മലയാളത്തിൽ ആദ്യം അവതരിച്ചതു് കുമാരനാശാന്റെ കൃതികളാണു്. മിസിസ്സ് ആശാൻതന്നെയാണു് ഇതിനു ഹേതുഭൂത. അടുത്തകാലത്തു് ചങ്ങമ്പുഴയുടെ ഉത്സാഹത്തിൽ, ഇടപ്പള്ളി രാഘവൻപിള്ളയുടെ കൃതികളും ഒരു പുസ്തകത്തിലാക്കി മംഗളോദയക്കാർ പ്രസിദ്ധീകരിച്ചിട്ടുണ്ടു്. കേരളത്തിലെ കേളികേട്ട പ്രസാധകന്മാരായ എസ്സ്. ററി. റെഡ്ഡ്യാർ ആഡ് സൺസിന്റെ പരിശ്രമത്താൽ, ഇപ്പോൾ ഇതാ മഹാകവി പള്ളത്തിന്റെ പദ്യകൃതികളും രണ്ടു വാല്യങ്ങളിലായി, സാഹിതീഭക്തന്മാരുടെ ഭാഗ്യവിശേഷത്താൽ പുറത്തായിരിക്കുന്നു.

ഒരു കവിയുടെ കൃതികളെല്ലാംകൂടി ഒന്നോ രണ്ടോ പുസ്തകങ്ങളിലാക്കി പ്രസിദ്ധീകരിക്കുന്നതു് വായനക്കാൎക്കും ഗ്രന്ഥശാലക്കാൎക്കും വലിയൊരനുഗ്രഹമാണെന്നു് എടുത്തു പറയേണ്ടതില്ലല്ലോ. ഒരു കവിയുടെതന്നെ, മുപ്പതോ, അമ്പതോ വൎഷം വരുന്ന പത്തുമുപ്പതു കൃതികൾ കേടുപാടുതട്ടാതെയും, കൈമോശം വരാതെയും സൂക്ഷിക്കുക വിഷമമാണു്. പെട്ടന്നൊരാവശ്യത്തിലേക്കു്, അതിലൊരു പുസ്തകം കണ്ടുപിടിക്കേണ്ടിവന്നാൽ, ചിലപ്പോൾ വളരെ സമയം കളയേണ്ടതായും വരും. പുസ്തകങ്ങൾ പല മുദ്രണാലയക്കാർ അടിച്ചതാണെങ്കിൽ, ഐകരൂപ്യവും കണ്ടില്ലെന്നുവരാം. ചില പുസ്തകങ്ങളുടെ പതിപ്പുകൾ വിലയ്ക്കു കിട്ടാനും വിഷമം നേരിട്ടേക്കാം. ഇവയ്ക്കെല്ലാം പുറമേ, ഒരു കവിയുടെ വളൎച്ച മനസ്സിലാക്കാൻ അയാളെപ്പററി നിഷ്കൃഷ്ടമായ ഒരു പഠനം നടത്താൻ ഇങ്ങനെയുള്ള സമ്പൂൎണ്ണകൃതികൾ (Complet- works) പ്രയോജകീഭവിക്കുന്നു. എന്നാൽ ഇതിനുള്ള വൈഷമ്യങ്ങളും നാം മനസ്സിലാക്കണം. പണച്ചിലവും ബുദ്ധിമുട്ടും വളരെയുണ്ടു്. ഉടനടി ലാഭമൊന്നും കിട്ടിയില്ലെന്നു വരാം. സാഹിത്യത്തിനുവേണ്ടി നടത്തുന്ന ഒരു ത്യാഗമാണിതു്. അതിനാലായിരിക്കാം പല മുദ്രണാലയക്കാരും പ്രസാധകന്മാരും ഇതിനു മടിക്കുന്നതു്. മഹാകവി പള്ളത്തിന്റെ സമ്പൂൎണ്ണകൃതികൾ, ഇപ്പോൾ എസ്സ്. ററി. റെഡ്ഡ്യാർ & സൺസ് പ്രസാധനം ചെയ്തതു് വളരെ സമീചീനമായിട്ടുണ്ടു്.

ശ്രീ. പള്ളത്തു് പതിനഞ്ചുവയസ്സു മുതൽ അമ്പതു വയസ്സുവരെ, പലപ്പോഴായി രചി

ച്ചിട്ടുള്ള കവിതകളാണു് ഈ രണ്ടു വാല്യങ്ങളിൽ നാം കാണുന്നതു്. നെടിയൊരു കാലഘട്ടംതന്നെ വിവിധവിഷയങ്ങളെപ്പററി വിവിധസന്ദർഭങ്ങളിൽ എഴുതിയിട്ടുള്ളവയത്രെ ഈ കൃതികൾ. യൗവ്വനത്തിലേക്കു കാൽകുത്തുന്ന ഒരാളുടേയും, മുഗ്ദ്ധനായ ഒരു യുവാവിൻേറയും, താരുണ്യത്തോടു വിടവാങ്ങുന്ന ഒരാളിൻേറയും ചിത്രങ്ങളാണു് ഈ കാലഘട്ടം നമ്മെ അനുസ്മരിപ്പിക്കുന്നതു്. ഈ ചിന്താഗതിയിൽ ഒരു വിടവു് ഈ കൃതികൾ വായിച്ചാൽ അനുഭവപ്പെടും. അതു്, അമ്പതാംവയസ്സിലും ശ്രീ: രാമനിൽക്കാണുന്ന യുവചൈതന്യത്തിൻേറ അലതല്ലലും, വിപ്ലവാസക്തിയും, പുരോഗമനാഭിവാഞ്ഛയുമത്രേ. അവതാരികാകാരൻ പറയുംപോലെ പള്ളത്തിനു ചില വിശദമായ ലക്ഷ്യങ്ങളുണ്ടു്. ആ ലക്ഷ്യങ്ങൾ ഉന്നിക്കൊണ്ടാണു് അദ്ദേഹം തൂലികയെടുത്തിട്ടുള്ളതു്. ലക്ഷ്യലഗാനമില്ലാതുള്ള തരത്തിലുള്ള കവിതകളല്ല അദ്ദേഹത്തിൻേറതു്. ഈ തത്വം ഈ രണ്ടു ഗ്രന്ഥത്തിലുമുള്ള കവിതകൾ ഓരോന്നും ഉദീരണംചെയ്യുന്നതായി ഗ്രന്ഥംവായിച്ചുതീരുമ്പോൾ നമുക്കു് ഒരു ബോധംജനിക്കുന്നു.

വാസന, അഭ്യാസം, പാണ്ഡിത്യം എന്നിങ്ങനെ ഒരു ഉത്തമകവിക്കുണ്ടായിരിക്കേണ്ട അംശങ്ങളെല്ലാം പള്ളത്തിനു് സിദ്ധമായിട്ടുണ്ടു്. ആരംഭകാലം മുതൽക്കേ, അദ്ദേഹം ഒരു നല്ല വാസനാകവി എന്ന പ്രശസ്തി സമ്പാദിച്ചു. അനന്തരം വി. സി. ബാലകൃഷ്ണപ്പണിക്കർ, കുഞ്ഞിക്കുട്ടൻ തമ്പുരാൻ മുതലായ അനുഗൃഹീതകവികളുമായി സമ്പർക്കം പാലിക്കാൻ അദ്ദേഹത്തിനു ഭാഗ്യം ലഭിച്ചു. ഇങ്ങനെ വെണ്മണിയുടേയും തമ്പുരാൻേറയും ലളിതകോമളമായ ശൈലി പള്ളത്തിനു കിട്ടി. പ്രാചീനാചാര്യന്മാർ രീതിക്കു് വളരെ പ്രാധാന്യം നൽകിയിരുന്നു. "രീതിരാത്മാ കാവ്യസ്യ" എന്നുവരെ പോയിട്ടുണ്ടു്. ഏതു കാവ്യത്തിൻേറയും ഉൽക്കർഷത്തിനു് ഉരകല്ലു് രീതിയാണെന്നുപോലും വാമനൻ പറഞ്ഞിട്ടുണ്ടു്. പാശ്ചാത്യ നിരൂപകന്മാർ ഈ രീതിക്കു് "സ്റ്റൈൽ" എന്നു പറയുന്നു. "Style is the man" എന്നു പറയപ്പെടുന്നു. സ്റ്റൈലിനു് പാശ്ചാത്യർ വിധിച്ചിട്ടുള്ള ഗുണങ്ങൾ മൂന്നാണു്—പ്രസാദം (Clearmen) ഓജസ്സ്, (Force), മാധുര്യം (Beauty) സ്വതസ്സിദ്ധമായ വാസന, നല്ല കവികളുമായുള്ള അടുപ്പം, വളരെക്കാലം മലയാളഭാഷ കലാശാലയിൽ പഠിപ്പിക്കാൻ ലഭിച്ച ഭാഗ്യം, ഉത്തമഗ്രന്ഥങ്ങളുടെ പാരായണം ഇവമൂലം പള്ളത്തിനു് മേൽപ്പറഞ്ഞ ഗുണങ്ങളിണങ്ങിയ ഒരു രചനാരീതി സ്വായത്തമായി. ഈ രണ്ടു വാല്യങ്ങളിലെ ഏതൊരു കവിതയും ഈ തത്വത്തെ ഉദാഹരിക്കുന്നു.

1 "വാനമ്പാടി, വിഹംഗവീര, കുതുകം-
പൂണ്ടെന്നെയും കൊണ്ടുനീ
മാനത്തേക്കു മനോജ്ഞഗായകമണേ,
മന്ദം പറന്നീടെടോ!
ഗാനത്തിന്നതിനുണ്ടുശക്തി! നിയതാ-
നന്ദം നിനക്കേകുമാ-
സ്ഥാനം കണ്ടണയുംവരെയ്ക്കു വഴിമേ,
കാട്ടിസ്സഹായിക്ക നീ. (വാനമ്പാടി)

2 തുംഗാനന്ദം തുളുമ്പുംപടിതുഹിനകരൻ
തൂകിടും തൂനിലാവും
ഗംഗാകല്ലോലമാലാ പുളകിത നളിന-
പ്പൂമണം പൂണ്ട കാററും,
ശൃംഗാരംകൈവരുത്തി സ്മരസിജശരനെ
സ്സൽക്കരിക്കുന്ന നേര-
ത്തംഗാരാക്ഷൻേറ മെയ്യിൽഗിരി
സുതയെറിയും കണ്ണു കാമം തരട്ടെ."
(ചെന്തളിരുകൾ)

മേൽകാണിച്ചിരിക്കുന്ന ശ്ലോകങ്ങൾ മനോഹരമായ വിധത്തിൽ മണിപ്രവാളശ്ലോകങ്ങൾ എഴുതാൻ പള്ളത്തിനുള്ള പാടവം തെളിയിക്കുന്നുണ്ടല്ലോ. വാനമ്പാടി എന്നതു് വേഡ്സ്വർത്തിൻേറ ഒരു കവിതയുടെ (To a skylark) ആശയാനുവാദമാണു്. രണ്ടാമത്തേതു് അന്നത്തെ രീതിയിലുള്ള ഒരു മംഗളശ്ലോകവും. അയത്നലളിതമായി, പ്രാസംവെച്ചു് ശ്ലോകം തീർത്താൽ

കവിതയായി എണ്ണപ്പെടുന്ന ആ കാലം ഇന്നുകഴിഞ്ഞു. എങ്കിലും രൂപശില്പത്തിനുള്ള പ്രാധാന്യം നമുക്കു വിസ്മരിക്കവയ്യ. ഒരു സാഹിത്യകാരൻെറ വ്യക്തിവൈഭവത്തെപ്പററി പറയുമ്പോൾ, അയാളുടെ പ്രതിപാദനരീതിയെപ്പററി ഓർമ്മിക്കാതിരിക്കാൻ സാദ്ധ്യമല്ല. ചില വരികൾ കണ്ടാൽ, അവ എഴുതിയതു് ഇന്നാരായിരിക്കുമെന്നു പറയാൻ കഴിയും. പള്ളത്തിൻെറ ആദ്യകാലകവിതകളിൽ വലിയ കലാഭംഗിയൊന്നും ചിലടത്തു കണ്ടില്ലെന്നു വരാം. പക്ഷെ അദ്ദേഹത്തിൻെറ കവനശൈലി കുറയററതെന്നുതന്നെ പറയാം. അതിനാലത്രേ, ദീർഘദൃഷ്ടിയോടെ കേരളവർമ്മ വലിയകോയിത്തമ്പുരാൻ, വള്ളത്തോളിനേയും ഉള്ളൂരിനേയുംപോലെ ഒരു കാലത്തു് പള്ളത്തും കാവ്യലോകത്തിൽ മുന്നണിയിൽ വരുമെന്നു പറഞ്ഞതു്.

ഇങ്ങനെ, മനോഹരമായ കാവ്യശൈലിമൂലമാണു് ആദ്യം പള്ളത്തു്, സാഹിത്യലോകത്തിൻെറ ശ്രദ്ധയെ ആകർഷിച്ചതു്. ആദ്യകാലത്തെ കവിതകളിൽ, വലിയ ആശയവൈചിത്ര്യങ്ങളോ, ചിന്താസുന്ദരങ്ങളായ ഭാഗങ്ങളോ പ്രേക്ഷകർ കണ്ടില്ലെന്നു വരാം. അക്കാലത്തെ മററു കവികളുടെ രീതി അദ്ദേഹവും തുടർന്നു. വിഷയം, പ്രതിപാദനരീതി ഇവയിലൊന്നും വലിയ പുതുമകാണിച്ചിരുന്നില്ല. അനന്തരം അദ്ദേഹം ഭാവഗീതങ്ങളിലേക്കു് (Lyrics) തൻെറ ശ്രദ്ധയെ തിരിച്ചുവിട്ടു. വേഡ്സ്വത്ത്, ഷെല്ലി, കീററ്സ് മുതലായ ആംഗലകവിശ്രേഷ്ഠന്മാരുടെ കാലടികൾ അദ്ദേഹം തുടർന്നു. പള്ളത്തിനെ വളരെ ആകർഷിച്ചിരുന്ന ഒരു കവിയാണു് വേഡ്സ്വർത്ത്. വേഡ്സ്വത്തിൻെറ പല ലഘുകൃതികളും അദ്ദേഹം തർജ്ജമകളായും ആശയാനുവാദങ്ങളായും ഭാഷയ്ക്കു കാഴ്ചവെച്ചു. ലിറിക്ക്സിനു വേണ്ട രണ്ടുവിശിഷ്ടഗുണങ്ങൾ വികാരവും ഭാവനയുമാണു്. ഈ രണ്ടു് അംശങ്ങളിലും പള്ളത്തിൻെറ കവിതകൾ മുന്നിട്ടു നിക്കുന്നുണ്ടു്. ഈ രണ്ടു വാല്യങ്ങളിലെ ഏതു കവിത വായിച്ചാലും ഈ തത്വം വെളിവാകുന്നതത്രേ. കുമാരനാശാൻെറയും, ജി. ശങ്കരക്കുറുപ്പിൻെറയും കവിതകളുമായി തുലനം ചെയ്യുമ്പോൾ, പള്ളത്തിൻെറ കൃതികളിൽ വിചാരാംശം കുറവാണെന്നു് നിരൂപകക്കു് തോന്നും. പക്ഷെ അനുവാചകരെ ആവേശം കൊള്ളിക്കുന്നതിനു്, പള്ളത്തിനുള്ള കഴിവു് അന്യാദൃശമത്രേ. ഈ അംശത്തിൽ, വായനക്കാരെ വികാരാവേശരാക്കുന്നതിൽ, ഇന്നുള്ള കവികളിൽ പള്ളത്തിനെ അതിലംഘിച്ചിട്ടുള്ളവർ ആരുംതന്നെ കാണുമോ എന്നു് സംശയിക്കേണ്ടിയിരിക്കുന്നു.

നമ്മുടെ പദ്യസാഹിത്യത്തിൽ ഒരു സാമൂഹ്യവിപ്ലവകാരി എന്ന നിലയിൽ പള്ളത്തിനുള്ള സ്ഥാനം അദ്വിതീയമാണു്. പുരോഗമനസാഹിത്യത്തിൻെറ തമ്പേറു് ഇന്നു് പലരും അടിക്കുന്നുണ്ടല്ലോ. അതിനെല്ലാം എത്രയോ മുൻപു് പള്ളത്തു് ഒന്നാംതരം പുരോഗമനകവിതകൾ എഴുതിയിട്ടുണ്ടു്. ഈ വസ്തുത ഇന്നു പലരും വിസ്മരിക്കുന്നു. പുരോഗമനസാഹിത്യപരങ്ങളായ കവിതകൾ ആദ്യം ഭാഷയിൽ നിർമ്മിച്ചതു് ആശാനാണെന്നു തോന്നുന്നു. എന്നാൽ പള്ളത്താകട്ടെ, ആശാൻ വെട്ടിത്തുറന്ന ആ പാതയിലൂടെ ബഹുദൂരം സഞ്ചരിച്ചു്, ആശാനേപ്പോലും ആ അംശത്തിൽ അധഃകരിച്ചു എന്നുതന്നെ പറയാം. ഉറങ്ങിക്കിടന്ന കേരളീയരെ അദ്ദേഹം വിപ്ലവകാരിത്വം കൊള്ളിച്ചു. ദേശാഭിമാനം, ധർമ്മധീരത, സ്വാതന്ത്ര്യതൃഷ്ണ ഇവ അദ്ദേഹം കേരളത്തിൽ ഉടനീളം ഒഴുക്കി. അദ്ദേഹത്തിൻെറ വികാരം നിറഞ്ഞ വരികൾ കേരളീയരെ ആവേശം കൊള്ളിച്ചു. പൗരുഷം തികഞ്ഞ ഒരു ഗായകനാണു് അദ്ദേഹം. കർമ്മത്തിലും കർമ്മായത്തമായ ജീവിതമഹത്വത്തിലും അദ്ദേഹം വിശ്വസിക്കുന്നു. പള്ളത്തു് ഒരു പയററുകാരനാണെന്നു് ചില നിരൂപകർ, ഈ അർത്ഥത്തിലായിരിക്കണം വ്യവഹരിക്കുന്നതു്. ചില ഉദാഹരണങ്ങൾ നോക്കുക:—

"ധർമ്മത്തറിത്തങ്കക്കുഴൽകൊണ്ടു നിങ്ങൾ തൻ
നിർമ്മലജീവിതം നെയ്തെടുത്തീടുവിൻ.

ആയതിലാർ ചെളിവാരിയെറിയുന്നി-
തായതമക്കൈയരിഞ്ഞെറിഞ്ഞീടുവിൻ!
മെയ്ന്നിണം വററലും, വേപ്പുവിളയലും
മാനിപ്പതുണ്ടെങ്കിൽ മാനുഷമ്മന്യരേ.
വേദമന്ത്രാദി മയക്കമരുന്നിലു-
ന്മാദം പിടിച്ചിന്നു പാട്ടുകിടക്കയോ?
കേരളം നമ്മുടെ, ഭാരതം നമ്മുടെ
കേളികേട്ടുള്ളോരൃഷികളും നമ്മുടെ
പോരുമേ പൊന്നണിത്താക്കോൽ, തറവാട്ടി
ലാരുടെ സൂത്രത്തിൽ? നിങ്ങളോ സുപ്തരും
(മുന്നണിയിലേക്ക്)

ഉറങ്ങിക്കിടക്കുന്ന സോദരന്മാരെ കവി ഈ വരികളിലൂടെ മൂരി എണീപ്പിക്കുന്നു. ധർമ്മമാകുന്ന പൊൻനൂലിനാൽ ജീവിതവസ്ത്രം നെയ്യണം. അതിനെ തടസ്സപ്പെടുത്തുന്ന കരങ്ങൾ വെട്ടിയെറിയണം. വേദവും മന്ത്രവും ഉരുവിട്ടു, വിധിയിൽ കണ്ണുമടച്ചു വിശ്വസിച്ചു കഴിച്ചാൽപോരാ. നാം കേരളീയരാണ്, ഭാരതീയരാണ്, പുണ്യർഷികളുടെ സന്താനങ്ങളാണ്, നാം കർമ്മം ചെയ്യണം. അലസരായിക്കഴിയരുത്. കൈത്തരിപ്പെഴുന്ന നമ്മൾ, സമത്വപടഹവുമടിച്ച് 'സത്യധർമ്മപ്പടയിൽ' പയററണം. ഇതാണ് പള്ളത്തിന്റെ പുരോഗമനം. അല്ലാതെ, തെറിയോ പൂരപ്പാട്ടോ അല്ല. അദ്ദേഹം സത്യധർമ്മാദിയിലും, പ്രവൃത്തിയിലും വിശ്വസിക്കുന്നു.

"യാതൊന്നുതൻ ജന്മസ്വത്തായിവർത്തിപ്പൂ
ചേതസ്സിനേതൊന്നു തേനൊഴുക്കോ?
പൂതമസ്വാതന്ത്ര്യം തട്ടിപ്പറിക്കുവാൻ
ഭ്രാതാവേ, ധൃഷ്ടത കൈപൊക്കുമ്പോൾ
ഉള്ളിൽനിന്നുക്കോട്ടുറഞ്ഞു ചാടിസ്വയം
പള്ളിവാൾ വീശുമേ സ്വാഭിമാനം.
... ... .... .... ....
കേരളംപോക്ളുമാണിന്നു, നിങ്ങൾത-
ന്നാരോസിരയിലും സ്വാഭിമാനം
കാളംവെട്ടിടട്ടെ; കാളംവിളിച്ചാപ്പിൻ
നാളെയീനിങ്ങളാം നായകന്മാർ
മാമൂലിൻമർമ്മങ്ങൾ വെട്ടിമുറിക്കുന്ന
മാമഴുന്നിൻ കൈയിൽ മാത്രം കാണ്മൂ!
നിന്നിലഭിമാനി, സത്യസ്വാതന്ത്ര്യങ്ങൾ
മൂന്നിട്ടുകണ്ടാവൂ! മുററും ലോകം"
(സ്വാഭിമാനത്തിന്റെ പള്ളിവാൾവീശൽ)

മനുഷ്യരെല്ലാം സ്വാതന്ത്ര്യത്തിനുവേണ്ടി ഏതു ത്യാഗത്തിനും തയ്യാറാണ്, തയ്യാറായേ മതിയാവൂ. സ്വാതന്ത്ര്യമില്ലെങ്കിൽ അഭിമാനമായി ജീവിപ്പാൻ സാദ്ധ്യമല്ല. കേരളീയരിൽ ആത്മാഭിമാനം ഓളംവെട്ടുമാറാകട്ടെ. അന്ധമായ മാമൂൽശൃംഖലകൾ നാം വെട്ടിത്തള്ളണം. സത്യസ്വാതന്ത്ര്യങ്ങൾ സാധിപ്പാൻ കരണത്രയത്താൽ ശ്രമിക്കണം.

"വാക്കിന്റെകാലം കഴിഞ്ഞു, തളിക്കിലും
പൂക്കിലുംകായ്ക്കാത്ത പാഴ്മരമാകൊലാ,
പൊന്മയപ്പൂമ്പാററ തന്നെയാം പാഴ്മൊഴി
കർമ്മപ്രവീരൻതൻ കാൽപ്പൊടികാമ്യമേ"

നാം പ്രസംഗിച്ചതുകൊണ്ടായില്ല, പ്രവർത്തിക്കണം. പ്രസംഗത്തിന്റെ കാലംകഴിഞ്ഞു, പ്രവൃത്തിയുടേതാണ് ഇന്ന്. ഒരു വൃക്ഷം തളിർത്തതും പൂത്തതുംകൊണ്ടു കാര്യമായില്ലല്ലോ. അതു കായ്ക്കണം; പ്രസംഗം പൊൻനിറംകലന്ന ഒരു ചിത്രശലഭമത്രേ; ആ പൂമ്പാററയേക്കാൾ എത്രയോ ധന്യമാണ് കർമ്മനിരതന്മാരുടെ പാദപാംസുക്കൾ.

"സ്വാതന്ത്ര്യസ്വപ്നങ്ങൾ കണ്ടുകൊണ്ടാഹത
ചേതനചേർന്നു ശയിച്ചാൽപ്പോരാ
പൊള്ളുംസഹാറയിൽ പൂഞ്ചോലകണ്ടിടാം;
മുള്ളുകൾക്കുള്ളിൽ മലർക്കുലയും."

പള്ളത്തിന്റെ സുപ്രസിദ്ധമായ ചില ഈരടികളാണ് മുകളിൽച്ചേർത്തിരിക്കുന്നത്. ഒന്നാംവാല്യത്തിലെ ഒന്നാമത്തേക്കവിതയാണിത്. "പൊള്ളുംസഹാറയിൽ പൂഞ്ചോല" എന്ന ശൈലി കൈരളീഭക്തന്മാരുടെ ഇടയിൽ ഒരു പഴമൊഴിപോലായിത്തീർന്നിട്ടുണ്ട്. രൂപഭദ്രത തികഞ്ഞ ഒരു കവിതയാണിത്. നാം സ്വാതന്ത്ര്യദേവതയെ സ്വപ്നംകണ്ടുകൊണ്ടു കിടന്നാൽ അതു കൈവരികയില്ല. പല കഷ്ടനഷ്ടങ്ങളും, ത്യാഗങ്ങളും, ആത്മബലിപോലും ചെയ്തേ മതിയാവൂ. മരുഭൂമിയിൽ ശാദ്വലപ്രദേശങ്ങൾപോലെയും, മുള്ളിനിടയിൽ മലർക്കുലപോലെയും കഷ്ടനഷ്ടങ്ങൾക്കുള്ളിൽ, ക്ലേശങ്ങൾക്കുള്ളിൽ—സന്തോഷം (—സ്വാതന്ത്ര്യം ലഭിക്കുന്നതിനാൽ) കാണ്മാൻ കഴിയും.

# ദിവ്യബന്ധം.

(പി. കെ. ഗോവിന്ദപ്പിള്ള ബി. ഒ. എൽ.)

കേക.

പെട്ടെന്നു ഞെട്ടിപ്പോയേ,നിമ്മഹാ ബന്ധത്തിങ്കൽ
പെട്ടുപോയ് ഞാനുമെന്ന യാഥാർത്ഥ്യം സ്മരിക്കവേ!
എന്നാലു,മാ ഗാർഹസ്ഥ്യവിസ്തൃതസാമ്രാജ്യത്തിൽ
ചെന്നുഞാനന്വേഷിച്ചു സാർവ്വഭൗമനെക്കണ്ടേൻ.
ത്യാഗമെന്നാണാരാജമൗലിതൻ തിരുനാമം
ഭോഗമെന്നഹോ! തെററിദ്ധരിച്ചു വൃഥാ മർത്ത്യൻ
പാവനതപസ്സാണു വാസ്തവമോർത്താൽ ഗൃഹ-
ജീവിതം, ഭോഗാസക്തിമജ്ജനമല്ല, നൂനം!

നിർമ്മലപ്രേമത്തിന്റെ ബന്ധനം വിലസുന്നു
ബ്രഹ്മത്തിൻചിഹ്നമാകും യജ്ഞോപവീതംപോലെ
ഉൽകൃഷ്ടദാമ്പത്യത്തെ വിശ്വൈകനാഥൻ തന്റെ
തൃക്കാലിലർപ്പിക്കേണ്ട യജ്ഞമെന്നോർക്കണം നാം.
ഹീനജീവിതം ത്യാഗവഹ്നിയിൽ ഹോമിച്ചെഴു-
മാ ദിവ്യജീവിതം താൻ യജ്ഞജീവിതമോർത്താൽ
യജ്ഞജീവിതമാകും ഗാർഹസ്ഥ്യം നേരേ ദൃഢ-

---

ഇങ്ങനെ ഉദ്ധരിക്കാൻ തുടങ്ങിയാൽ അവസാനമില്ല. പള്ളത്തു ഒരു സ്വാതന്ത്ര്യഗായകനാണ്. അടിമത്തം, അസമത്വം ഈ വാക്കുകൾ അദ്ദേഹത്തെ കലികൊള്ളിക്കുന്നു. അങ്ങിനെയുള്ള സന്ദർഭങ്ങളിൽ, ആവേശഭരിതനായി അദ്ദേഹം പേനയെടുക്കുന്നു. ശക്തിയും, ഓജസ്സും നിറഞ്ഞ വാക്കുകൾ, മുൻപിൽ അണിനിരക്കുന്നു. മൂച്ചുകൂടിയ വാൾ ഒരു ഭടൻ തിരഞ്ഞെടുക്കുന്നതുപോലെ ഏററവും പററിയപദം അദ്ദേഹം കൈക്കൊള്ളുന്നു. കൃത്രിമത്വമോ, അനാവശ്യമായ അലങ്കാരങ്ങളോ ഒന്നും അദ്ദേഹത്തിനുവേണ്ട. യുദ്ധം ചെയ്യണം, യുദ്ധംചെയ്യിക്കണം, ഈ ചിന്തയേ അപ്പോൾ അദ്ദേഹത്തിനുള്ളു. നമ്മുടെ രാജ്യത്തു പല കവികളും സ്വാതന്ത്ര്യത്തെപ്പററി എഴുതിയിട്ടുണ്ട്. പക്ഷെ അവയിൽ മിക്കവയ്ക്കും നമ്മുടെ രക്തത്തെ തിളപ്പിക്കാൻ കഴിയുന്നില്ല. പള്ളത്തിന്റെ സ്വാതന്ത്ര്യഗീതങ്ങളാകട്ടെ, വികാരത്തിന്റെ ഭാഷയിലാണ്; അതു നമ്മെ അടിമുടി ഇളക്കുന്നു; പടക്കളത്തിലേക്കു നയിക്കുന്നു. സ്വാതന്ത്ര്യത്തിനു എന്തുവിലയും കല്പിക്കുന്ന കവിയാണു പള്ളത്തു. എണ്ണത്തിലും, വികാരവായ്പിലും പള്ളത്തിനെപ്പോലെ സ്വാതന്ത്ര്യഗാനങ്ങൾ എഴുതിയിട്ടുള്ള മലയാളകവികൾ ഇല്ലെന്നു പറഞ്ഞാൽ, അതു അതിശയോക്തിയെന്നു ചില നിരൂപകർ പറഞ്ഞേക്കും; അധികമില്ലെന്നാക്കിയാൽ അവർക്കും പരിഭവം ഉണ്ടാകാൻ ഇടയില്ല; അല്ല സമ്മതിച്ചേ മതിയാവൂ എന്നുവരും.

(തുടരും)

—*—

പ്രജ്ഞയാ നയിക്കുമാ സംസ്കാരം പരം ശ്രേഷ്ഠം!
ആയതിൽ കഷ്ടതകളുണ്ടാകാം, വിപത്തുക-
ളാക്രമിച്ചീടാം, വിഘ്നസഞ്ചയം തടവേകാം
എന്നാലും മഹേശന്റെ കാലടിപിടിച്ചു നാം
മുന്നോട്ടുചെന്നാ,ലവയൊക്കെയും തകർന്നീടും.
അനന്തരം പുതുതായ പ്രകാശം വീശും നാളെ,
ഖിന്നമായഖിലവുമാനന്ദമായിത്തീരും.

അന്യോന്യം തണലായുമാതപങ്ങളിലെല്ലാ-
മന്യോന്യം പ്രേമവർഷം പെയ്തേറ്റമാശ്വസിച്ചും
ഉൽക്കടസംസാരത്തിൻ കൂർത്തമുള്ളുകളേറ്റു
ഹൃത്തടം വ്രണിതമായ് തീരുന്ന നേരങ്ങളിൽ
എന്നെന്നും സുസാന്ത്വനപീയൂഷലേപത്തിനാ-
ലന്യോന്യം വേദനകളൊക്കെയുമകറ്റിയും
ജീവിതപഥത്തിലെപ്പാഴ്മരുഭൂവിൽപോലും
പാവനസ്നേഹാമൃതം നിത്യവും തൂകിത്തൂകി
ഉന്നതസൗഭാഗ്യത്തിൻ ഭവ്യസൂനങ്ങൾ തിങ്ങും
നന്ദനാരാമത്തോടു തുല്യമായ് തീർത്തുകൊണ്ടും
ഗൃഹസ്ഥജീവിതത്തെ വിശ്വസേവനത്തിന്റെ
മഹസ്സിൽലയിപ്പിച്ചുജ്ജ്വലമാക്കിക്കൊണ്ടും
മുന്നോട്ടുപോയീടട്ടെ നിശ്ചയം ദമ്പതിമാർ
മന്നിനെനാകമാക്കാനാക്കൃത്യം പോരും പോരും

ഏകചിത്തരാ,യേകലക്ഷ്യരായ്, ഗമിക്കുന്നി-
താകമ്രശ്രേഷ്ഠജായാപതിമാർ ജഗത്തിങ്കൽ
ഭർത്താവുമഹേശ്വരൻ ഭാര്യയ്ക്കു, ഭർത്താവിന്നു
നിസ്തുലപ്രേമയാകും ഭാര്യയോ മഹേശിതാൻ.
സമന്മാർ, സഹധർമ്മചാരികൾ, വിശ്വചക്ര-
ഭ്രമണം മംഗലമായ് സുഖമായ് നയിക്കുവോർ,
ആദിദമ്പതികൾതൻ പ്രതിബിംബങ്ങൾ മേന്മേ-
ലാദിവ്യമൈത്രീബദ്ധമാനുഷർ ജയിക്കുന്നു!

ദിവ്യമാണേതാദൃശസംബന്ധ,മതിൽപെട്ടാ-
ലവ്യയസ്വാതന്ത്ര്യത്തിൻ മാർഗ്ഗദർശിയായ് തീരും
നിഷ്കാമകർമ്മയോഗമാതൃകാരൂപം കാട്ടി
നിഷ്കാസിതാന്തർദോഷമാലിന്യസമൂഹനായ്
സാദരം ഭാര്യാസന്താനാദിയിൽ മഹേശ്വര-
ചൈതന്യവിലാസങ്ങൾ കണ്ടുകണ്ടനുവേലം
ആര്യമാം ഗൃഹധർമ്മം നിർമ്മലതപശ്ചര്യാ-
പര്യായമാക്കിത്തീർത്തു ദിവ്യശാന്തിയിൽ പൂകാം.

# കവിതാമഞ്ജരി

രണ്ടാം ഭാഗം

വില രൂപാ ൧

ഗ്രന്ഥകർത്താ,

പുലിയന്നൂർ എസ്. രാമയ്യർ അവർകൾ.

(മീനച്ചൽത്താലൂക്കിനെ സ്പർശിക്കുന്നതായിത്തന്നെ ഏഴു കവിതയുണ്ട്)

ഫാദർ ഏബ്രഹാം വടക്കേതിൽ അവർകളുടെ, പ്രൌഢവും വിമർശനപരവുമായ അവതാരിക പഠിക്കേണ്ടതുതന്നെ.

ധാരാവാഹിയായ വാക്പ്രസരം, വിശിഷ്ടമായ രചന, മോഹനമായ ഭാവന, നവനവോല്ലേഖങ്ങൾ, ഹൃദ്യമായ വൈദർഭീരീതി, അകൃത്രിമങ്ങളായ അലങ്കാരങ്ങൾ; നിരൂപകശിഖാമണിയായ അവതാരകൻ പറയുന്നതിൽ അല്പം ശ്രദ്ധിക്കുകതന്നെ. ഓരോ അവസരങ്ങളിൽ പരിതഃസ്ഥിതികളുടെ സമ്മർദ്ദത്താൽ കവിഹൃദയത്തിൽ ഓളംതല്ലിയ വികാരവിചാരങ്ങളുടെ മൂർത്തിരൂപങ്ങളാണ് 'കവിതാമഞ്ജരി'യുടെ ഈ ദ്വിതീയ ഭാഗത്തിൽ പ്രത്യക്ഷമാകുന്ന 10 ഖണ്ഡകാവ്യങ്ങൾ. ഉജ്ജ്വലമായ ദേശാഭിമാനം, ആത്മസംസ്കാരത്തോടുള്ള അളവററ ഭക്തി, പ്രകൃതിവിലാസദർശനമാത്രയിലുളവാകുന്ന ആഹ്ലാദം, അമേയമായ ഭൂതാനുകമ്പ, അചഞ്ചലമായ ഈശ്വരഭക്തി മുതലായ കവിഹൃദയത്തെ ചലിപ്പിച്ചിട്ടുള്ള വികാരങ്ങളുടെ സന്ദർഭാനുസാരേണയുള്ള ചിത്രങ്ങളാണ് ഓരോ കവിതയിലും ആണിയായി നിബന്ധിക്കപ്പെട്ടിരിക്കുന്നതു്. കവിയുടെ ഔചിത്യബുദ്ധി അത്യന്തം പ്രശംസനീയമെന്നും, കവിയുടെ ഭാവനയും ആഴിയിലെ തരംഗപരമ്പരപോലെ ഉണ്ടായിരിക്കുന്നുവെന്നും പിന്നെയും പറയുന്നു

## ഗ്രന്ഥകർത്താവിൻെറ ഇതരകൃതികൾ.

ചന്ദ്രാപ്രസ്സിലെ സുന്ദരമായ അച്ചടി! കമനീയമായ കവർ!

1 ശ്രീവിഷ്ണുപാദാദികേശാന്തവർണ്ണനസ്തോത്രം (വ്യാഖ്യാനം) 1 രൂ
2 കവിതാമഞ്ജരി 1-ാംഭാഗം 8 ണ
3 രാജഭക്തി (കവിതാസമാഹാരം) 1 രൂ
4 അഞ്ജലി (കൃഷ്ണാവതാരസംഗ്രഹം) 1 രൂ
5 സുലോചന (ഗദ്യകാവ്യം) 1 രൂ
6 ലേഖനമഞ്ജരി 1-ാംഭാഗം 2 രൂ
7 ദിലീപൻ 8 ണ
8 ശിവരാത്ര്യുത്സവം (തുള്ളൽ) 6 ണ
9 ബോധനമാലിക 1-ാംഭാഗം8 ണ
10 ഭക്തദീപിക (ഒരു നിരൂപണം) 4 ണ

പുലിയന്നൂർ ബുക്ക്ഹൌസ്
A. O. & P. O. പാലാ
ബ്രാഞ്ച്—തൊടുപുഴ.

മാനേജർ.
ചന്ദ്രാപ്രസ്സ്,
ചാല, തിരുവനന്തപുരം.

ചെറുകഥ.

# ഒരിക്കൽ മാത്രം.

മിസ്സ് ജെ. ആർ. ജോഷ്വാ എം. എ.

എൻെറ അഫീസിലെ ക്ലാർക്കന്മാരിൽ ഏററവും ജൂനിയർ സീതാരാമനാണ്. കേവലം ഇരുപത്തിയഞ്ചുരൂപാ മാത്രം ശമ്പളമുള്ള അയാൾ എല്ലാവരെക്കാളും അധികം ജോലി ഏററവും ഭംഗിയായി ചെയ്യും. അഫീസിൽ താമസിച്ചുവരുന്നതോ ജോലിയിൽ ഏതെങ്കിലും വീഴ്ചവരുത്തുന്നതോ ഞാൻ ഒരിക്കലും കണ്ടിട്ടില്ല. പത്തുമണിമുതൽ അഞ്ചുമണിവരെ തൻെറ ജോലിയിൽ ബദ്ധശ്രദ്ധനായി കഴിഞ്ഞുകൂട്ടും. എന്തെങ്കിലും കാരണവശാൽ ഞാൻ വെളിയിൽ പോയാൽ, ക്ലാർക്കന്മാർ അതക്കം നോക്കി തങ്ങളുടെ ജോലി അവഗണിച്ചിട്ട് സംഭാഷണത്തിലേർപ്പെടുക പതിവാണ്. എന്നാൽ സീതാരാമൻ അതു് അധമ്മമാണെന്നു കരുതി, മേലുദ്യോഗസ്ഥൻെറ അഭാവത്തിലും തൻെറ ജോലി മുറയ്ക്കു ചെയ്തുകൊണ്ടിരിക്കും. ശിപായിമാരെപ്പോലും "താൻ" എന്നു സംബോധന ചെയ്യാറില്ല. അയാളുടെ സത്സ്വഭാവവും, സഹൃദയത്വവും എത്ര ഹൃദയാകർഷകമാണെന്നു് ഊഹിക്കുകയാണുത്തമം. പല പ്രാവശ്യം ഞാൻ ശിപായിമാരെക്കൊണ്ടു് ചില ജോലികൾ ചെയ്യിക്കുവാനാവശ്യപ്പെട്ടിട്ട് അയാൾ സ്വയം അതെല്ലാം നിർവ്വഹിച്ചു. അതു കണ്ടപ്പോൾ അഫീസിൻെറ അന്തസ്സിനു് അതു് അനുയോജ്യമല്ലെന്നു ഞാൻ ചൂണ്ടിക്കാണിച്ചു. ഏതായാലും ആ യുവാവിൽ അവർണ്ണനീയങ്ങളായ അനേകഗുണവിശേഷങ്ങൾ ഉള്ളതായി എനിക്കു ബോദ്ധ്യപ്പെട്ടു. ശമ്പളം തുച്ഛമായിരുന്നെങ്കിലും എപ്പോഴും എപ്പോഴും ശുഭ്രവസ്ത്രധാരി, പ്രസന്നവദനൻ, സംതൃപ്തൻ. അഫീസിലുള്ള ഇതരജോലിക്കാർ തരമുള്ളപ്പോഴെല്ലാം അവരുടെ ജോലിയും സീതാരാമൻെറ തലയിൽ ചുമത്താറുണ്ട്. മററാരായിരുന്നാലും ക്രോധംകൊണ്ടുജ്ജ്വലിക്കും. എങ്കിലും, സീതാരാമൻ നെററി ചുളിക്കുകപോലും ചെയ്യാതെ ആ ജോലിയും ചെയ്യും. അതുകണ്ടപ്പോൾ ഞാൻ അതീവ സന്തുഷ്ടനായി. തന്മൂലം ഏററവും ജൂനിയറെങ്കിലും അയാളെ ഞാൻ എൻെറ മുറിയിൽ കൂടക്കൂടെ വിളിക്കും. അയാളുടെ ഹൃദയം ജ്ഞാനസമ്പൂർണ്ണമാണെന്നു എനിക്കു മനസ്സിലായി. സംഭാഷണമദ്ധ്യേ ഒരിക്കലും ക്രോധമോ അല്പമെങ്കിലും അവിനയമോ സ്ഫുരിക്കുകയില്ല. അയാളോടു കൂടുതൽ അടുത്തുപരിചയിക്കുംതോറും എൻെറ സ്നേഹബഹുമാനാദികൾ അനുസ്യൂതമായി വദ്ധിച്ചുവന്നു. ഒരു ദിവസം ഞാൻ അയാളെ എൻെറ വീട്ടിലേക്കു ക്ഷണിച്ചു. അതിനുശേഷം ദിവസവും സായാഹ്നത്തിൽ അയാൾ വീട്ടിൽവരും. ഞങ്ങൾ അല്പനേരം സംഭാഷണം ചെയ്യും. ക്രമേണ എൻെറ കുട്ടികളും അയാളുമായി പരിചയപ്പെട്ടു. അവർ എന്നേക്കാൾ അധികം അയാളെ സ്നേഹിക്കാൻ തുടങ്ങി. ഒരു ദിവസം അയാൾ വരാൻ താമസിച്ചാൽ അവക്കു കുണ്ഠിതമായി. ഇങ്ങനെയാണെങ്കിലും സീതാരാമൻ അഭിമാനം കൈവെടിയാറില്ല. അയാൾ ഒരു അഫീസിൻെറ ചാർജ്ജു വഹിക്കാൻ യോഗ്യനാണ്. പക്ഷേ പ്രാരബ്ധങ്ങൾ അയാളെ താഴ്ചയിൽ തള്ളിയിരിക്കുന്നു.

ഞാൻ അഫീസിൻെറ ചുമതല ഏററിട്ട് ഒരു വർഷം കഴിഞ്ഞു. ഇതിനിടയിൽ പല ഒഴിവുകളും ഉണ്ടായി. ആ സ്ഥാനങ്ങൾക്കു് ജൂനിയർക്ലാർക്കന്മാർ പലരും അപേക്ഷിക്കുകയും ശുപാർശ നടത്തുകയും ചെയ്തു. സീതാരാമനാകട്ടെ രണ്ടും ചെയ്തില്ല. അയാൾ കയററത്തിനർഹനാണെന്നെനിക്കറിയാം. അയാളെ ഉയർത്തണമെന്നെനിക്കാഗ്രഹമുണ്ടു്. എന്നാൽ ഒരിക്കലെങ്കിലും അയാൾ അക്കാര്യം എന്നെ ഓർമ്മിപ്പിച്ചിട്ടില്ല. ഇങ്ങനെയിരിക്കെ ഒരൊഴിവുണ്ടായി. ഒരാൾ അറുമാ

സത്തെ അവധി എടുത്തു. പലരും അതിനപേക്ഷിച്ചു. എന്നാൽ സീതാരാമൻമാത്രം ഇപ്പോഴും മൌനം ദീക്ഷിക്കയാണു്. അയാൾ ശാന്തനാണെങ്കിലും എനിക്കതിൽ ശാന്തിയില്ലാതായി. പതിവുപോലെ അയാൾ വീട്ടിൽ വന്നയുടൻ "നിങ്ങൾ വല്ലതും കേട്ടോ" എന്നു ഞാൻ ചോദിച്ചു. സീതാ:—എന്തു്,

ഞാൻ:—ഗോവിന്ദലാൽ ആറുമാസത്തെ അവധി എടുക്കുന്നു.

സീതാ:—അതോ? അതു കേട്ടു. പലരും അപേക്ഷിച്ചിട്ടുമുണ്ടല്ലോ.

ഞാൻ:—ഉണ്ടു്, പക്ഷെ, നിങ്ങൾ മൌനം ദീക്ഷിക്കുന്നതോ?

സീതാ:—എനിക്കാവശ്യമില്ല.

ഞാൻ:—എന്തു്? നിങ്ങൾക്കു് ആവശ്യമില്ലേ?

സീതാ:—ഇല്ല.

ഞാൻ:—അപ്പോൾ കയററത്തിനുള്ള അവസരമെല്ലാം നഷ്ടപ്പെടട്ടെന്നോ?

സീതാ:—ആഫീസ്സിലുള്ള ജോലിക്കാരുടെ അവകാശവും യോഗ്യതയും നിശ്ചയിക്കേണ്ടതു് അവിടുന്നാണു്. ഒഴിവു വരുമ്പോൾ അവകാശികൾക്കു് അതു കൊടുക്കുമല്ലോ. പിന്നെ ഞാൻ ഹർജ്ജി അയയ്ക്കുന്നതെന്തിനു്?

സീതാരാമൻ സത്യസന്ധനും ശുദ്ധഹൃദയനും പരിശ്രമിയും അഭിമാനിയുമാണെന്നു ഞാൻ ധരിച്ചിരുന്നെങ്കിലും മററുള്ളവരുടെ മുഖത്തുനോക്കി ഇപ്രകാരം പറയാൻ മടിക്കാത്തവനാണെന്നു് വിചാരിച്ചിരുന്നില്ല. അയാളുടെ വാക്കുകൾ സ്വഭാവൌൽകൃഷ്ട്യം കുറേക്കൂടി വെളിവാക്കി. ഞാൻ ലജ്ജിതനായി. "സീതാരാമൻ! നിങ്ങൾ എൻെറ കണ്ണുകൾ തുറന്നു. ഇനിയും എനിക്കു തെററു പററുകയില്ല. ഈ സ്ഥാനം നിങ്ങൾക്കുതന്നെ കിട്ടും.

സീതാ.—കൂടക്കൂടെ ഇവിടെ വരുന്നതാണു് ഈ കയററത്തിനു കാരണമെങ്കിൽ ഞാനതു സ്വീകരിക്കുകയില്ല. എനിക്കു അതിനു യോഗ്യതയുണ്ടെന്നു് വിചാരിക്കുന്നെങ്കിൽമാത്രം മതി.

ഈ വാക്കുകൾ എൻെറ ഹൃദയത്തിൽ തറച്ചു. ഇതിനുമുൻപു് അന്യായമാണു് ചെയ്തതു്. ഇനിയും അങ്ങനെ വരുകയില്ല.

'താങ്ക് യൂ'—സീതാരാമൻ പറഞ്ഞു. പാശ്ചാത്യമസ്തിഷ്കൂനു യോജ്യമായ ഈ പദങ്ങൾ പലപ്രാവശ്യം ഞാൻ കേട്ടിട്ടുണ്ടു്. അൎത്ഥമില്ലാത്ത ഭംഗിവാക്കെന്നെനിക്കു തോന്നിയിട്ടുണ്ടു്. എന്നാൽ അതേ പദങ്ങൾ ഇന്നു സീതാരാമൻെറ വായിൽനിന്നും കേട്ടപ്പോൾ നിൎദ്ധനനു് കുബേരപദം ലഭിച്ചാലെന്നപോലെ എനിക്കു് സന്തോഷം തോന്നി.

സീതാരാമനു് ഉദ്യോഗക്കയററം കിട്ടി. ആഫീസ്സിൽ കശപിശയായി. ക്ലാൎക്കന്മാർ എല്ലാം സീതാരാമൻെറ ശത്രുക്കളായി. നോക്കണേ ഒരു പുതുമ, സീതാരാമൻ പ്രാപ്തനാണെങ്കിലും, തൃപ്തികരമായി ജോലി ചെയ്യുമെങ്കിലും ശമ്പളക്കയററം അവൎക്കു വേണം. അവർ അയാളെ ശല്യപ്പെടുത്താൻ തുടങ്ങി. വ്യംഗ്യോക്തിയുടെയും വക്രോക്തിയുടെയും വൎഷമായി. "സൂപ്രണ്ടിൻെറ മീശയാണേ, സൂക്ഷിച്ചുവേണം പറയാൻ, ഉദ്യോഗക്കയററത്തിനുള്ള മൂലമന്ത്രം മുഖസ്തുതിയാണു്, വൈദ്യൻെറ കുഞ്ഞുങ്ങൾക്കു് മധുരപലഹാരങ്ങൾ സമ്മാനിച്ചാൽ വൈദ്യൻ പ്രസാദിക്കും. ഇയാൾ യോഗ്യനെന്നു നാം വിചാരിച്ചിരുന്നല്ലോ." എന്നിങ്ങനെ പലരും പലതും പറഞ്ഞുതുടങ്ങി. പക്ഷെ ഈ ആക്ഷേപങ്ങളൊന്നും സീതാരാമനിൽ യാതൊരു മാററവും ഉണ്ടാക്കിയില്ല. അയാൾ പണ്ടത്തേപ്പോലെ പ്രസന്നവദനനായി, ശാന്തനായി സന്തുഷ്ടനായി കഴിയുന്നു. ഉദ്യോഗക്കയററം അയാളെ ഉദ്ധതനാക്കുകയോ കൂട്ടുകാരുടെ ആക്ഷേപം ദുഃഖിപ്പിക്കുകയോ ചെയ്തില്ല. എൻെറ ഹൃദയത്തിൽ അയാളുടെ പ്രതിഷ്ഠ ഉറച്ചു. എപ്പോഴും ഒരേരീതിയിൽ കഴിഞ്ഞുപോകുന്ന പാവനജീവിതം. ശത്രുമിത്രഭേദമില്ല, പക്ഷപാതമില്ല, അസൂയയില്ല.

പുതിയ കയററം സീതാരാമനനുകൂലമായില്ലെന്നു് എനിക്കു തോന്നിത്തുടങ്ങി. കാരണം, അയാളുടെ ഭാൎയ്യയ്ക്കു സുഖക്കേടായി. ഭാൎയ്യയെ അയാൾ സ്വപ്രാണനെക്കാൾ സ്നേഹിച്ചിരുന്നു. ഭാൎയ്യയുടെ കണ്ണുനീരൊഴികെ എന്തും അയാൾ സഹിക്കും. ചികിത്സ മുറ

ല്ലം നടക്കുന്നെങ്കിലും രോഗത്തിനു ശമനമില്ല. കൊടുങ്കാററിലാടി അലയുന്ന തോണിപോലെ അയാളുടെ ഹൃദയം ചലിച്ചു. മുഖത്തിനു സഹജമായിരുന്ന കാന്തിയും കണ്ണുകളുടെ ജ്യോതിസ്സും മറഞ്ഞു. പുഷ്പം അങ്ങനെതന്നെ ഉണ്ടെങ്കിലും അതിൻെറ ലാവണ്യവും സൌരഭ്യവും നഷ്ടപ്പെട്ടു.

അയാളെ കാണുമ്പോൾ എൻെറ മനം വാടിത്തളർന്നുതുടങ്ങി. പണ്ടത്തെ സീതാരാമനല്ലെന്നു എനിക്കു തോന്നി. പതിവുപോലെ ആഫീസ്സിൽ വരികയും ജോലി ചെയ്യുകയുംചെയ്യുന്നെങ്കിലും എന്തോ ഒരു മാററം പ്രത്യക്ഷമായി. ഉദ്യോഗക്കയററത്തിൻെറ അവസരങ്ങളെല്ലാം കൈവിട്ടുപോയിട്ടും വായ് തുറക്കാതിരുന്ന, സന്തോഷമൂർത്തിയായ ആ സീതാരാമൻ മററു ജോലിക്കാരുടെ അനുചിതമായ മുള്ളുവാക്കുകൾ കേട്ടിട്ടും തൻെറ അഭിമാനത്തെയും, ഗൌരവത്തെയും ഉപേക്ഷിക്കാതിരുന്ന ആ ഗാംഭീര്യനിധി ഇപ്പോൾ പ്രതിദിനം എൻെറ പക്കൽവരു് അവധിക്കു് യാചിച്ചുതുടങ്ങി. ഒരു ദേവതയായിട്ടല്ലാതെ മനുഷ്യനായിത്തന്നെ സീതാരാമനെ കാണാൻ ആഗ്രഹിച്ച എനിക്കു് ഈ പരിവർത്തനത്തിൽ സന്തോഷമുണ്ടായി. എത്ര ധൈര്യമുള്ളവനായാലും ആ ധൈര്യം ഒരു സീമയിലെത്തിക്കഴിഞ്ഞാൽ വിചലിതമാകുമെന്നുള്ളതു് പരക്കെ സമ്മതമാണല്ലോ.

മാസം പലതുകഴിഞ്ഞു. സീതാരാമൻ ഭാര്യയുടെ ശുശ്രൂഷയിൽ ലയിച്ചിരിക്കുന്നു. അയാളുടെ മുഖം നിശ്ശേഷം വാടി. ചിരിയും സന്തോഷവുമെല്ലാം നശിച്ചു. പകൽ മുഴുവൻ ആഫീസ് ജോലിയും രാത്രിയിൽ ഉറക്കമിളച്ചു് ശുശ്രൂഷയുമായപ്പോൾ അയാളുടെ ആരോഗ്യത്തിനു ഹാനി തട്ടി. എന്നാൽ അതയാൾ ഗണ്യമാക്കിയില്ല. അവധി അനുവദിക്കുമ്പോൾ അയാളുടെ മുഖത്തു പ്രത്യക്ഷമായ കൃതജ്ഞതയും സന്തോഷവും ഇപ്പോഴും ഞാൻ ഓക്കുന്നു.

ഒരു ദിവസം ഞാൻ എൻെറ മുറിയിലിരുന്നു് ബില്ലുകൾ നോക്കുകയായിരുന്നു. പെട്ടെന്നു് ഒരു ശിപായി വന്നുപറഞ്ഞു—ജനാർദ്ദനലാൽ വന്നുനില്ക്കുന്നു എന്നു്. ജനാർദ്ദനലാലിൻെറ പക്കൽനിന്നാണു് ഞങ്ങൾ കടലാസ് വാങ്ങിവന്നതു്. അയാളെ കൂട്ടിക്കൊണ്ടുവരാൻ ശിപായിയോടു പറഞ്ഞു.

ജനാർദ്ദനലാൽ:—ക്ഷമിക്കണം, ഞാൻഒരു പരാതിയുംകൊണ്ടാണു് വന്നതു്.

ഞാൻ:—പറയണം.

ജനാ:—ഞാൻ പുറത്തേക്കു പോയിരുന്നപ്പോൾ താങ്കളുടെ ക്ലാക്കു് സീതാരാമൻ എൻെറ കണക്കെഴുത്തുകാരനുമായി യോജിച്ചു് ഒരു കള്ളബില്ല് ഉണ്ടാക്കി കുറെ പണം അപഹരിച്ചു.

അശനിപാതം ഏററ അനുഭവമാണു് എനിക്കു പെട്ടെന്നുണ്ടായതു്. ഞാൻ ചാടി എഴുന്നേററു. "എനിക്കു വിശ്വാസം തോന്നുന്നില്ല" എന്നു പറഞ്ഞു.

ജനാ:—വിളിച്ചുചോദിക്കണം. ഇപ്പോൾ തന്നെ പരമാത്ഥം അറിയാമല്ലോ.

ഞാൻ:—എന്തു ചോദിക്കാനാണു്? അയാൾ മനുഷ്യനല്ല, ദേവനാണു്. ആഫീസിലുള്ളവർ മുഴുവൻ അയാളെക്കൊണ്ടാണു് ആണ ഇടുന്നതു്. പ്രാണൻപോയാലും അയാൾ കള്ളം ചെയ്യുകയുമില്ല, പറയുകയുമില്ല.

ജനാ:—എങ്കിലും ഒന്നു വിളിച്ചു ചോദിക്കണം.

ഞാൻ സീതാരാമനെ വിളിപ്പിച്ചു.

ഞാൻ:—കടലാസ്സ് സംബന്ധിച്ചു് ഒരു പരാതിവന്നിരിക്കുന്നു. അതിൽ വല്ലവാസ്തവവുമുണ്ടോ?

മൃതശരീരത്തിനു തുല്യം സീതാരാമൻെറ മുഖം വിളറി. നയനങ്ങൾ അശ്രുപൂണ്ണങ്ങളായി. ആ അശ്രുവിൻെറ മറവിൽ അന്യാധീനതയും ദുഃഖവും ഒളിച്ചുകിടന്നു.

ഞാൻ:—എന്തു്? സത്യമാണോ?

സീതാ:—അതെ, സത്യം തന്നെ.

ഞാൻ:—എത്രരൂപാ തട്ടിയെടുത്തു?

സീതാ:—നാനൂറു്.

ഞാൻ:—ഇദ്ദേഹത്തിൻെറ ജോലിക്കാരനോ?

സീതാ:—അയാളും അത്രയുമെടുത്തു.

ഞാൻ:—അപ്പോൾ നിങ്ങൾ കുററമേല്ക്കുന്നു, ഇല്ലേ?

സീതാ:—അല്ലാതെ എന്തുചെയ്യും? തെറ്റു പററിപ്പോയി, ഇനി അവിടുത്തെ ദയവു്. രക്ഷിക്കുകയോ ശിക്ഷിക്കുകയോ ഇഷ്ടംപോലെ ചെയ്യാം.

സീതാരാമൻ ഇന്നുവരെ ചെയ്തിട്ടില്ലാത്ത പ്രവൃത്തി ഇന്നു ചെയ്തു. മഷി വെണ്മയെമറയ്ക്കുന്നതുപോലെ കുററം അയാളുടെ മുഖത്തിൽ നിന്നും ആത്മാഭിമാനത്തിൻെറ ഭാവം നിശ്ശേഷം മറച്ചു. ഈ കാഴ്ച എൻെറ ഹൃദയത്തിൽ അഗാധമായ മുറിവുണ്ടാക്കി. മററാരെങ്കിലുമാണു് ഈ തെററുചെയ്തിരുന്നതെങ്കിൽ ഒട്ടും ആലോചിക്കാതെ ഉടനടി ഞാൻ നടപടി നടത്തുമായിരുന്നു. എന്നാൽ കുററക്കാരൻ സീതാരാമനാണെന്നറിഞ്ഞപ്പോൾ ഞാൻ കുഴങ്ങി. നെടുവീർപ്പോടുകൂടി ഞാൻ ഇപ്രകാരം പറഞ്ഞു:—"സീതാരാമൻ, നിങ്ങളിൽ നിന്നും ഇതു് ഞാൻ ഒരിക്കലും പ്രതീക്ഷിച്ചിരുന്നില്ല."

കുററക്കാരൻെറ ശിരസ്സ് ഉയരാറില്ലല്ലോ. സീതാരാമൻ അധോമുഖനായി നിന്നുകൊണ്ടു് ഉത്തരം പറഞ്ഞു—"തെററുപററിപ്പോയി. ക്ഷമിക്കണം. ഇനിയും ഒരിക്കലും ഇങ്ങനെ സംഭവിക്കുകയില്ല. ജീവിതത്തിൽ ഇതു് എൻെറ ഒന്നാമത്തെ അപരാധമാണു്. അങ്ങു് ഇതു ക്ഷമിക്കുമെങ്കിൽ ഇതുതന്നെ അവസാനത്തേതുമായിരിക്കും.

ഞാൻ:—ഞാൻ നിങ്ങളെ രണ്ടുപേരെയും പോലീസ്സിൽ ഏല്പിക്കും.

ജനാർദ്ദനലാൽ അവിടെനിന്നു പൊയ്ക്കളഞ്ഞു. എൻെറ ക്രോധം വർദ്ധിച്ചു. ഫോൺ കൈയിലെടുത്തു് പോലീസ്സ് സ്റ്റേഷനിലേക്കു വിളിച്ചു. സീതാരാമൻെറ കണ്ണുകൾ നിറഞ്ഞു, അയാൾ കരഞ്ഞുകൊണ്ടു പറഞ്ഞു. "സർ, എൻെറ ഭാര്യ മരണശയ്യയിലായിരുന്നു." അയാളുടെ കണ്ഠം അവരുദ്ധമായി, ഒരു വാക്കുപോലും പിന്നീടു പുറത്തുവന്നില്ല. ആഫീസ് മുഴുവൻ നന്മയുടെ മൂർത്തിയെന്നു ധരിച്ചിരിക്കുന്ന ആ വിശുദ്ധാത്മാവു് ഏതൊരുവൻെറ ആത്മാഭിമാനം മററുള്ളവർക്കു് ആദർശമായിരുന്നോ, ഏതൊരുവൻെറ സ്വഭാവശുദ്ധിയിൽ സംശയിക്കുന്നതു പാപമായിരുന്നുവോ, ഏതൊരുവൻ സദാ തൻെറ ശിരസ്സ് ഉയർത്തിക്കൊണ്ടു നടന്നിരുന്നുവോ ആ അസാധാരണ മനുഷ്യൻ എൻെറ മുമ്പിൽ അപരാധിയായി നിൽക്കുന്നു. എന്നാൽ ഈ അപരാധം ദുരാഗ്രഹംകൊണ്ടു് ചെയ്തതല്ല. അയാൾക്കു് തൻെറ ഭാര്യയുടെ രോഗചികിത്സയ്ക്കു് പണം വേണ്ടിയിരുന്നു. ദാരിദ്ര്യവും ഭാര്യയോടുള്ള സ്നേഹവും തമ്മിൽ ഒരു പോരാട്ടം നടത്തി. ഇങ്ങനെയുള്ള ഒരു പരീക്ഷണഘട്ടം എനിക്കും ഉണ്ടായതു് ഞാൻ പെട്ടെന്നു സ്മരിച്ചു. അക്കാലത്തു് എൻെറ ശമ്പളം തുലോം തുച്ഛമായിരുന്നു. വീട്ടുചിലവുകൾക്കുപോലും അതു മതിയായില്ല. അതോടുകൂടി ഭാര്യയ്ക്കു സുഖക്കേടുമായി. ഞാൻ നിരാശയിലാണ്ടു്. ഇത്തരം വിഷമഘട്ടങ്ങളിൽ മനുഷ്യൻ അവൻെറ അഭിമാനസമ്പത്തു് കൈവെടിഞ്ഞു് പാപമാർഗ്ഗത്തിലേക്കു് ചിലപ്പോൾ തിരിഞ്ഞുപോകും. സീതാരാമൻെറ ജീവിതത്തിലും ഇങ്ങനെ ഒരു സംഭവമാണുണ്ടായിരിക്കുന്നതു്. എൻെറ തെററു് ആരും അറിയാനിടയായില്ലെന്നു മാത്രം.

എനിക്കു സീതാരാമനെ ശിക്ഷിക്കാൻ, പഴിക്കാൻ പോലും, യോഗ്യതയുണ്ടോ. ഞാൻ ഫോൺ താഴെവെച്ചു. ഇയാളെ പോലീസ്സിൽ ഏല്പിച്ചാൽ ഇയാളുടെ ഭാര്യയുടെ സ്ഥിതി എന്താകുമെന്നു് ചിന്തിച്ചപ്പോൾ എൻെറ ഹൃദയം തകർന്നു് "സീതാരാമൻ, ഞാൻ ഇപ്പോൾ ക്ഷമിക്കുന്നു. എന്നാൽ ഈ രൂപാ നിങ്ങൾ മടക്കിക്കൊടുക്കണം.

അഗാധജലത്തിലകപ്പെട്ടു് മരിക്കാൻ തുടങ്ങിയവൻ രക്ഷപ്പെട്ടു. കറുത്തിരുണ്ടകാർമേഘങ്ങളുടെ ഇടയിൽ നിന്നും ചന്ദ്രൻ പ്രത്യക്ഷമാകുന്നതുപോലെ അയാളുടെ മുഖചന്ദ്രൻ പ്രകാശിച്ചു. തൂക്കിക്കൊല്ലാൻ വിധിക്കപ്പെട്ട ഒരാൾക്കു് വിടുതൽ കിട്ടി എന്നറിയുമ്പോൾ എത്രമാത്രം സന്തോഷം ഉണ്ടാകുമോ അതിലുമധികം സന്തോഷം സീതാ

രാമനുണ്ടായി. അയാൾ മുട്ടുകുത്തി നിന്നു കൊണ്ടു് അശ്രുപൂൎണ്ണങ്ങളായ നയനങ്ങളാൽ എന്നെ വീക്ഷിച്ചു. "ഈ ഉപകാരം ആയുഷ്കാലം മുഴുവനും ഞാൻ കൃതജ്ഞതാപൂൎവ്വം സ്മരിക്കും."

ഈ സംഭവത്തിനുശേഷം വൎഷം പത്തു കഴിഞ്ഞു. സീതാരാമൻ ഇപ്പോഴും എന്റെ ആഫീസ്സിൽ തന്നെ ഉണ്ടു്. അയാൾ പ്രതിമാസം നൂററിഅൻപതു രൂപാശമ്പളം വാങ്ങി ആനന്ദമായി കഴിഞ്ഞുകൂടുന്നു. തന്റെ കൃത്യനിഷ്ഠയും സത്യനിഷ്ഠയും കൊണ്ടു് അയാൾ അന്നത്തെ പാപകളങ്കത്തെ നിശ്ശേഷം കഴുകിക്കളഞ്ഞു. ആഫീസ്സിലുള്ളവൎക്കു് ഇന്നു് സീതാരാമനെപ്പററി നിസ്സീമമായ ബഹുമാനമുണ്ടു്. പട്ടണം മുഴുവൻ അയാളുടെ പേരു് നന്മയുടെ പൎയ്യായപദമായിത്തീൎന്നിരിക്കുന്നു. സീതാരാമനെ കാണുമ്പോൾ എന്റെ ഹൃദയപുഷ്പം വികസിക്കും. എന്റെ കുട്ടികൾ അയാളെ ഗുരുനാഥനായി ഗണിക്കുന്നു.

(പകൎപ്പവകാശം)


# പള്ളത്തിന്റെ കൃതികൾ.

പാരതന്ത്ര്യത്തിന്റെ ചങ്ങലക്കണ്ണികൾ മുറിഞ്ഞുവീഴുന്ന ശബ്ദം, പൌരുഷത്തിൽ കൈവാളിളക്കം, വേലക്കാരുടെ വിയൎപ്പുതുള്ളികളെക്കൊണ്ടു് വെള്ളിവാൎക്കുന്നതു്, പാവങ്ങളുടെ കണ്ണുനീർ, അസമത്വത്തിന്റെ അന്തിമശ്വാസം, ഭാരതമാതാവിന്റെ തൃക്കൈകളിൽ ചുററികയും അരിവാളും ഇങ്ങനെ ഹൃദയഹാരികളായ നിരവധി അമ്ലാനമലരുകൾ—ഒരു മഹാകവിയുടെ ഹൃദയകേദാരത്തിൽ വിളഞ്ഞ മധുരഫലങ്ങൾ—കൈരളിക്കു് ഇതാ ഒരു തിരുമുൽക്കാഴ്ച.

ഈ പന്ത്രണ്ടു പുസ്തകവും രണ്ടു വാല്യമായി ബയന്റുചെയ്തതു്.
ഓരോ വാല്യത്തിനും ൬ രൂപാവീതം.

12 പദ്യകൃതികൾ.

| | | | | | |
|---|---|---|---|---|---|
| 1 | സ്വാഗതം | 0 10 0 | 7 | രക്തവേദി | 0 10 0 |
| 2 | സ്വാതന്ത്ര്യഭിക്ഷ | 0 10 0 | 8 | തൊഴിൽശാലയിലേക്കു് | 0 10 0 |
| 3 | സാത്യപ്രഭ | 0 10 0 | 9 | കാലകല്ലോലം | 0 10 0 |
| 4 | ഹൃദയമൎമ്മരം | 0 10 0 | 10 | ഇരുട്ടിലെ വെളിച്ചം | 0 10 0 |
| 5 | മധുരസ്വപ്നം | 0 10 0 | 11 | ഭാരതബന്ധു | 0 10 0 |
| 6 | പുഷ്പവൎഷം | 0 10 0 | 12 | പള്ളിവാൾ | 0 10 0 |

മഹാകവി വള്ളത്തോൾ, മഹാകവി എൻ. കുമാരനാശാൻ, ഈ. വി. കൃഷ്ണപിള്ള ഇവരുടെ എല്ലാ കൃതികളും വില്പനയ്ക്കുണ്ടു്.

കൂടാതെ വേദാന്തപുസ്തകങ്ങൾ, ദാമ്പത്യപുസ്തകങ്ങൾ, തുള്ളൽക്കഥകൾ, കഥകളിപ്പുസ്തകങ്ങൾ, വടക്കൻപാട്ടുകൾ, വഞ്ചിപ്പാട്ടുകൾ, കുറത്തിപ്പാട്ടുകൾ മുതലായവ എപ്പോഴും വില്പനയ്ക്കു തയാർ!

(കൂടുതൽ വിവരങ്ങൾ ഞങ്ങളുടെ വലിയ ക്യാററ്ലാഗിൽ)

മാനേജർ, വി. വി. പ്രസ്സ്, കൊല്ലം.

# ശിക്ഷാനിയമതത്വങ്ങൾ.

(ലാപ്രൊഫസ്സർ, പി. എസ്സ്. അച്യുതൻപിള്ള, എം. എ. എം. എൽ.)

ഒരു കുററകൃത്യം ഒരുവനിൽ സ്ഥാപിക്കണമെങ്കിൽ, പ്രോസിക്യൂഷൻവശത്തുനിന്നും അഥവാ വാദിഭാഗ (സർക്കാരോ, അന്യായക്കാരനോ ആകാം.)ത്തുനിന്നും കോടതിമുമ്പാകെ നിരാക്ഷേപമായ രീതിയിൽ രണ്ടു പ്രധാന സംഗതികൾ തെളിയിക്കേണ്ടതാണെന്നു ക്രിമിനൽ നിയമം അനുശാസിക്കുന്നു. ഒന്നു കോർപ്പസ്സ് (Corpus) അല്ലെങ്കിൽ കുററകൃത്യം. രണ്ടു് മെൻസ് റിയാ (Mens rea) അഥവാ അപരാധമനഃസ്ഥിതി എന്നതുമാകുന്നു. ഇവ രണ്ടിൻെറയും സാന്നിദ്ധ്യവും സംയോജനവുമുണ്ടെങ്കിൽ മാത്രമേ ഒരാളെ ക്രിമിനൽശിക്ഷയ്ക്കു് വിധേയനാക്കുവാൻ പാടുള്ളൂ. ഒരാൾ യദൃച്ഛയാ മറെറാരുത്തനെ ഒരു മുറിവേൽപ്പിച്ചുവെന്നുവരാം. വിറകു കീറിക്കൊണ്ടിരിക്കുന്നതിനിടയിൽ, വെട്ടുകാരൻെറ കയ്യിൽനിന്നും കോടാലിക്കൈ യദൃച്ഛയാ ഊരി മൂർച്ചയേറിയ കോടാലി ഊക്കോടുകൂടി സമീപസ്ഥൻെറ തലയിൽ ചെന്നുവീണു അപായകരമായ മുറിവുണ്ടാക്കിയെന്നാൽ, തീർച്ചയായും വെട്ടുകാരനെ കുററവാളിയായി സാമാന്യബുദ്ധിയുള്ളവരാരും കരുതുകയില്ലല്ലോ! കാരണം സമീപസ്ഥനെ മുറിവേൾപ്പിക്കണമെന്നുള്ള ദുഷ്ടവിചാരം (Malice) വെട്ടുകാരനില്ലാത്തതുകൊണ്ടുതന്നെ. എന്നാൽ ചില സന്ദർഭങ്ങളിൽ ദുഷ്ടമനഃസ്ഥിതി മനുഷ്യനിൽ നിയമം നിർബന്ധമായി ആരോപിക്കും. ഉദാഹരണമായി നിറഞ്ഞ തോക്കുകൊണ്ടു് ഒരാൾ മറെറാരാളുടെ നേരേ വെടിവെച്ചുവെന്നിരിക്കട്ടെ. തൻെറ വെടിയുടെ ഫലമായി ഇതരനു മരണമോ, അപായകരമായ മുറിവോ ഉണ്ടാകുമെന്നു താൻ ഉദ്ദേശിച്ചില്ല എന്നും വെടിവെച്ചയാൾ പറയുന്നുവെങ്കിൽ അതിനെ നിയമം അവഗണിക്കുകയേ ഉള്ളൂ. മറുപടിയായി ജഡ്ജി പറയും, "നിൻെറ പ്രവൃത്തിയുടെ സ്വാഭാവികഫലം കഠിനക്ഷതമോ, ജീവഹാനിയോ സമീപസ്ഥനു സംഭവിക്കുമെന്നു സാമാന്യബുദ്ധിയുള്ള ഏവനും നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാകുന്നു. അതിനാൽ നിൻെറ ഈ കൃത്യത്തിൻെറ സ്വാഭാവികഫലം നീ ഉദ്ദേശിച്ചിരുന്നുവെന്നുതന്നെ നിയമം അനുമാനിക്കുന്നു. മറിച്ചു പറയുവാനോ ആ പറച്ചിലിനെ കേൾക്കുവാനോ ഈ കോടതി തയാറില്ല." ഇപ്രകാരം പ്രത്യക്ഷത്തിൽ തന്നെ ഫലസൂചകങ്ങളായ കൃത്യങ്ങളൊഴികെ മററുള്ളവയിലെല്ലാം പ്രതിയിൽ കുററമനഃസ്ഥിതി തെളിയിക്കേണ്ട ഭാരം വാദിഭാഗത്തുതന്നെ നിക്ഷിപ്തമായിരിക്കുന്നു.

ഏതെങ്കിലും പ്രതിയുടെമേലുള്ള ക്രിമിനൽനടപടി കോടതിമുൻപാകെ ആരംഭിക്കേണ്ടതു്, അയാൾ നിരപരാധിയെന്നുള്ള സങ്കല്പത്തിലായിരിക്കണമെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. പ്രതിക്കൂട്ടിൽ നില്ക്കുന്ന പ്രതി, തന്നിൽ ആരോപിക്കപ്പെട്ടിരിക്കുന്ന കുററം താൻ ചെയ്തിട്ടില്ലാ എന്നു പറയുമ്പോൾ, "സത്യമായും താൻ ആ കൃത്യം ചെയ്തിട്ടില്ലാ" എന്നു പറയുന്നതായി ആരും മനസ്സിലാക്കേണ്ടയാവശ്യമില്ല. കൃത്യത്തിൻെറ സത്യാസത്യാവസ്ഥയെപ്പററിയല്ലാ അവിടെ ചോദ്യോത്തരം നടക്കുന്നതെന്നു നാം ധരിക്കണം. ക്രിമിനൽനിയമമനുസരിച്ചുള്ള തൻെറ നിരപരാധിതാസ്ഥാനത്തിന്മേൽ വിസ്താരം തുടങ്ങണമെന്നും വാദിഭാഗത്തുനിന്നും തൻെറ പേരിലുള്ള കുററത്തെ സംശയാതീതമായി കോടതിമുൻപാകെ തെളിയിക്കണമെന്നും മാത്രമാണു് പ്രതിയുടെ ഈ പ്രസ്താവനയിൽ നിന്നും നിയമജ്ഞന്മാർ മനസ്സിലാക്കേണ്ടതു്. ചുരുക്കം പറഞ്ഞാൽ നിയമം ഒരു പൗരനു നൽകുന്ന അനിഷേധ്യമായ ഒരു മൗലികാവകാശത്തെ (നിഷ്പക്ഷമായ വിചാരണ) പ്രതി പ്രസ്തുതകേസ്സിൽ അവകാശപ്പെടുന്നുവെന്നേ നാം ധരിക്കേണ്ടൂ. അല്ലാതെ ഈശ്വരസാക്ഷിയായി അയാൾ സ

ത്യംചെയ്തു ബോധിപ്പിക്കുന്ന ഒരു വാസ്തവമായി പ്രതിയുടെ പ്രസ്താവനയെ ആരും കണക്കാക്കേണ്ടയാവശ്യമില്ല. ഇക്കാരണംകൊണ്ടു തന്നെയാണു് ക്രിമിനൽകേസ് പ്രതികൾക്കു സത്യവാചകം ചൊല്ലിക്കൊടുക്കാത്തതു്. നമ്മുടെ ക്രിമിനൽ നടപടിയനുസരിച്ചു പ്രതികളെ സാക്ഷികളായി ഗണിക്കുന്നില്ല. താൻ കുററംചെയ്തിട്ടില്ല എന്നൊരുപ്രതി പറയുന്ന നിമിഷം മുതൽ, തെളിവുഭാരം മുഴുവനും പ്രോസിക്യൂഷൻ വഹിക്കേണ്ടതാകുന്നു. ശ്രമാവഹമായ ഈ കൃത്യനിർവ്വഹണത്തിനിടയിൽ പ്രതി കുററംചെയ്തിരിക്കാനിടയില്ലെന്നു അല്പമെങ്കിലും സംശയത്തിനിടകൊടുക്കുമെങ്കിൽ, ഈ സംശയാനുകൂല്യം പ്രതിക്കു നൾകേണ്ടതാണെന്നും നിയമം അനുശാസിക്കുന്നുണ്ടു്.

ഈ തത്വംമൂലം യഥാർത്ഥത്തിൽ കുററം ചെയ്ത ഒരു കുററവാളി നിയമഹസ്തത്തിൽനിന്നും രക്ഷപെട്ടേക്കാം. എന്നാൽ പല അപരാധികൾ രക്ഷപെട്ടാൽ സമുദായത്തിനു വന്നുകൂടുന്ന ദൂഷ്യത്തെക്കാൾ തുലോം പരിതാപകരമായ ഒരു നിലയായിരിക്കും നിരപരാധിയായ ഒരുവൻെറ ശിക്ഷമൂലം രാഷ്ട്രത്തിനു വന്നുകൂടുന്നതു്. യഥാർത്ഥത്തിൽ കുററംചെയ്ത ഒരുവൻ അശിക്ഷിതനായിപ്പോകുന്നതുമൂലം നിയമംകൊണ്ടുദ്ദേശിക്കപ്പെട്ടിട്ടുള്ള പ്രയോജനമുണ്ടായില്ലെന്നൊരു ദൂഷ്യമേയുള്ളു. എന്നാൽ നിരപരാധി ശിക്ഷിക്കപ്പെടുമ്പോൾ നിയമോദ്ദേശം സാധിച്ചില്ലെന്നു മാത്രമല്ലാ (കള്ളനെ പിടികിട്ടിയില്ലെന്നുള്ളതിനുപുറമേ) മററൊരു വ്യക്തിക്കു ദോഷം വരുത്തിവെക്കുകയും ചെയ്യുന്നു. താൻ യഥാർത്ഥത്തിൽ ചെയ്യാത്ത ഒരു കൊലക്കുററത്തിനു ഒരു നിരപരാധി തൂക്കുമരത്തിലേക്കു ആനയിക്കപ്പെടുന്ന വേളയിൽ, ആ സ്ഥലത്തു ജനക്കൂട്ടത്തിലുണ്ടാകാനിടയുള്ള യഥാർത്ഥ കൊലപ്പുള്ളിയുടെ വിചാരമെന്തായിരിക്കും? നിയമത്തെപ്പററി എന്തുമാത്രം പുച്ഛവും പരിഹാസവുമായിരിക്കും അയാളിൽ ഉണ്ടായിരിക്കാനിടയുള്ളതു്. നിയമത്തെപ്പററിയുള്ള ഈ അവജ്ഞ ക്രമേണ ജനസമുദായത്തിൽ പടർന്നുപിടിക്കുന്നപക്ഷം രാഷ്ട്രത്തിൻെറ അടിസ്ഥാനം തന്നെ തകർന്നുപോകും. മുൻപു് ഫ്രാൻസിൽ നിരപരാധികളെ ശരിയായ തെളിവുകൂടാതെ ശിക്ഷിക്കപ്പെട്ടതുമൂലം രാജ്യത്തു് സാമാന്യജനങ്ങൾക്കു് നിയമസമാധാനസ്ഥാപനങ്ങളോടുള്ള ആദരവു കുറഞ്ഞുവെന്നും ഇതു ഫ്രെഞ്ചുവിപ്ലവത്തിൻെറ കാരണങ്ങളിലൊന്നായിരുന്നുവെന്നും ചരിത്രകാരന്മാർ പ്രസ്താവിച്ചുകാണുന്നുണ്ടു്.

ഈ നടപടികളുടെ അടിസ്ഥാനതത്വം വ്യക്തിയുടെ സ്വാതന്ത്ര്യസംരക്ഷണം തന്നെയെന്നുള്ളതിനു പക്ഷാന്തരമില്ലല്ലോ. ഈ വക സംഗതികളിൽ ചിലപ്പോൾ രണ്ടു തത്വങ്ങളുടെ പ്രത്യക്ഷസംഘട്ടനം നമുക്കു് കാണുവാൻ കഴിയും. ഇവ പൊതുസമുദായതാല്പര്യവും വ്യക്തിസ്വാതന്ത്ര്യസംരക്ഷണതത്വവും തമ്മിലുള്ളതുതന്നെയാണു്. ഉദാഹരണമായി അഴിമതിനിവാരണനിയമംതന്നെ പരിശോധിക്കുക. ഒരുദ്യോഗസ്ഥനിൽ അഴിമതിക്കുററമാരോപിക്കുമ്പോൾ, അയാളുടെ കുററം നിരാക്ഷേപമായി കോർട്ടുമുമ്പാകെ പ്രോസിക്യൂട്ടർ തെളിയിക്കണമെന്നുള്ള സാമാന്യ ക്രിമിനൽ നിയമാടിസ്ഥാനതത്വം അംഗീകരിക്കേണ്ടതു് വ്യക്തിയുടെ സ്വാതന്ത്ര്യസംരക്ഷണത്തിനത്യാവശ്യമാകുന്നു. സംശയത്തിനല്പമെങ്കിലും പഴുതുണ്ടെങ്കിൽ ഉദ്യോഗസ്ഥനെ വെറുതെ വിടേണ്ടതു് ഈ തത്വമനുസരിച്ചു് അധികാരികളുടെ കടമതന്നെയാണു്. പ്രത്യുത സംശയിക്കപ്പെട്ടയാൾ തൻെറ നിരപരാധിത്വം നിരാക്ഷേപമായി തെളിയിക്കണമെന്ന തത്വം നിയമവകുപ്പുകളിൽ അംഗീകരിക്കപ്പെട്ടമെങ്കിൽ അനേകം പേർ തങ്ങളിൽ ആരോപിക്കപ്പെട്ട കുററങ്ങൾക്കു് ശിക്ഷിതരായേക്കാനിടയുണ്ടു്. ആംഗ്ലേയനിയമത്തിൽ ഇന്നും വ്യക്തിസ്വാതന്ത്ര്യസംരക്ഷണത്തിനാണു് പ്രാധാന്യം കല്പിച്ചുകാണുന്നതു്. നമ്മുടെ നിയമകർത്താക്കളും അവഗാഢമായി ചിന്തിച്ചതിനുശേഷം മാത്രം നടപ്പിൽ വരുത്തേണ്ട ചില അടിസ്ഥാനതത്വങ്ങളാണു് ഈ പുതിയ നിയമങ്ങളിലും അന്തർല്ലീനമായി സ്ഥിതിചെയ്യുന്നതെന്നു നിസ്സംശയം പറയാം.

---

# ഹൃദയാരാധന.

(ഒരു നാടകീയ കാവ്യഖണ്ഡം)

(വയലാർ, ജി. രാമവർമ്മ)

(വിശ്വാമിത്രന്റെ ആശ്രമം. അടുത്തുതന്നെ സമാരംഭിക്കുന്ന യാഗമഹോത്സവത്തിൽ പങ്കെടുക്കുവാൻ വന്നെത്തിയ ജനകമഹാരാജാവിനും, മൈത്രേയിക്കും, ജാനകിയ്ക്കും, പ്രത്യേകം തയ്യാർ ചെയ്തിട്ടുള്ള ഉയർന്ന മണിമാളികകൾ—ഇളകുന്ന തൈവല്ലികളുടെ തളിർപ്പൂങ്കുലകൾ അന്തരീക്ഷത്തിൽ പുളകം പൂശുന്ന ആരാമമദ്ധ്യത്തിലുള്ള ജാനകിയുടെ അന്തഃപുരം. മുറിയിൽ, 'തളിർക്കിടക്കയിൽ' സീത വികാരവിവശയായി കിടക്കുന്നു. സുചരിതയും, ശീലവതിയും ചെന്താമരയിലകളാൽ രാജകുമാരിയെ വീശുന്നു. കൌശികൻ യാഗരക്ഷയ്ക്കു് രാമലക്ഷ്മണന്മാരെക്കൂട്ടിക്കൊണ്ടുവരാൻ അയോദ്ധ്യയ്ക്കു് പോയിരിക്കുകയാണു്.)

സുചരിത:—

"പരിഹസിപ്പീലേ, ചിരിച്ചു, തോഴീ
മരതക നീലമീ യന്തരീക്ഷം?
തളിരിട്ടമാശകൾ പൂവണിയാൻ
തരമായി; വാസന്തമെത്തിയില്ലേ?
പരമെന്തി നീയാധി; നിൻകണവൻ
വരുമല്ലോ രാവൊന്നു പോയ്മറഞ്ഞാൽ!
സുരസുഖ ലീലാ പരശ്ശതങ്ങൾ,
വരമേകി നിൽപൂ പുളകിതങ്ങൾ!!"

ജാനകി:—

"തളിർ മുല്ലമൊട്ടുകളെണ്ണു തോഴീ
കുളിർമണിമാല്യം കൊരുത്തുവോ നീ?
അനുരാഗസാന്ദ്രമെൻ ചേതനയിൽ
അനുവേലമാശകൾ വാടിവീഴ്വൂ!
അനുദിനം കോർക്കും മലർ നിരകൾ
തനുതളർന്നെന്നും കൊഴിഞ്ഞുപോകും!
അവ, നാളെയെന്നന്ത്യ വായുവേററാൽ
അവമാനപൂർവം കരിഞ്ഞുകൊള്ളും!

ശീലവതി:—

"അരുതരുതെന്തീ വിചാരമയ്യോ
മരണമല്ലല്ലോ വരണമാല്യം!
രഘുവരൻ നാളെ സ്സമാഗമിക്കും
സുഖരത നിർവൃതി കാഴ്ചവെയ്ക്കാൻ!

(ജാനകിയുടെ മുഖത്തു പൊടിഞ്ഞ മന്ദഹാസലേശം, പെട്ടെന്നു ഒരു ശോകച്ഛായ മാച്ചുകളയുന്നു.)

സുചരിത:—

"തിരകളിളയ്ക്കുന്ന പൂവനത്തിൽ
സുരഭിലചന്ദന മന്ദവാതം!
അവിടെത്തിരെന്നാക്കാം നമുക്കു, തോഴീ
വിവിധകലാശില്പ പുഷ്പലോകം!.
നറുമലർ മഞ്ജു നികുഞ്ജകങ്ങൾ,
പരിമള മാദകസൗഭഗങ്ങൾ,
അവിടേയ്ക്കുപോകാം, കിളികൾപാടും
അനുരാഗഗാനങ്ങൾ കേട്ടുനിൽക്കാം!
കൂട്ടുകൂടെപ്പൊട്ടിച്ചിരിച്ചു പായും
തടിനിതൻ നിസ്തുല്യരാഗവായ്പിൽ,
അനുരാഗചുംബനമെത്രയെത്ര
വനനീല ശഷ്പങ്ങളേററിരിയ്ക്കാം!
എഴുനേൽക്ക [illegible]
അഴകിന്റെ യാജന മണ്ഡപത്തിൽ!

ജാനകി:—

(തുടുത്തകവിൾത്തടങ്ങളിൽ നീരസത്തിന്റെ കരിനിഴൽപ്പാടുകളോടെ,)

"പണിയേറെയില്ലെങ്കിൽ പോയി
പരിണയിച്ചോളൂ; ലതാഗൃഹത്തിൽ!
മരവിച്ചുകാററിൽച്ചുരുണ്ടിരിക്കാൻ
വരികില്ലതോഴീ, വിറച്ചുചാകാൻ!
കരൾനീറിവെന്തോട്ടെ; കാമ്യമാണീ
നരകവും, സ്വർഗ്ഗാലയങ്ങളേക്കാൾ!
കമനീയമാണെനിക്കാശകൾതൻ
കരിതേച്ചവേഷങ്ങളെന്നുമെന്നും!

കനകക്കിണ്ണാവുകൾകാഴ്ചനൽകും
കമലാളനാശ്ലേഷനിർവൃതികൾ!!"
(ശീലവതിയോടുതിരിഞ്ഞു:—)
പുത്തുമലർത്തേൻചാറിൽമുക്കിമുക്കി
പുളകങ്ങൾപൂശ്ശുമാട്ടിവിചിത്രം,
അകൃതകസുന്ദരരാഗസാന്ദ്രം,
അതിലൊന്നുനോക്കിക്കിടന്നുകൊള്ളാം!
(തിരിഞ്ഞുനോക്കി കോപത്തോടെ,)
"കനിവററകണ്ണുകളെന്തിനീശൻ
തവതന്നതോടീ; തിരിഞ്ഞുനോക്കൂ!
മഷിമററിനീറുന്ന പൊൻവിളക്കിൽ
മുഷിവേററകാഞ്ചനനൂൽത്തിരികൾ!
കരിതട്ടിമാററൂ;—നിറച്ചുവെയ്ക്കൂ,
സുരഭിലചന്ദനധൂമപാത്രം!!"
(എഴുന്നേററു രഘുവീരന്റെ ചൈതന്യോജ്വലമായ ചിത്രത്തിന്റെ മുൻപിൽചെന്നു കൂപ്പുകൈകളോടെ,)
"ജയ!ജയ!രഘുവര!ജനിമൃതിനാശന!
കരധൃതശരകോദണ്ഡ!
ജയ!ജയ!ജയ!ജയ! ദശരഥസൂനോ!
പൂജിതനിഖിലാണ്ഡ!
ജയ!ജയ!രാഘവ! ഭവഭയഭഞ്ജക!
കനകാംബരധാരിൻ
ജയ!ജയ!ജഗദ്ദയാരുണ!ഭഗവൻ!
നിശിചരകുലവൈരിൻ!
ജയ!ജയ!സുചരിത! വിജയിതസുമശര
സുന്ദരസുഭഗതനോ!
ജയജയവരദ,ഹരേ!ഹൃദയേശ്വര!
പാലയപാലയമാം!"

(ഇളകാത്ത കൂപ്പുകൈകളോടെ, കണ്ണീർ നിറഞ്ഞ കണ്ണുകളോടെ, തുടിക്കുന്ന കരളോടെ, ഏതാനും നിമിഷനേരത്തേയ്ക്കു് സീത അങ്ങനെ നിൽക്കുന്നു. ആ കീർത്തനാമൃത മാധുരി നിശ്ശബ്ദതയിലേയ്ക്കു് അലിഞ്ഞലിഞ്ഞു ചേരുന്നു: ആളിക്കത്തുന്ന കർപ്പൂരപടലങ്ങളുടെ സുഗന്ധധൂമം അങ്ങെങ്ങും പരക്കുന്നു. തോഴിമാർ, തൊഴുകൈകളോടെ നിന്ന നിലയ്ക്കു നിന്നുപോകുന്നു.

---


## "ശരീരമാദ്യം ഖലുധർമ്മസാധനം."

ഒരിക്കലും ഭേദപ്പെടുകയില്ലെന്നു വിശ്വസിച്ചു് നിരാശക്കുണ്ടിൽ അകപ്പെട്ടു് ജീവിതം നയിച്ചുവന്ന അനേകം രോഗികൾ ഞങ്ങളുടെ ഔഷധം ഉപയോഗിച്ചു ആരോഗ്യവും ആയുസ്സും വർദ്ധിച്ചവരായികരതലാമലകംപോലെ വെളിവായിരിക്കുന്നു.

'ജീവരക്ഷാമൃതം' എന്ന **ആനന്ദകുസുമാകരലേഹ്യം**:—അമൃതസഞ്ജീവിനിപോലെ ഫലം നൽകുന്നതു്. 20 തോലാ അടങ്ങിയ ഡപ്പിക്കു് വില രൂ 3,

**ഗുന്മകുലാന്തകൻ**:—ഈ ഭയങ്കരവ്യാധിക്കു് കൃത്യം പറയുന്ന ഒരു ദിവ്യയോഗം (½ അഴ്ച ഉപയോഗിച്ചാൽ മതി.) ഡപ്പി ഒന്നുക്കു് വില രൂ. 3.

**കാസശ്വാസസംഹാരി**:—ആശ്ചര്യകരമായ ഫലസിദ്ധിയുള്ളതു്.
വില ഡപ്പി ഒന്നുക്കു് രൂ. 3.

ഞങ്ങളുടെ പുതിയ ക്യാററലാഗിനു് ആവശ്യപ്പെടുക:—
മദ്രാസ് ജീവരക്ഷാമണിവൈദ്യശാല,
മെയിൻറോഡു്—കൊല്ലം.

# നെററിവിയർത്തു പണിയെടുക്കാത്തവൻ ആഹരിക്കരുത്.

"പർവ്വതസാനുക്കളുടെ പ്രശാന്തനിശ്ശബ്ദതയെക്കാൾ ചുററുപാടുമുള്ള കഷ്ടതകളുടെ കുളുർമ്മയനുഭവിക്കുന്നതാണു് എനിക്കിഷ്ടം."

## മഹാത്മജിയുടെ അവസാനത്തെ പ്രാർത്ഥനായോഗപ്രസംഗം.

[ഗാന്ധിജിക്കു വെടികൊണ്ട ആ ദുർദ്ദിവസത്തിന്റെ തലേദിവസം അദ്ദേഹം ചെയ്ത പ്രസംഗത്തിലെ പ്രധാന ഭാഗങ്ങളാണു് താഴെ കാണുന്നതു്.]

"ബണുവിൽനിന്നു് ൨൦ അഭയാർത്ഥികൾ ഇന്നുച്ചയ്ക്കു് എന്നെ കാണാൻ വരികയുണ്ടായി. എനിക്കു് അവരെ കാണാനാഗ്രഹമുണ്ടായിരുന്നെങ്കിലും അടിയന്തിരമായ ചില കൃത്യങ്ങളുണ്ടായിരുന്നതിനാൽ അവരെ കാണാൻ കഴിഞ്ഞില്ല. ശ്രീ: ബ്രിജകൃഷ്ണനോടു് അവരുടെ പ്രസ്താവനകൾ രേഖപ്പെടുത്തുവാൻ ഞാൻ പറഞ്ഞു. അതിലൊരാൾ, ഞാനാണു് അവരുടെ കഷ്ടപ്പാടുകൾക്കെല്ലാം ഉത്തരവാദിയെന്നു ദേഷത്തോടു പറഞ്ഞു. എന്നോടു് ഹിമാലയത്തിൽ പോകാൻ നിർദ്ദേശിച്ചു. ഞാനെന്തിനാണു് ഹിമാലയത്തിൽ പോകുന്നതു്? മാനവമനസ്സിന്റെ അന്തരാളത്തിൽ കടന്നു് നിഗൂഢസംഭാഷണം നടത്തുന്ന ഈശ്വരന്റെ കല്പനയനുസരിച്ചേ ഞാൻ നടക്കുകയുള്ളൂ. പർവ്വതസാനുക്കളുടെ പ്രശാന്തനിശ്ശബ്ദതയെക്കാൾ ചുററുപാടുമുള്ള കഷ്ടതകളുടെ കുളുർമയനുഭവിക്കുന്നതാണു് എനിക്കിഷ്ടം. നിങ്ങളെല്ലാവരും ഹിമാലയത്തിൽ പോകുന്നു എങ്കിൽ നിങ്ങളുടെ എളിയ സേവകനെന്ന നിലയ്ക്കു ഞാനും അനുഗമിക്കും അതുവരെ ഞാൻ നിങ്ങളുടെകൂടെത്തന്നെ താമസിക്കും........

കഷ്ടപ്പെടുന്ന മനുഷ്യന്റെ അദ്ധ്വാനമേ സന്തോഷം നൽകുകയുള്ളൂ. തിന്നുകുടിച്ചു പുളയ്ക്കാനല്ല ഈശ്വരൻ മനുഷ്യനെ സൃഷ്ടിച്ചതു്. യജ്ഞം ചെയ്തതിന്റെ ഫലമാണു് മനുഷ്യൻ അനുഭവിക്കേണ്ടതെന്നു ഗീത പ്രകീർത്തിക്കുന്നു. അദ്ധ്വാനിക്കാതെ തിന്നുന്ന കോടീശ്വരന്മാർ ഇത്തിക്കണ്ണികളാണു്. നെററിവിയർത്തു് അദ്ധ്വാനം ചെയ്യാത്തവർ ആഹരിക്കാതിരിക്കണം.

വികലാംഗരുടെ കാര്യത്തിലെ നീതിന്നൊരപവാദമുള്ളൂ. അവർക്കു സമുദായം ഭക്ഷണം നൽകേണ്ടതുമാണു്..........എനിക്കു് വല്ല അധികാരവുമുണ്ടെങ്കിൽ ഗവർണ്ണർ ജനറലും, പ്രധാനമന്ത്രിയും കർഷകവർഗ്ഗത്തിൽ പിറന്നവരായിരിക്കണമെന്നാണു് ഞാൻ പറയുക. ഭൂമിയാകുന്ന സാമ്രാജ്യത്തിലെ പ്രജാപതികളാണു് കർഷകർ എന്നു ഞാൻ ചെറുപ്പത്തിൽ പഠിച്ചിട്ടുണ്ടു്. ദൃഢമായ കാര്യബോധവും, പ്രശംസാവഹമായ വ്യക്തിധൈര്യവും, അസന്നിഗ്ദ്ധമായ ആത്മാർത്ഥതയും, സംശയാതീതമായ ദേശാഭിമാനവുമുള്ളവർ നിരക്ഷരരാണെങ്കിലും ഈ മാതിരി ഉദ്യോഗത്തിനർഹരായിരിക്കണം. യഥാർത്ഥ ഉല്പാദകരെന്ന നിലയ്ക്കു കൃഷിക്കാരാണു് സ്വത്തിന്നവകാശികൾ. നാം അവരെ അടിമകളാക്കിവെയ്ക്കുന്നുവെന്നേയുള്ളൂ."

—o—

# പുതിയ പ്രസിദ്ധീകരണങ്ങൾ!

## ഡിററക്ടീവുനോവൽ.

| | രൂ. | ണ |
|---|---|---|
| അത്ഭുതമോഹിനി | 2 | 0 |
| കോമളനന്ദിനി | 2 | 0 |
| രാജം | 1 | 8 |
| മിന്നൽകേസരി | 1 | 4 |
| കുമാരിതങ്കം | 1 | 0 |
| കനകസുന്ദരി | 1 | 4 |
| പ്രേമപ്രദീപം | 1 | 8 |
| വിജയവീരൻ | 0 | 8 |

## സാമുദായികനോവൽ.

| | | |
|---|---|---|
| വിവാഹം | 1 | 0 |
| ഭാരതി | 1 | 0 |
| ദേവമ്മാൾ | 0 | 8 |
| ഓമനമകൾ | 0 | 8 |
| ചന്ദ്രിക | 1 | 0 |
| റാണിമല്ലിക | 1 | 8 |
| വേലക്കാരി | 1 | 0 |
| പ്രഭുകുമാരി | 1 | 8 |
| സിനിമാനടി | 1 | 0 |
| മനോഹരി | 2 | 4 |
| രക്തബാഷ്പം | 1 | 0 |
| ലളിത | 1 | 8 |
| അമ്മായിഅമ്മ | 0 | 4 |
| അപരാധിനി | 0 | 4 |
| കല്യാണി | 0 | 6 |
| കടൽക്കള്ളൻ | 0 | 6 |
| പ്രേമസാഗരം | 0 | 6 |
| അന്നത്തെ സ്വത്തും | 0 | 3 |
| മദ ഭൂഷണൻ | 0 | 3 |
| ശാരദാമ്മ | 0 | 4 |
| ശിശുപാലൻ | 0 | 4 |
| വിശ്വമോഹിനി | 0 | 4 |
| കനകമ്മ | 0 | 4 |
| അനുരാഗം | 0 | 4 |
| കുട്ടിത്തങ്കമ്മ | 0 | 12 |
| രാജേശ്വരി | 0 | 8 |
| പതിവ്രതകൾ | 0 | 6 |
| കാഞ്ചനവല്ലി | 0 | 3 |
| മാലതി | 0 | 3 |

## ഗദ്യനാടകങ്ങൾ.

| | രൂ. | ണ. |
|---|---|---|
| കുലാംഗന | 1 | 4 |
| മഹിള | 1 | 0 |
| പ്രേമയാചകി | 1 | 0 |
| അമ്മ | 0 | 12 |
| രാഗസുഷമ | 0 | 12 |
| ശാരദ | 1 | 8 |
| സഹോദരി | 1 | 0 |
| അനിയത്തി | 1 | 0 |

## ഖണ്ഡകാവ്യങ്ങൾ.

| | | |
|---|---|---|
| സ്നേഹശൃംഖല | 0 | 8 |
| കാമുകന്റെ കണ്ണുനീർ | 0 | 6 |
| കൈരളീമുരളി | 0 | 8 |
| ഋതുസംഹാരം ഭാഷ | 0 | 6 |
| ശ്രീകൃഷ്ണവിലാസം ഭാഷ 6-ാംസർഗ്ഗം | 0 | 4 |
| മാധവി | 0 | 6 |
| കാളിയമർദ്ദനം | 0 | 6 |
| മനോരമ | 0 | 6 |
| പൂനിലാവു് | 0 | 6 |
| കുസുമം | 0 | 6 |
| പത്മിനി | 0 | 6 |
| പത്മിനി | 0 | 3 |
| വനിതാമണി | 0 | 8 |
| രമ | 0 | 3 |
| വ്യാസോത്സവം | 0 | 3 |
| വിലസിയപൂവു് | 0 | 4 |
| വാമനവൃത്തം | 0 | 6 |
| നീതിസാരം ഭാഷ | 0 | 4 |
| ബാലഹാരം | 0 | 6 |
| ശൃംഗാരതിലകം ഭാഷ | 0 | 4 |
| സരസകവനങ്ങൾ | 1 | 0 |
| സാവിത്രി | 0 | 6 |

## ചെറുകഥകൾ.

| | | |
|---|---|---|
| വൈചിത്ര്യങ്ങൾ 10 കഥ | 1 | 0 |
| മുതലാളി 5 കഥ | 0 | 8 |
| മന്ദഹാസം 5 കഥ | 0 | 8 |

## ദാമ്പത്യവും മററും.

| | | |
|---|---|---|
| പാചകമനോരമ | 1 | 0 |
| അംഗലക്ഷണം | 0 | 8 |
| രതിരസാർണ്ണവം | 0 | 12 |
| കന്ദർപ്പചൂഡാമണി | 1 | 8 |
| മദനസാമ്രാജ്യം | 2 | 0 |
| രതിമനോരമ | 0 | 12 |
| മദനമണ്ഡലം | 0 | 8 |

N. B. ഒരു രൂപായിൽ കുറഞ്ഞു വി. പി. അയയ്ക്കുന്നതല്ല. ഒരു രൂപായിൽ കുറഞ്ഞ പുസ്തകം വേണ്ടവർ പുസ്തകവിലയും, അഞ്ചലിൽ 5 ചക്രവും, തപാലിൽ 5 അണയും കൂടി മുഴുവൻസംഖ്യയ്ക്കും സ്റ്റാമ്പായയയ്ക്കുക.

അപേക്ഷിക്കേണ്ടും മേൽവിലാസം:—

വിദ്യാരംഭംപ്രസ്സ്, & ബുക്കഡിപ്പോ,
മുല്ലയ്ക്കൽ—ആലപ്പുഴ.

# സംസ്കാരം.

(തുടൎച്ച)

വാരനാട്ടു കെ. പി. ശാസ്ത്രികൾ.

പ്രകൃതിയിൽ ലീനമായിരിക്കുന്ന അനാഘശക്തികളേയും അമൂല്യസമ്പത്തുകളേയും കണ്ടുപിടിച്ചു് ദേശകാലപരിധികളുടെ വികാരവൈവിധ്യങ്ങളേയും ദൂരസ്ഥിതികളേയും അതിലംഘിച്ചു് ഏതാണ്ടു് അമരപദവിയെ അനുഭവിക്കുന്ന പാശ്ചാത്യന്മാരെക്കണ്ടു പൗരസ്ത്യർ ഏറിയ കാലമായി നെടുവീർപ്പിടാറുണ്ടെങ്കിലും, അവരനുഭവിക്കുന്ന ആ അമരപദവി എപ്പോഴും മുള്ളുമെത്തയിൽകൂടിയാണെന്നു കാണുമ്പോഴാണു്—ആ പരമാൎത്ഥം ഇന്നു് അനുഭവത്തിൽ വന്നപ്പോഴാണു്—പൗരസ്ത്യർ അല്പമെങ്കിലും സമാസ്വസ്ഥചിത്തരായിത്തീരുന്നതു്. പാശ്ചാത്യരുടേയും പൗരസ്ത്യരുടേയും സുസൂക്ഷ്മമായ വിഭിന്നത ഇവിടെയാണു് വ്യക്തമാകുന്നതു്. ഈ ജീവിതസൌഖ്യങ്ങളെല്ലാമിരുന്നിട്ടും പാശ്ചാത്യരുടെ ഹൃദയത്തിനു സ്വാസ്ഥ്യമനുഭവിക്കാനുള്ള കഴിവില്ല. ഇവയൊന്നുമില്ലാതെ പാശ്ചാത്യരുടെ അടിമകളായി കഴിഞ്ഞിട്ടും പൌരസ്ത്യരുടെ സ്വാസ്ഥ്യത്തിനു യാതൊരു കുറവുമില്ല.

പ്രകൃതി മനുഷ്യന്റെ ശാരീരികാവശ്യങ്ങൾക്കുള്ള സമ്പത്തിനെ മാത്രമല്ല സംഭരിച്ചിട്ടുള്ളതു്. ഹൃദയത്തിന്റെ വികാസത്തിനുതകുന്ന അനവധി പാഠങ്ങൾകൂടി സംഭരിച്ചു പ്രദൎശിപ്പിച്ചുപോരുന്നുണ്ടു്. മനുഷ്യന്റെ ഉത്തമമായ പാഠം പ്രകൃതിയാണെന്നു ആചാൎയ്യന്മാർ വിധിച്ചതു വെറുതെയല്ല. ഈ പാഠങ്ങളെ—നിത്യമായ സത്യത്തിന്റെ പരമാൎത്ഥഭാവങ്ങളെ—ഇന്നോളം കാണാനോ പഠിക്കാനോ പാശ്ചാത്യർ ശ്രമിച്ചില്ല. പൌരസ്ത്യരാകട്ടെ അനാദികാലം മുതൽക്കേ പ്രകൃതിയുടെ വിഭവസമ്പത്തിൽ കണ്ണും മനവും ചെലുത്താതെ ഹൃദയപ്രീതിയെ മാത്രം ലക്ഷീകരിച്ചു് പ്രകൃതിയുടെ പാഠങ്ങളെ പഠിച്ചു. ആ നിത്യസത്യങ്ങളത്രേ ഭാരതീയരുടെ തത്വശാസ്ത്രസൂക്തങ്ങൾ. ചുരുക്കത്തിൽ ഒരുവൻ വയറിനും, മററവൻ ഹൃദയത്തിനും വേല ചെയ്തു. വയറിന്റെ ആവശ്യത്തിനുള്ള സംഭരണങ്ങളിൽ ആവശ്യം വൎദ്ധിച്ചതനുസരിച്ചു് പരസ്പരസ്പൎദ്ധയും മത്സരവും കൊള്ളയും കവൎച്ചയും അടിപിടിയും നാശവും പാശ്ചാത്യഭൂമികളിൽ കളിയാടി; കളിയാടുന്നു. ഹൃദയം മാത്രം വളൎന്നു് അതിനെ താങ്ങാനുള്ള വിഭവങ്ങളുടെ വൈരള്യം വളൎന്നു് പൗരസ്ത്യർ അടിമകളായി അസ്തപൌരുഷരായിത്തീൎന്നതോടുകൂടി പാശ്ചാത്യസംസ്കാരത്തിന്റെ പ്രാഭവത്തിനു വഴിപ്പെട്ടു രണ്ടുമില്ലാത്തവരായിത്തീൎന്നു. എങ്കിലും നിത്യമായ ആ സത്യം വിജയിക്കതന്നെ ചെയ്തു. സംസ്കാരശുദ്ധിയുടെ മുമ്പിൽ കുമ്പിട്ടു് ഭൗതികശക്തി സാമ്രാജ്യകിരീടമൂരിവച്ചു കപ്പൽകയറി യാത്രയായി! നിത്യമായ സത്യവും സൌന്ദൎയ്യവും എവിടെയുണ്ടോ അവിടെയാണു് പ്രകൃതിയുള്ളതു്. അവിടെ കാണുന്ന വിശേഷമാണു് പ്രകൃതിയുടെ പാഠം. അതിൽനിന്നു ലഭിക്കുന്ന വെളിവാണു് പരിശുദ്ധജ്ഞാനം. അതിന്റെ അനുഭവമാണു് സംസ്കാരം!! നിത്യമായ സത്യം, നിത്യമായ സൗന്ദൎയ്യം ഇതാണു് പ്രകൃതിയുടെ സത്തയെങ്കിൽ, ഈശ്വരസൃഷ്ടിയിൽ വിവേകബുദ്ധി എന്നൊരു അപകടംകൂടി പിടിപെടുകയാൽ പ്രതിനിമിഷം രുചിഭേദത്തിനും മാററങ്ങൾക്കും ഇഷ്ടപ്പെടുന്ന ചപലമായ മാനവസമുദായത്തിന്റെ പരിസരങ്ങളിലെങ്ങുംതന്നെ പ്രകൃതിയുടെ സത്തയെപ്പററി അന്വേഷിക്കേണ്ട ആവശ്യമില്ലല്ലോ. എന്നും മനുഷ്യസമുദായം ഉത്തരോത്തരം വികൃതിക്കുമാത്രം അധീനമാകുന്നു. എവിടെ മനുഷ്യർ കാലൂന്നുന്നുവോ അവിടെനിന്നു പ്രകൃതിയും അവളുടെ സൌന്ദൎയ്യവും എന്നേ

മായി യാത്രപറയുകയാണു്. അകയാൽ മനുഷ്യരിലോ അവരാൽ അധിഷ്ഠിതമായ ദേശകാൎയ്യങ്ങളിലോനിന്നകന്നു മാത്രമേ പ്രകൃതിയേയും പ്രകൃതിപാഠങ്ങളേയുംപററി അന്വേഷിക്കേണ്ടുന്ന ആവശ്യമുള്ളൂ.

ഇന്നു സൂക്ഷിച്ചു കണ്ടാൽ പ്രകൃതിയാൽ ലാളിക്കപ്പെട്ടും പോററപ്പെട്ടും പോരുന്നതും ആ മാതാവിൻെറ അങ്കതലത്തിൽതന്നെ നക്തന്ദിവം സുഖശയനം ചെയ്തു ജീവിതനിർവ്വൃതി അനുഭവിക്കുന്നതും, ജരായുജങ്ങളിൽ മനുഷ്യനൊഴിച്ചുള്ളവയും, അണ്ഡജങ്ങളും, ഉൽഭിജ്ജുകളും തുടങ്ങിയവയാണെന്നും, പ്രകൃതിയുടെ നിത്യമായ സത്യവും സൌന്ദൎയ്യവും കളിയാടുന്നതു മുൻപറഞ്ഞവയിലും അവയുടെ അധിഷ്ഠാനങ്ങളായ പരിതഃസ്ഥിതികളിലുമാണെന്നതു പരമാൎത്ഥം മാത്രമാകുന്നു. ഇവയിൽതന്നെ ചരമെന്ന മനുഷ്യധൎമ്മത്തിൻെറ ഏതാണ്ടംശത്തിനു വിധേയമായ പക്ഷിമൃഗാദികളെക്കാൾ പ്രകൃതിസത്ത വെളിവായിക്കാണാവുന്നതു് ഉൽഭിജ്ജങ്ങളിലാണു്. വിശേഷബുദ്ധിയുള്ള മനുഷ്യൻെറ നക്തന്ദിവമുള്ള പരിശ്രമത്തിൻെറ ഏക ഉദ്ദേശം ജീവിതസുഖം—തദ്വാരാ മനസ്സുഖമാണെങ്കിൽ—ശാന്തിയാണെങ്കിൽ—അതുമാത്രമാണു് അവനില്ലാത്തതും, മററുള്ളവൎക്കുള്ളതും എന്നു നാം കാണുന്നു. വിശിഷ്ടബുദ്ധിയില്ലായ്കയാലായിരിക്കാം ജീവാത്മകമായ നിത്യനൈമിത്തങ്ങളിൽ മാത്രമല്ല, ശാശ്വതമായ വംശധൎമ്മങ്ങളിൽപോലും നിയതിയുടെ നിശ്ചയത്തിൽനിന്നു് അണുവിട വ്യതിചലിക്കാതെ അവയുടെ ജീവിതം സംതൃപ്തിയനുഭവിക്കുന്നു. നിയതി നിശ്ചയങ്ങളെ തെററിക്കാതെ നിയതിയുടെ ഉദ്ദേശരഹസ്യങ്ങളെ കണ്ടുപഠിക്കാനായിട്ടു ലഭിച്ച വിശേഷബുദ്ധികൊണ്ടു മനുഷ്യനിന്നുവരെ സാധിച്ചതു്, നിധിയെടുക്കാൻ അറപൊളിച്ചതുപോലെ രഹസ്യമറിവാൻ നിയതിനിയമങ്ങളെ തെററിച്ചതു മാത്രമാണു്. ഈ നിലയിൽ ഈശ്വരസൃഷ്ടങ്ങളായ ജംഗമാജംഗമങ്ങളിൽ വിശിഷ്ടനായ മനുഷ്യനൊഴിച്ചുള്ളവ നിയതിനിശ്ചയങ്ങളെ തെററിക്കാതെയും മനുഷ്യൻമാത്രം തെററിച്ചു ആ പടിയിലും നിന്നുപോരുന്നുവെന്നുള്ളതാണു് ഇന്നത്തെ പരമാൎത്ഥം.

എന്താണീ നിയതിനിശ്ചയങ്ങൾ എന്നു നോക്കുക. പക്ഷികൾ, മൃഗങ്ങൾ, തിൎയ്യക്കുകൾ എന്നിങ്ങനെ മനുഷ്യനൊഴിച്ചുള്ള സകലജാതി ജീവികളിലും ജാതിയും വൎഗ്ഗവുമുണ്ടു്. അതുകൊണ്ടു് അതതുജാതി വൎഗ്ഗങ്ങൾക്കോ പരജാതിവർഗ്ഗങ്ങൾക്കോ യാതൊരു ഹാനിയും ഉപദ്രവവും കൂടാതെ അവ ജീവിതസംതൃപ്തി നേടുന്നു. മനുഷ്യരിലെ നിയതിനിർദ്ദിഷ്ടമായ ജാതിവർഗ്ഗഭേദങ്ങൾ ഇല്ല. അവരതുണ്ടാക്കി. ഓരോ ജാതിയും അവരവൎക്കും അന്യൎക്കും നിത്യവിപത്തുകളായിത്തീൎന്നു് ജീവിതത്തിൽ നരകമനുഭവിക്കുന്നു. എവിടെയാണു പ്രകൃതിയുടെ നിത്യമായ സത്യമെന്നു കാണുക. മനുഷ്യനാൽ—സ്വയമേവ—ജാതിവർഗ്ഗാദിഭേദമുണ്ടാക്കാത്ത പക്ഷിമൃഗാദികളിൽ ജന്മനാ സിദ്ധമായ ജാതിവൎഗ്ഗഭേദം അണുവിട തെററാതെ പാലിക്കപ്പെട്ടുകാണുന്നു. അവയ്ക്കു പരസ്പരസങ്കരവും ഒരിക്കലും കാണുന്നില്ല. ഈശ്വരനിൎദ്ദിഷ്ടമോ ജന്മസിദ്ധമോ കൎമ്മായത്തമോ അല്ലാതെ വെറും സ്വാൎത്ഥതയ്ക്കുവേണ്ടി മനുഷ്യൻ ഭാവനയിലുണ്ടാക്കിയ ജാതിയ്ക്കാവട്ടെ അതു മായയെപ്പോലെ പ്രത്യക്ഷസത്തയില്ലാതെയും മഴക്കാറുപോലെ കാലദേശോദ്ദേശവ്യവസ്ഥയില്ലാതെയും എറുമ്പും മൂട്ടയുംപോലെ സദോപദ്രവകാരികളും അഭിമാനംപോലെ അനുഭവത്തിലില്ലാതെയും വ്യവഹാരത്തിൽ സൎവ്വത്ര അന്യൎക്കുപദ്രവകാരിയായും നടമാടുന്നു. വേണ്ടാത്തതോ ഇല്ലാത്തതോ ഉണ്ടാക്കി സ്വയം നശിക്കുന്നതു് മനുഷ്യസമുദായം—വിശേഷബുദ്ധിയുള്ള മനുഷ്യസമുദായം-മാത്രമാകുന്നു.

അന്യൎക്കുപദ്രവമില്ലാതെ എന്നതിനോടു കൂടിത്തന്നെയുള്ള ഒരു പരമാൎത്ഥമാണു് ഉപകാരത്തോടുകൂടി എന്നതും. ഉപദ്രവമില്ലാതിരിക്ക മാത്രമായിട്ടു് ഒന്നു പ്രകൃതിയിലില്ല. ഉപദ്രവമില്ലാതിരിക്ക എന്നതിനു പ്രകൃതിയിൽ ഉപകാരമായിരിക്ക എന്നൎത്ഥം പറയുന്നതിനു വിരോധമില്ല. മനുഷ്യൎക്കു്, മനുഷ്യരും പക്ഷിമൃഗാദികളുമായുള്ള രണ്ടു ജീവിവൎഗ്ഗങ്ങളിൽ ഉപദ്രവകാരിയല്ലാത്തതു് പ

ക്ഷിമൃഗാദിജാതിയാണെന്നു പറയുന്നതോടേ മനുഷ്യരേക്കാൾ ഉപകാരം ചെയ്യുന്നതു് പക്ഷിമൃഗാദിജാതിയാണെന്നത്ഥം പ്രസ്പഷ്ടമാകുന്നു. അതോടുകൂടി ഈശ്വരാനുകൂല്യവും പ്രകൃതിസൌന്ദര്യ്യവും, ജീവിതപരിശുദ്ധിയും നിത്യമായ ഒരു സംസ്കാരവും മനുഷ്യനൊഴിച്ചുള്ള ജീവജാതികളിലുണ്ടെന്നു കാണാം. പക്ഷിമൃഗാദികളിൽഹിംസാസ്വഭാവമില്ലേ എന്നു ശങ്കിക്കാം. ഉണ്ടു്; അന്നന്നത്തെ എന്നല്ല അതതുനേരത്തേജീവനനിർവ്വഹണത്തിനു വേണ്ടിടത്തോളമല്ലാതെ യാതൊരുഹിംസയും അവയിൽ കാണ്മാനാവുന്നതല്ല.കാണുന്നില്ല.

ഇനിയും നോക്കിയാൽ ജീവനുള്ള ജംഗമങ്ങളും ഇല്ലാത്ത അജംഗമങ്ങളുമായിട്ടു നോക്കുമ്പോഴാണു് ഈശ്വരന്റെ നിരക്ഷരാത്മകമായ സംസ്കാരസമ്പൂത്തിയുടെ നിരന്തരനിദേശമായ പ്രകൃതിപാഠങ്ങൾ നിരന്നുകാണാൻ കഴിയുന്നതു്. ആത്മപരിത്യാഗത്തോടുകൂടി പരോപകാരത്തിനായിമാത്രം ജന്മമെടുത്തു നിലനിന്നു് അവസാനിക്കുക എന്ന ആ പരമരഹസ്യം മൂകമായ ഭാഷയിൽ പരമപരസ്യമാക്കി കാണിക്കുന്ന അചരലോകത്തിലാണു് മനുഷ്യന്റെ ആത്മവിജയം വിജയിക്കുന്നതു്. മനുഷ്യൻ, പക്ഷികൾ, മൃഗങ്ങൾ, ഇഴജന്തുക്കൾ എന്നുതുടങ്ങി കൃമികീടകങ്ങൾവരെയുള്ള ജീവജാലങ്ങളുടെ ആവശ്യത്തിനും സുഖസൌകര്യ്യങ്ങൾക്കും വേണ്ടി മാത്രമാണു് അചരങ്ങളുടെ ജനനവും നിലനില്പും മരണംപോലുമെന്നു കാണാൻ വല്ല വിഷമവുമുണ്ടോ. തങ്ങളുടെ ശരീരവും അംഗങ്ങളും പുഷ്പഫലസമ്പത്തുകളുമെന്നല്ല നിഴൽപോലും രാവും പകലും അന്യരുടെ മാത്രം ആവശ്യത്തിലേക്കു വിനിയോഗിച്ചും അവയൊന്നുംകൊണ്ടു തങ്ങൾക്കു യാതൊരാവശ്യവുമില്ലാതെ പരാത്ഥം ജീവിതം നയിക്കുന്ന പരിത്യാഗസുന്ദരമായ ലോകസേവനത്തിനുള്ള സംസ്കാരത്തിന്റെ വിജയവിലാസരംഗമല്ലേ അചരപ്രകൃതി. അനുഭോക്താക്കളായ ജീവജാലങ്ങളുടെ മാത്രം ഭാവിക്കുവേണ്ടി സ്വവശസംവൽനയിലുണ്ടാകുന്ന ഔൽസുക്യത്താൽ സ്വയം സ്വീകരിക്കുന്ന പരിശ്രമഫലത്തിന്റെ കോട്യംശമായ ബീജസംരക്ഷണമല്ലാതെ സ്വന്തവിഭവങ്ങളിൽനിന്നു യാതൊരു പങ്കും അചരപ്രപഞ്ചം സ്വീകരിക്കുന്നില്ല.

ജീവപ്രപഞ്ചത്തിന്റെ ഇന്ദ്രിയപഞ്ചകങ്ങളേയും നിർവൃതിപ്പെടുത്തിക്കൊണ്ടുള്ള ഈ അചരപ്രപഞ്ചത്തിന്റെ ലോകസേവനമാണു് ഈശ്വരനിർദ്ദിഷ്ടമായ ലോകസേവനം. ഒരുപക്ഷേ അത്ര ബുദ്ധിമാനായ മനുഷ്യൻ —അവന്റെ സമുദായംതന്നെ ഈ അചരപ്രപഞ്ചത്തിന്റെ സേവനചാതുരികൊണ്ടു മാത്രമല്ലേ ജീവിക്കുന്നതു്. അതവനറിയുന്നുണ്ടോ. അഥവാ അവനെന്തറിയുന്നു. അവന്റെ വയറു് അവന്റെ സുഖമെന്നതിൽ കവിഞ്ഞ ഒരീശ്വരനേപ്പോലും കരുതാൻ കഴിയാത്തവിധം അധഃപതിച്ച മനുഷ്യന്റെ ദയനീയനിലയിൽ ഈശ്വരൻതന്നെ വ്യസനിക്കുന്നുണ്ടാവണം. ഈശ്വരൻ വാരിനിരത്തിയിരിക്കുന്ന ത്യാഗപരിപൂതമായ ലോകസേവനസന്നദ്ധതയുടെ പാഠങ്ങൾ പഠിച്ചു് സംസ്കാരപരിപൂത്തിവരുത്താനാണു് വാനപ്രസ്ഥമെന്നൊരാശ്രമംകൂടി ആചാര്യ്യന്മാർ വിധിച്ചതു്. അതായിരിക്കുമോ എന്നറിഞ്ഞില്ല പരിഷ്കാരത്തിന്റെ പരമകാഷ്ഠയിലെത്തിയ തിരുവിതാംകൂറിലെ ഇന്നത്തെ പൌരന്മാക്കു് ഇത്രമാത്രം പ്രതിപത്തി തിരുവിതാംകൂറിലെ വനങ്ങളോടുണ്ടായതെന്നറിവില്ല. പക്ഷേ അനുഭവം മറിച്ചാണു്. ഈശ്വരാത്മകമായ ചൈതന്യവിശേഷങ്ങളേയും നിത്യസത്യമായ ഈശ്വരനിർദ്ദേശങ്ങളേയും നിരത്തിക്കാണിക്കുന്ന പ്രകൃതിപാഠങ്ങൾ പഠിച്ചു് പരിശുദ്ധമായ സംസ്കാരം വളൎന്നു് മനുഷ്യനിലെ ഈശ്വരചൈതന്യാംശത്തെ വളത്തി ഈശ്വരനിൽ വിലയംപ്രാപിക്കണമെങ്കിൽ പണ്ടത്തെ വനരാജികളോടു സമീപിക്കയല്ലാതെ ഒരു കഴിവുമില്ല. അതാണു് മഹാകവി ടാഗോർ പറഞ്ഞതു് ഭാരതീയസംസ്കാരത്തിന്റെ ഉൽപത്തിസ്ഥാനം വനാന്തരമാണു് എന്നു്.

മറകൾ! സംസ്കാരവിദ്യാലയങ്ങളാം
മറകൾ ഹാ! ദുഗ്ഗദുർഗ്ഗ്രഹവീഥികൾ
നിറവെഴും വനരാജികൾ! നല്ലൊരു
പറവയായിപ്പിറന്നിരുന്നെങ്കിൽ ഞാൻ!!

—o—

ചെറുകഥ.

# "പിരിഞ്ഞപാൽ."

(കെ. സി.)

കിഴക്കൻ മലകളുടെ മുകളിൽ കയറി ചുററുപാടും ദീർഘമായ കിരണതന്തുക്കൾ നീട്ടി കതിരവൻ പാവിടുന്ന സമയം. പച്ചപുതച്ചു നിൽക്കുന്ന ഉന്നതനായ വിന്ധ്യൻെറ പശ്ചിമകടകത്തിലുള്ള പ്രകൃതിസുന്ദരമായ കുഗ്രാമങ്ങളിലൊന്നിൻെറ വിശ്രമമന്ദിരത്തിലെ ഉയൎന്ന വരാന്തയിൽ പരിഷ്കൃതമാനസയും പരമസുന്ദരിയുമായ ഒരു തരുണീരത്നം ക്ഷതമേററ ചിത്രശലഭംപോലെ മന്ദമന്ദം അങ്ങോട്ടുമിങ്ങോട്ടും ചിന്താക്ലാന്തയായി ഉലാത്തിക്കൊണ്ടിരുന്നു. ആ മഹിളയുടെ കൺമുമ്പിലുള്ള പൂന്തോട്ടത്തിലും അതിൻെറ ഉത്തര ദക്ഷിണപാർശ്വങ്ങളിൽ വളൎന്നുയൎന്നു നിൽക്കുന്ന ഫലവൃക്ഷങ്ങളിലും മധുവുണ്ടു മൂരണ്ടുപറന്നിരുന്ന ഭൃംഗക്കൂട്ടങ്ങൾ തംബുരുമീട്ടിയതുപോലെ സംഗീതാത്മകമായ ഒരു അന്തരീക്ഷം അവിടെ സൃഷ്ടിച്ചു. ആ സന്ദൎഭത്തിൽ പശ്ചിമകവാടം കടന്നു് ഉദ്യാനമദ്ധ്യേയുള്ള നടവഴിയിൽക്കൂടി താരുണ്യം നശിച്ചിട്ടില്ലാത്ത രൂപവതിയായ ഒരു മാതാവു് പരിഭ്രാന്തയായി വിശ്രമമന്ദിരവരാന്തയെ സമീപിച്ചു. അവരുടെ വസ്ത്രധാരണരീതി ആഭാസമായിരുന്നില്ലെങ്കിലും അലക്ഷ്യമായി കാണപ്പെട്ടു.

ആഗത—(വരാന്തയിൽ ഉലാത്തിക്കൊണ്ടിരുന്ന മഹതിയെ നോക്കിയിട്ടു്) "ഭവതിയാണോ വംഗദേശത്തിൽ നിന്നും വന്നിരിക്കുന്ന വിശ്രുതയായ ഉമാദേവി"?

ഉ-ദേ—അതെ. നിങ്ങൾ ആരാണു്?

ആ—ഞാൻ ഒരു ഗൃഹോപകരണം. കിഴത്തവീണ വെങ്കലം.

ഉ-ദേ—വെങ്കലം സംസാരിക്കുമോ?

ആ—വാസ്തവം. അതാ—ഭവതിയുടെ മുറിയിൽ ആ—മേശപ്പുറത്തിരിക്കുന്ന യന്ത്രവിശേഷം എന്നേക്കാൾ എത്രയോ ഭംഗിയായി സംസാരിക്കുന്നു!!

ഉ-ദേ—നിങ്ങൾ ഇവിടെ എങ്ങിനെ വന്നു?

ആ—അനന്തമായ ഈ ലോകത്തിൻെറ അധിനായകൻ എന്നെ നിങ്ങളുടെ പടിക്കലേക്കു കൊണ്ടുവന്നു.

ഉ-ദേ—കാവൽക്കാരൻെറ അനുവാദത്തോടുകൂടിയാണോ നിങ്ങൾ ഇവിടെ പ്രവേശിച്ചതു്?

ആ—ഞാൻ പ്രവേശിക്കുന്നതു് തികച്ചും എൻെറ അനുവാദത്തോടുകൂടിത്തന്നെയാണു്.

ഉ-ദേ—കാവൽക്കാരൻ നിങ്ങളെ തടഞ്ഞില്ലെ?

ആ—സഹോദരി! അതാ—ചുററുപാടും കാണുന്ന ആ വലിയ ചക്രവാളംപോലും ഞാൻ ചെല്ലുമ്പോൾ ഓടിഅകലുന്നു. പിന്നെയാണോ ഈ കൊച്ചുപുരയിടത്തിലെ നാലുവേലി സൂക്ഷിപ്പുകാരനായ സാധു ഭർത്സടൻ?

ഉ-ദേ—എന്തു്! അയ്യാൾ പടിക്കൽ ഇല്ലായിരുന്നോ?

ആ—എന്തിനു സംശയിക്കുന്നു; ആ പാവം ഓടിഒളിച്ചിരിക്കും!!

ഉ-ദേ—നിങ്ങൾ ആരോടു ചോദിച്ചിട്ടാണു് ഉദ്യാനത്തിൽ നിന്നും ആ പ്രഭാതപുഷ്പം പറിച്ചെടുത്തതു്?

ആ—ഹിമകണങ്ങൾ അണിഞ്ഞു് പുഞ്ചിരിതൂകി നിന്നിരുന്ന സുഗന്ധവാഹിയായ ആ മനോഹരകുസുമം എന്നെ കണ്ടമാത്രയിൽ സ്വാഗതംചെയ്തു മാടിവിളിച്ചു. എനിക്കുണ്ടായ സ്നേഹാധിക്യംകൊണ്ടു് ഞാൻ അതിനെ എൻെറ തലയിൽ ചുമക്കുകയാണു്.

ഉ-ദേ—അതെ! സ്നേഹത്തിൻെറ ആധിക്യംതന്നെയാണു് അതിനെ ഞെരിച്ചുപിരിച്ചെടുത്തു്, മൂക്കിൽതേച്ചു്, മുടിയിൽ തിരുകിയതു്. ഇനി തറയിലിട്ടു മെതിക്കുകകൂടിവേ

ണം. അപ്പോൾ സ്നേഹം പൂൎത്തിആകും.

ആ—സ്നേഹത്തിന്റെ വൃദ്ധിക്ഷയമനുസരിച്ച് പരിസരങ്ങളുടെ നിലപാടുനോക്കി സുന്ദരവസ്തുക്കളെ കണ്ടാസ്വദിക്കുന്നവരും അണച്ചാശ്ലേഷിക്കുന്നവരും ഉണ്ട്. എത്ര സ്നേഹമുണ്ടായാലും അളിഞ്ഞ ജഡത്തെ ആരും ആസ്വദിക്കുകയും ആശ്ലേഷിക്കുകയുംചെയ്യാറില്ല.

ഉ-ദേ—അന്യരുടെ വക അവരുടെ അനുവാദംകൂടാതെ എടുക്കരുതെന്നുള്ള സാമാന്യമൎയ്യാദപോലും നിങ്ങൾക്കില്ലേ?

ആ—ആരുപറഞ്ഞു ഈ പുഷ്പം അന്യതാണെന്നു്? എന്നെയും അതിനെയും സൃഷ്ടിച്ച കൈകൾ ഒന്നുതന്നെയാണ്. ആ നിലയ്ക്കു ഞങ്ങൾ സഹോദരരാണ്. നിങ്ങളെപ്പോലുള്ളവർ വേലികെട്ടി ഞങ്ങളെ അകററിനിൎത്തുന്നതാണു മൎയ്യാദകേട്.

ഉ-ദേ—കൊള്ളാം! കൊള്ളാം!! നശിപ്പിച്ചുവേണം സഹോദരസ്നേഹം പുലൎത്തേണ്ടതു്. വേലികെട്ടി അകററാതിരുന്നതിന്റെ ഫലം ഞാൻ കണ്ടുകഴിഞ്ഞു. നിങ്ങൾക്കു പോകാം.

ആ—ആൎക്കും ആരെയും നശിപ്പിക്കാൻ സാദ്ധ്യമല്ല. ഈ ലോകം സ്നേഹംകൊണ്ടു ജനിക്കുന്നു. സ്നേഹംകൊണ്ടു വളരുന്നു. സ്നേഹത്താൽ മരിക്കുന്നു. ആരുവേലികെട്ടിയാലും അതിനെ തടയാൻ സാദ്ധ്യമല്ല.

ഉ-ദേ—നിങ്ങൾ ഒരു ഉന്മാദിനി ആണെന്നുതോന്നുന്നു. ഇവിടം വിട്ടുപോകണം.

ആ—ഭയചകിതയായ മാൻപേടയുടെ ചഞ്ചലനേത്രങ്ങളേക്കാൾ മനോഹരമായ ഭവതിയുടെ നയനങ്ങൾ സൂസൂക്ഷ്മമായിരിക്കുന്നു. ഞാൻ ഒരു ഉന്മാദിനി തന്നെയാണ്. ആരാണല്ലാത്തതു്?

ഉ-ദേ—നിങ്ങളുടെ കണ്ണുകളും സൗന്ദൎയ്യത്തിൽ ഒട്ടും കുറഞ്ഞതല്ല. പക്ഷെ സൂക്ഷ്മക്കുറവുണ്ട്.

ആ—ഭവതിയുടെ മിഴികൾ എന്റെ കണ്ണുകളിൽ പ്രതിബിംബിക്കമൂലം അങ്ങിനെ തോന്നിപ്പോകുന്നതാണ്. ജീവച്ഛവമായ എന്റെ കണ്ണുകൾ ചലിക്കുന്നതെങ്ങിനെ? ഉന്മാദിനിയായ എനിക്കു സൂക്ഷ്മത എന്തിനു്?

ഉ-ദേ—നിങ്ങൾ പോകണം. ഇവിടെ നിൽക്കാൻ പാടില്ല.

ആ—എന്നാൽ നമുക്ക് അകത്തുപോയിരിക്കാം.

ഉ-ദേ—വിചിത്രമായിരിക്കുന്നു! പുറത്തു നിൽക്കാൻപോലും ഭയപ്പെടേണ്ട നിങ്ങളെ അകത്തിരുത്തുന്നതു നന്നുതന്നെ!!

ആ—ഉന്മാദിനിക്ക് അകവും പുറവും വ്യത്യാസമില്ല. ഒളിക്കേണ്ടതായി ഒന്നുമില്ല. അതിനാൽ ഭയപ്പെടേണ്ട കാൎയ്യവുമില്ല.

ഉ-ദേ—അതുകൊണ്ടുതന്നെയാണ് നിങ്ങൾ പോകേണ്ടതു്. ഉം! പോകണം!!

ആ—സുഭഗയും സുഭാഷിണിയുമായ ഭവതിയെ പിരിഞ്ഞുപോകയോ? ഞാൻ തലയിൽ ചൂടിയിരിക്കുന്ന പനിനീർപുഷ്പത്തിന്റെ അരുണദളങ്ങൾപോലെ കാന്തിയും മേനിയും ഉള്ള ഭവതിയുടെ അധരപുടങ്ങളിൽ നിന്നും നിൎഗ്ഗമിക്കുന്ന ആ പദങ്ങൾ എത്രസ്നേഹമയമായിരിക്കുന്നു!!

ഉ-ദേ—രക്തം അണിഞ്ഞിരിക്കുന്ന ആ ചുണ്ടുകളെ വൎണ്ണിച്ചിട്ടു കാൎയ്യമില്ല പോകൂ എന്നല്ലേ പറഞ്ഞതു്?

ആ—ആജ്ഞപോലെ ആംഗ്യംകാണിക്കുന്ന ഭവതിയുടെ കരം ആ നിൽക്കുന്ന വെണ്ണിലാവിന്റെ തളിർശാഖപോലെ മനോജ്ഞമായിരിക്കുന്നു.

ഉ-ദേ—മാനംമറയ്ക്കുവാൻ ഉപകരിച്ച കൈകളേയും നിങ്ങൾ വൎണ്ണിച്ചിട്ടുകാൎയ്യമില്ല. പോയാൽ മതി. ഇല്ലെങ്കിൽ കാവല്ക്കാരനെക്കൊണ്ടു നിങ്ങളെ പുറത്താക്കേണ്ടിവരും. [അവനെ വിളിക്കുന്നമട്ടിൽ അവൾ തിരിഞ്ഞുനിന്നു.]

ആ—നികന്നു നിഷ്പന്ദമായി നിൽക്കുന്ന ഭവതിയുടെ നിതംബത്തെ, ആ കുടില കാൎകൂന്തൽ എത്ര സമൎത്ഥമായി ആവരണം ചെയ്തിരിക്കുന്നു!!

ഉ-ദേ—[വീണ്ടും തിരിഞ്ഞുനിന്നുകൊണ്ടു്] നിങ്ങൾ പോകുന്നില്ലേ?

ആ—എന്തിനുപോകണം?

ഉ-ദേ—എന്തുകൊണ്ടു പാടില്ല?

ആ—എനിക്കു ഭവതിയോടുള്ള അതിരററ സ്നേഹബാഹുമാനംകൊണ്ട്.

ഉ-ദേ—നിങ്ങളെ ഞാൻ ഭയപ്പെടുന്നു.

അ—ഭയപ്പെടേണ്ടതു ഭവതിയെയാണു്.

ഉ-ദേ—കാരണം?

അ—ഭവതിയുടെ സാന്നിദ്ധ്യം മററുള്ളവരെ ഉന്മത്തരാക്കുന്നു.

ഉ-ദേ—എങ്ങിനെ?

അ - വിപിനപ്രാന്തത്തിലുള്ള മനോഹരമായ ഈ പൂന്തോട്ടത്തിൽ ചന്ദ്രോത്സവകാലത്തു് ഏകയായി സംഗീതം പൊഴിച്ചുകൊണ്ടിരിക്കുന്ന ഒരു മദിരാക്ഷിയുടെ സാമീപ്യം ഏതൊരു പുരുഷനെ ആണു് ഉന്മത്തനാക്കാത്തതു്?

ഉ-ദേ—നിങ്ങൾ പുരുഷനല്ലല്ലോ?

അ—ഞാൻ ഒരു പുരുഷൻേറതായിരുന്നു, പാലിൽ വെള്ളംപോലെ അഭേദ്യമായി ഞങ്ങൾ ഒന്നിച്ചുലയിച്ചിരുന്നു. ഭവതിയെപ്പോലൊരു അരയന്നം ഞങ്ങളെ വേർപെടുത്തിക്കളഞ്ഞു.

ഉ-ദേ—എങ്ങിനെ?

അ—അരയന്നത്തിൻെറ അടുപ്പവും, ചേഷ്ടകളും അദ്ദേഹം തെററിദ്ധരിച്ചു.

ഉ-ദേ—എന്നിട്ടു്?

അ—അതിനെ കടന്നുപിടിച്ചു. അതു് ക്ഷോഭിച്ചു അദ്ദേഹത്തിൻെറ വിരലുകൾ കൊത്തിപ്പറിച്ചുകൊണ്ടു് പറന്നുപോയി. എന്നുമാത്രമല്ല ഞങ്ങളെ പാലും വെള്ളവുമായി വേർതിരിച്ചു.

ഉ-ദേ--ഹാ! എനിക്കു കഥ മനസ്സിലായി. നിങ്ങളാ പ്രണയഭ്രാന്തൻെറ പത്നിയാണോ?

അ—അതെ. ഉന്മാദിനി ആയ എനിക്കു ഇനി മറയ്ക്കേണ്ടതായി ഒന്നുമില്ല. ഭവതിയാണല്ലോ ആ അരയന്നം? നിർഭാഗ്യയായ ഞാൻ പ്രശസ്തവിജയം കരസ്ഥമാക്കി കാളേജിൽനിന്നും വെളിയിൽ വന്നു് അദ്ദേഹത്തിൻെറ ഭാര്യാപദം സ്വീകരിച്ചിട്ടു് ഇന്നേക്കു ഒരുകൊല്ലം തികയുന്നു. ഞങ്ങൾ കടഞ്ഞെടുത്ത കനകവിഗ്രഹം ഭൂജാതം ചെയ്തിട്ടു് കഷ്ടിച്ചു ഒരുമാസം തികയുന്നതേഉള്ളു. അദ്ദേഹം ഭവതിയുമായുള്ള ഏററുമുട്ടൽമൂലം ഹൃദയമില്ലാത്ത പോലീസിൻെറ മർദ്ദനമേററു കണ്ണില്ലാത്ത നിയമാധിപൻെറ മുമ്പിൽ ഇപ്പോൾ നിൽക്കുന്നു. ഞാൻ ഉന്മാദിനിയായ യാചകിയെപ്പോലെ ഭവതിയുടെ മുമ്പിലും. ഹാ! അഗ്നി ജ്വലിപ്പിച്ചു് ചിത്രശലഭത്തെ ദഹിപ്പിക്കുന്ന ലോകം!!

ഉ-ദേ—പ്രിയസോദരി! ശോകാത്മകമായ ഭവതിയുടെ ഉദന്തം എൻെറ ഹൃദയത്തെ സ്പർശിച്ചിരിക്കുന്നു. അതിൻെറ കദനഭാരം ചുമക്കേണ്ടതു ഞാൻ തന്നെയാണെന്നു എൻെറ അന്തഃക്കരണം ഇപ്പോൾ എന്നെ ഉപദേശിക്കുന്നു. വരൂ! ജ്യേഷ്ഠത്തി; നമുക്കു് മുറിക്കകത്തിരുന്നു പറയാം. [രണ്ടുപേരും മുറിക്കുള്ളിൽ പ്രവേശിച്ചു് കസേരകൾ വലിച്ചിട്ടു് പരസ്പരം അഭിമുഖമായിട്ടിരിക്കുന്നു]. കാന്തം ഇരിക്കുന്നിടത്തു കാരിരുമ്പു് കൊണ്ടുപോയ ഞാൻതന്നെയാണു അപരാധിനി. ഞാൻ ശയിച്ചിരുന്ന ഈ മുറി ബന്ധിച്ചിരുന്നു എങ്കിൽ സാഹസികനായ ഭവതിയുടെ പുരുഷനിൽ നിന്നും അന്നെനിക്കു് നഖദന്തക്ഷതം ഏൾക്കുമായിരുന്നില്ല. അദ്ദേഹം സഹോദരിയിൽ നിന്നും വേർപെടുകയും ഇല്ലായിരുന്നു.

അ—എൻെറ പുരുഷനെ രക്ഷപ്പെടുത്തേണ്ട കർത്തവ്യം ഭവതി ഏറെറടുത്തിരിക്കുന്നതായി ഞാൻ വിശ്വസിക്കുന്നു. ഭവതിയുടെ മധുരമായ നാമം ഭവതി അർത്ഥവത്താക്കുകകൂടി ചെയ്യുമെങ്കിൽ ഞാൻ കൃതാർത്ഥയായി.

ഉ-ദേ—സംശയംവേണ്ട. എന്നെ നാളെ കോടതിയിൽ വിസ്തരിച്ചുകഴിയുമ്പോൾ ഭവതിയുടെ പുരുഷൻ വിമുക്തനാവുകയും പഴയതുപോലെ ഭവതിയിൽ ലയിക്കുകയുംചെയ്യും.

അ—സ്ത്രീകളായ നമ്മുടെ ഭാവഹാവങ്ങൾ പുരുഷന്മാരിൽ കോളിളക്കം സൃഷ്ടിക്കുന്നു. അതിൻെറ ഉഗ്രതയിൽ നമുക്കും ഹൃദയമുണ്ടെന്നുള്ള കാര്യം അവർ പാടേ വിസ്മരിച്ചുകളയുന്നു. ഏതായാലും എന്നേസംബന്ധിച്ചിടത്തോളം ഞാൻ അദ്ദേഹത്തെ "പിരിഞ്ഞപാലാ"യി ഗണിക്കുന്നു. അതു് അദ്ദേഹത്തിനും അദ്ദേഹത്തെപ്പോലുള്ള മററു പുരുഷന്മാൎക്കും പാഠമായിരിക്കട്ടെ. സ്നേഹവും, സഹനവും മാത്രമല്ല ചാരിത്രശുദ്ധിയും കുലസ്ത്രീ സഹജമായ ഗുണവിശേഷങ്ങൾ ആണെന്നു അവർ അറിയട്ടെ.

# എന്റെ സ്വപ്നം.

(അറയ്ക്കൽ നാരായണപിള്ള. ബി. ഏ.)

ഞാനേതോ സ്വപ്നത്തിന്റെ യൂഞ്ഞാലിലാടുന്നെ,നാ-
ജ്ഞാനികളെന്നോടെന്നും ഹാസ്യമായുരയ്ക്കുമ്പോൾ,

മാമകവിഭാവനാസിന്ധുവി, ലോളം വെട്ടും
ജീവിതാദ്ധ്യായത്തിലെ, യോരോരോ രംഗങ്ങളും;

എന്നെ, യെൻ ചിന്താരഥമെങ്ങോട്ടെ, ന്നറിവില
കൊണ്ടുപോയീടും തെല്ലുനേരമശ്രുക്കളപ്പോൾ പോലും:—

ജാതിയും മതങ്ങളു, മില്ലാത്ത ലോകത്തിങ്കൽ
യാതനാ, ഞരക്കങ്ങൾ കേൾക്കാത്ത മലർത്തോപ്പിൽ,

പ്രസംഗം പ്രവൃത്തിയിൽ ചേരു, മാ, സുവേദിയിൽ
പ്രസന്ന വ്യോമത്തിങ്ക, ലക്രമരാഹിത്യത്തിൽ;

ആത്മാഭിമാനത്തിന്റെ വംശമേ തിരിയാതെ,—
യാത്മവഞ്ചകത്വത്തിൽ നിന്നേതോ ലോകത്തിങ്കൽ,

എന്നെയെൻസ്വപ്നത്തിന്റെ മഞ്ചത്തിൽ താലോലിക്കു-
മെന്നോമൽ വിഭാവനേ!! നേരുന്നു സന്മംഗളം.

---


**മനോജൻ**

**ആയുർവേദത്തിന്റെ വിജയപതാക.**

ബുദ്ധികൊണ്ടു് അധികമായി പ്രവർത്തിക്കുന്നവർക്കും, ധാതുക്ഷയം സംഭവിച്ചവർക്കും പററിയ ആയുർവേദ ടാണിക്ക്

വില പൌണ്ടിനു് 4 രൂ. 8 ണ.

ശാസ്ത്രോക്തരീതിയിൽ തയാറാക്കപ്പെട്ട എല്ലാ ഔഷധങ്ങളും തയാറുണ്ടു്.

ക്യാററ്ലാഗ് ഇനാം!

പുരവൂർ, വി. കെ: ഗോവിന്ദൻ വൈദ്യൻ,
നാഷനൽ ഫാർമസി, വടക്കുമാശിവീഥി, മധുര.

# സരസ ശ്ലോകങ്ങൾ.

(തുടർച്ച.)

(ചെന്നിത്തല കെ. കൃഷ്ണയ്യർ.)

ആമന്ദാരമരങ്ങളാണു തനയന്മാരായി-
നാലഞ്ചുപേർ
പൂമാതാമകളെന്നുമല്ല ഭുവനത്രാതാവു
നാരായണൻ
ജാമാതാവുമെടോ! നിനക്കുകടലേ!
നീ തന്നെ രത്നാകരം
ശ്രീമത്വം കുറവില്ലലച്ചലിനിയും
തീർന്നില്ലതാണത്ഭുതം. 10

ഈ പദ്യത്തിനുള്ള ചമത്കാരം അന്യാദൃശമാണു്. ശ്രീ നീലകണ്ഠദീക്ഷിതർ, ഇലത്തൂർ രാമസ്വാമിശാസ്ത്രികൾ മുതലായ മഹാകവികൾ സമുദ്രവർണ്ണനം ചെയ്തിട്ടുണ്ടെങ്കിലും അതെല്ലാം ഇത്രത്തോളം സരസമായിട്ടുണ്ടോ എന്നു സന്ദേഹം ജനിക്കുന്നു. ഈ പദ്യത്തിന്റെ ഒടുവിൽ 'അലച്ചൽ' എന്നു പ്രയോഗിക്കാൻ സാധിച്ച കവി സവിശേഷം അനുഗൃഹീതൻ തന്നെ.

ഒട്ടേറെപ്പണവുംകളഞ്ഞു പകലും രാവും
മുഷിഞ്ഞെത്രയോ
കഷ്ടപ്പെട്ടു പഠിച്ചു കുട്ടികൾകൊടുക്കു-
ന്നുത്തരത്താളതിൽ
വട്ടപ്പൂജ്യമൊരിശ്ശിപോലു മലിവില്ലാ-
തിട്ടഹോ! നെഞ്ചകം
പൊട്ടിക്കും കുപരീക്ഷകപ്പരിഷകൾ-
ക്കുണ്ടാകുമോ മേൽഗതി? 11

ചെറുകോൽ ചിത്രമെഴുത്തു കേശവപിള്ള എഴുതിയതാകുന്നു ഈ പദ്യം. കുട്ടികളുടെ ഉത്തരപത്രങ്ങൾ നിർദ്ദയം പരിശോധിക്കുന്ന കുപരീക്ഷകന്മാരെ അനുകമ്പാർദ്രഹൃദയനായ കവി അത്യുഗ്രമായി ശപിക്കുന്നു.

നീണ്ടിട്ടല്പമിരുണ്ടുരുണ്ട മൃദുകാർ-
മേനിത്തഴപ്പാർന്നപൂ-
വണ്ടിൻചാർത്തൊളിപൂണ്ട രോമനിരയും
മേൽമീശയും കേശവും
പണ്ടില്ലാത്തമതിപ്രഭാമധുരവാങ്-
മന്ദസ്മിതപ്രൗഢിയും
കൊണ്ടീലോകമനംമയക്കി രവിവർമ്മാ-
ര്യൻ ജയിക്കുന്നുതേ. 12

കിളിമാനൂർ ചിത്രമെഴുത്തു രവിവർമ്മകോയിത്തമ്പുരാൻ അവർകളുടെ ഒരു തൂലികാചിത്രമാണു് ഈ പദ്യം. തന്മയീഭാവം ഇതിൽ സ്ഫടികസ്ഫുടമായി സ്ഫുരിക്കുന്നു. ഭാഷാകവി ചെങ്ങഴശ്ശേരിൽ കൃഷ്ണപിള്ളയാണു് ഇതിന്റെ പ്രണേതാവു്.

ചൊല്ലാൻമുള്ളൊരു വെള്ളമുണ്ടുതലയിൽ
കാണാമിതാസോമനും
ചെമ്മേനല്ല കറുപ്പുമുണ്ടഹ ഗളേ-
പിന്നെജ്ജഗന്നാഥനും
ചക്രംനല്കിയ ദിവ്യമായ കരമു-
ണ്ടൊട്ടല്ല ശുഭ്രാംശുകം
ശംഭോ! നിൻഗജചർമ്മദിഗ്വസനതാ
പാർത്താകിലത്യത്ഭുതം. 13

പണ്ഡിതകവിയായ കുറവഴിയത്തു വാസുദേവൻപോററി കണ്ടിയൂർ ശിവക്ഷേത്രത്തിൽ സ്വാമിദർശനം ചെയ്തുകൊണ്ടു നില്ക്കുമ്പോൾ പെട്ടെന്നു ചൊല്ലിയതാണത്രേ ഈ പദ്യം. ഇരയിമ്മൻതമ്പിയുടെ 'ദിവ്യംകിഞ്ചന' എന്നു തുടങ്ങുന്ന പദ്യത്തിന്റെ ഒരു അനുകരണമാണിതു്. വെള്ള വസ്ത്രവും സോമനും കരിമ്പടവും ജഗന്നാഥനും കരയൻമുണ്ടുമെല്ലാമുണ്ടെങ്കിലും അരയിൽ തുണി

ഇല്ലെന്നു വിരോധം. ശിരസ്സിൽ ഗങ്ഗയും ചന്ദ്രക്കലയും കഴുത്തിൽ കറുപ്പുംഉണ്ടു്; മഹാവിഷ്ണുവിനു സുദർശനചക്രം നല്കിയ കൈയുമുണ്ടു് എന്നു പരിഹാരം. 'ജഗന്നാഥനു ചക്രം നല്കിയ ദിവ്യമായ കരമുണ്ടു്' എന്ന വരിക്കുള്ള ചമത്കാരം ഒന്നു വേറെതന്നെ.

എൻകാന്തക്കിരു കാന്തരുണ്ടവരിൽ
ഞാനൊന്നൊന്നുവേറിട്ടൊരാൾ
പോകുന്നേരമവൾക്കു വൈരമവ-
നോടെന്നോട്ടു ചെല്ലുമ്പോഴും
മുത്തുംവൈരവുമൊത്തു കോർത്തതിലഹോ!
വൈരം നമുക്കേകിനാൾ
മുഗ്ദ്ധാപാങ്ഗിസരോരുഹാക്ഷി വിരവിൽ
മറേറതു മറേറവനും. 14

ഈ പദ്യം ഇലിപ്പക്കുളം വിദ്വാൻ ഗണകന്റേതാകുന്നു. മുത്തു്, വൈരം എന്നീ രണ്ടുപദങ്ങളുടേയും ശ്ലേഷാർത്ഥം ഗ്രഹിച്ചു വേണം ഇവിടെ അർത്ഥയോജനചെയ്വാൻ.

ചീറുംപോരുള്ള പാമ്പും വളർചെറുപിറ-
യും ചെഞ്ചിടക്കെട്ടുമാറും
നീറുംപേറുംപുരാനേ! ചെറുപുലിവിരി-
തോലാടമാട്ടും മഹാനേ!
പാറുംപാപംപറത്തിപ്പുകലിരവസുഖം
ചേർത്തിട്ടും ചിത്തരോഗം
മാറുംപാകത്തിലങ്ങേക്കരുണ വരണ-
മിങ്ങെപ്പൊഴും മുപ്പുരാരേ! 15

സ്വാമി ശ്രീ വിദ്യാപ്രസാദൻ എന്ന അപരനാമത്തോടുകൂടിയ ജ്യോതിഷപണ്ഡിതൻ കുട്ടമ്പേരൂർ കൊച്ചുകൃഷ്ണനാശാൻ രചിച്ചതാണു് ശിവസ്തോത്രാത്മകമായ ഈ പദ്യം. ഭാഷാപദങ്ങൾ ഉപയോഗിച്ചു ശബ്ദാലങ്കാരസുന്ദരമായ വിധത്തിൽ കവനം ചെയ്വാൻ കവിക്കുള്ള പാടവം ഇതിൽ തെളിഞ്ഞുകാണാം.

കണ്ഠത്തിൽത്താലിയില്ലാ തരിവളകടകം
നാസ്തിപൊന്നോലമാലാ
ചുണ്ടെത്തും ഞാത്തുമില്ലാ തട്ടുപരി-
മഹാ രത്നമുക്കുത്തിയില്ലാ
കണ്ടിക്കാർവേണിയാളാമവളുടെ ലളിത
ശ്രീകലർന്നീട്ടുമങ്ഗം
കണ്ടെത്തും കാമുകന്മാരുടെകഥകഴിയും
കാര്യമെന്തോനജാനേ 16

ഭാഷാകവി അലമ്പള്ളിൽ കേശവപിള്ള നിർമ്മിച്ചതാണു് ഈ ശൃങ്ഗാരപദ്യം. വെണ്മണിനമ്പൂരിമാരുടെശൈലി കവിക്കു സ്വാധീനമായിരുന്നുവെന്നു തോന്നുന്നു. ഈ സരസകവി ഇത്തരം അനവധി പദ്യങ്ങൾ നിബന്ധിച്ചിട്ടുള്ളതായിട്ടാണു് അറിവു്. പക്ഷേ, അവയിലൊന്നുംതന്നെ ഇപ്പോൾ അവശേഷിച്ചിട്ടില്ലെന്നുള്ളതു് അത്യന്തം പരിതാപകരമാകുന്നു.

ഓമൽക്കൈരവകാന്തനോ? കമലമോ?
കണ്ണാടിയോ? വക്ത്രമോ?
ശ്യാമാംഭോരുഹമോ? ചലദ്ഝഷക-
മോ? പൂബാണമോ? ദൃഷ്ടിയോ?
ശ്രീമെത്തുംഫലമോ? നറുംമുകുളമോ?
പൊൽകുംഭമോ? കൊങ്കയോ?
തൂമിന്നൽപ്പിണരോ? വിളങ്ങുമുഡുവോ?
പൊൻവള്ളിയോ? നാരിയോ? 17

ഇതു് ഒരു തരുണീവർണ്ണനമാണെന്നു പറയേണ്ടതില്ലല്ലൊ. കവിയുടെ ഉല്ലേഖകല്പന നോക്കുക!

അർക്കംതന്റെ ഗൃഹത്തിലേക്കുവരുവാൻ
വൈഷമ്യമില്ലെന്നു വെ-
ച്ചാർക്കും കൈവശമില്ല, മുമ്പുപണമേ-
കുന്നോർക്കു കാര്യംഗുണം;
ഓർക്കില്ലക്ഷമതിന്നു മറെറാരുകുറിക്ക-
പ്പോൾ പണം പുത്തനായ്
ത്തീർക്കേണംസമമാണു വേശ്യകളുമീ
വക്കീൽപ്പണിക്കാരരും. 18

എരുവയിൽ എം. ചക്രപാണിവാരിയരുടെ ഒരു വക്കീൽവർണ്ണനമാണു് ഈ പദ്യം. വക്കീലന്മാർക്കു വാരനാരികളുമായി സാധർമ്മ്യം കല്പിച്ച കവി സരസനാണെന്നുള്ളതിനു സംശയമില്ല.

# സുഗതസൂക്തികൾ.

(പന്തളം—രാഘവപ്പണിക്കർ)

(1)
ഇരുമ്പിനേത്താനതിൽ നിന്നുദിക്കും-
തുരുമ്പുനിത്യം നിഹനിച്ചിടും പോൽ,
സ്വയംപുലത്തുന്നൊരു തിന്മയാലേ
ഖലൻ നശിക്കുന്നിതു നാൾക്കു നാളിൽ.

(2)
എലിമ്പു, മാംസം, നിണവും കലർത്തി-
പ്പടുത്ത ദുർഗ്ഗം മനുജന്റെഗാത്രം,
ഗർവ്വം, ഭ്രമം, വൃദ്ധത, മൃത്യുവും ചേ-
ന്നതിൽ പതുങ്ങിക്കൂടികൊണ്ടിരിപ്പൂ.

(3)
ദണ്ഡാങ്ങി, മേയിക്കുവതിന്നുകാലി-
ക്കൂട്ടത്തെയഗ്ഗോപകനെന്നപോലെ,
വാർദ്ധക്യവും മൃത്യുവുമൊത്തു ദൂര-
ത്തോടിച്ചിടും ജീവനെ നമ്മിൽനിന്നും.

(4)
ശരിക്കുമേയാത്ത പുരയ്ക്കകത്തേ-
ക്കൊലിച്ചിടും വർഷജലം കണക്കേ
സന്മാർഗ്ഗബോധം കലരാത്ത ഹൃത്തിൽ
മന്ദേതരം ചെന്നണയുന്നു കാമം.

(5)
അലക്ഷ്യമായ് യൗവനകാലമെല്ലാം
പാഴാക്കി, വിത്തം ചരതിച്ചിടാത്തോൻ,
മത്സ്യങ്ങൾ പൊയ്പ്പോയ ജലാശയം കാ-
ത്തൊട്ടുങ്ങിടും കൊക്കിനു തുല്യനത്രെ.

(6)
ചെറുപ്പകാലത്തു ധനം സമാർജ്ജി-
ച്ചിടാതെ ദുർമ്മാർഗ്ഗികളായ് നടപ്പോർ,
കേഴുന്നു പിന്നീടതുകൊണ്ടു; മദ്ധ്യം
നുറുങ്ങിവീഴുന്ന ശരങ്ങൾപോലെ.

(7)
ഏറെക്കഥിക്കുവതു കൊണ്ടതിവിജ്ഞനായി-
ത്തീരുന്നതല്ലൊരുവനെന്നു ധരിച്ചിടേണം;
വിദ്വേഷഹാനി, വിപുലക്ഷമ, നിർഭയത്വ-
മീമൂന്നുസൽഗ്ഗുണമെഴും നരനാണു വിദ്വാൻ.

(8)
കൂട്ടംമൗനമിയന്നു, മന്ദമതിയാ,യജ്ഞാ-
നിയായും വസി-
ച്ചീടും മർത്ത്യനെ യാവിധത്തിൽ'മുനി'യെ
ന്നോതാവതല്ലേതുമേ;
പാടേതിന്മവെടിഞ്ഞു നന്മയുളവാക്കീടുന്ന
മാർഗ്ഗങ്ങളെ-
ത്തേടുന്നോൻ 'യതി', യിങ്ങുമങ്ങുമൊരു
പോൽ ഭാസിക്കുമപ്പുണ്യവാൻ.

---

* ധമ്മപദത്തിൽ നിന്നെടുത്തതു്. (തർജ്ജമ)
പകർപ്പവകാശം പദ്യകർത്താവിനു്.

---

ശ്രീബുദ്ധന്റെ തിരുവായ്മൊഴികളുടെ തനി തർജ്ജമയാണു്. ആശയം സംബന്ധിച്ചു് വായനക്കാരിൽ അഭിപ്രായവ്യത്യാസം വന്നേക്കാം. അതിനു പദ്യകർത്താവു് ഉത്തരവാദിയല്ല. വി-പ;

---

തന്മേനിക്കൊത്തവണ്ണം പലതരമതല-
ങ്കാരമോരോന്നു ചേർത്തും
ചെമ്മേ ചാതുര്യമേറും പടിമൃദുലപദം
വെച്ചുമിച്ഛാനുരൂപം
ഉന്മേഷത്തോടുകൂടി സ്സഭയിലൊരുവിധം
തൃപ്തികൈക്കൊണ്ടിറങ്ങാൻ
മേന്മേൽനന്മാൻ മിഴിക്കും കവിയുടെയ-
മൊഴിക്കും ജനിക്കും വിളംബം 19

ആദ്യത്തെ മൂന്നുപാദങ്ങളും 'നന്മാൻമിഴിക്കും കവിയുടയമൊഴിക്കും' ചേരുന്നതാണു്. ഈ പദ്യത്തിലെ ശ്ലേഷകല്പന അത്യന്തം ഹൃദ്യമായിരിക്കുന്നു.

(തുടരും)

—*—

# ഞങ്ങളുടെ പ്രസിദ്ധീകരണങ്ങൾ.

**അമ്മായിഅമ്മ.** 0-4-0

മരുമക്കളെ എല്ലാ വിധത്തിലും ദ്രോഹിക്കുന്ന അമ്മായിഅമ്മമൂലം ആ വധൂവരന്മാർ അനുഭവിക്കുന്ന യാതനകളെ വിവരിക്കുന്ന നോവൽ.

**അപരാധിനി.** 0-4-0

അബലയുടെ ചാപലതയും വിടന്റെ കുടിലതയും ചേരുമ്പോൾ എന്തെല്ലാം സംഭവിക്കുന്നു എന്നു കാണിക്കുന്ന ഒരു നോവൽ.

**അശ്രുധാര.** 1-0-0

ഹൃദയാലുക്കളെ ബാഷ്പാകുലരാക്കുന്ന ജീവിതാനുഭവങ്ങളടങ്ങിയ അഞ്ചു ചെറുകഥകളുടെ സമാഹാരം.

**അംബുജം.** 0-3-0

ജീവിതനൈരാശ്യംപൂണ്ട ഒരു പ്രേമിയുടെ ആത്മകഥ.

**മലഞ്ചെരിവിലെ ഭൂതം.** 0-10-0

പ്രസിദ്ധനായ എഡ്ഗർവാലസിന്റെ ഒരു ഡിറക്റ്റീവ് നോവലിന്റെ പരിഭാഷ.

**പ്രേമമുദ്ര.** 0-6-0

ഉന്നതവിദ്യാഭ്യാസം നേടിയവരുടെ ഇടയിലും പ്രേമചാപല്യങ്ങൾ ധാരാളമെന്നു കാണിക്കുന്ന ഒരു പരമരസികൻ നോവൽ.

**ലീലാഞ്ജലി.** 1-4-0

ശ്രീ: കമുകാ ലീലാഭായിയുടെ എട്ടു ചെറുകഥകളുടെ സമാഹാരം.

**കഥാകുസുമങ്ങൾ.** 0-8-0

ശ്രീമതി സ്വർണ്ണകുമാരീദേവിയുടെ സുപ്രസിദ്ധ കഥകളുടെ പരിഭാഷ

**ബാലാരാമം.** 0-3-0

കുട്ടികൾക്കുള്ള കഥകൾ. വർണ്ണചിത്രങ്ങൾസഹിതം. ആകർഷകമായ പുറംചട്ട. ബാലസാഹിത്യശാഖയിൽ മികച്ച ഒരു പ്രസിദ്ധീകരണം.

**പാദമുദ്രകൾ.** 0-8-0

മഹാത്മജിയുടെ അന്ത്യകാലത്തെ സംബന്ധിക്കുന്ന വയലാർ രാമവർമ്മയുടെ കവിതാകുസുമങ്ങൾ.

**മഹാത്മജി.** 0-10-0

ആത്മകഥാകഥനത്തെ ആധാരമാക്കി രചിച്ചിട്ടുള്ള ഒരു ജീവിതചരിത്രകാവ്യം

**ജാലവിദ്യകൾ** 0-8-0

പഠിക്കയും പ്രയോഗിക്കയും രസിക്കയും രസിപ്പിക്കയും ചെയ്യുവാൻ പററിയ വിദ്യകൾ. ചിത്രങ്ങൾസഹിതം. ആർക്കും നിഷ്പ്രയാസം ഗ്രഹിക്കാം.

**കളികൾ.** 0-4-0

കുട്ടികൾക്ക വ്യായാമത്തിനും വിനോദത്തിനും പററിയ ഒട്ടേറെ കളികളെപ്പററി ഇതിൽ വിവരിച്ചിരിക്കുന്നു.

**ചിത്രകഥാവലി (മൂന്നുഭാഗം)** 0-9-0

കുട്ടികൾക്കുള്ള ചെറുകഥകൾ അടങ്ങിയ ഒരു ഗ്രന്ഥാവലി. പഴയതും പുതിയതുമായ പല കഥകൾ.

**ആത്മാവും മോക്ഷവും.** 0-4-0

ആത്മാവിന്റെ അനശ്വരതയേയും മോക്ഷസമ്പാദനത്തിനുള്ള മാർഗ്ഗങ്ങളേയും പ്രതിപാദിക്കുന്ന ഉത്തമഗ്രന്ഥം.

**സ്വധർമ്മസുധ.** 0-4-0

സ്വധർമ്മപരിപാലനമാണ് സർവ്വോൽകൃഷ്ടമായ പ്രവൃത്തിയെന്ന് വ്യക്തമാക്കുന്ന മതഗ്രന്ഥം.

**സ്വാതന്ത്ര്യോദയം.** 0-4-0

മഹാകവി ജി. ശങ്കരക്കുറുപ്പിന്റെ ഒരു ഉൽകൃഷ്ട കവിത.

**ഗാന്ധിജയന്തി.** 0-14-0

മഹാത്മജിയുടെ മഹനീയാദർശങ്ങളെ പ്രസ്പഷ്ടമാക്കുന്ന ഒരു ഗദ്യനാടകം. അഭിനയിക്കാൻ പററിയതു്.

**മാതൃകാക്ഷരമാല** 0-4-0

ശ്രീകൃഷ്ണസ്തുതിപരങ്ങളായ സ്തോത്രങ്ങൾ—വ്യാഖ്യാനസഹിതം.

**വേദവ്യാസൻ.** 0-4-0

കൃഷ്ണദ്വൈപായനന്റെ ജീവിതത്തെ ശാസ്ത്രീയമായി വീക്ഷിച്ചുകൊണ്ടു രചിച്ചിട്ടുള്ള ഉൽകൃഷ്ടഗ്രന്ഥം.

**സഹകരണദീപിക.** 0-12-0

സഹകരണസംഘപ്രവർത്തകന്മാർ അവശ്യം അറിഞ്ഞിരിക്കേണ്ട എല്ലാ കാര്യങ്ങളേയും വിശദമായി വിവരിച്ചുകൊണ്ടുള്ള ഒരു സ്വതന്ത്ര സഹകരണഗ്രന്ഥം

**വായ്പസഹായി.** 0-4-0

സഹകരണസംഘങ്ങളിലെ വായ്പ്പഇടപാടിനെപ്പററി കൂലങ്കഷമായി പ്രതിപാദിക്കുന്നു.

**നമ്മുടെ സഹകരണസംഘങ്ങൾ.** 0-4-0

തിരുവിതാംകൂറിലെ സഹകരണസംഘങ്ങളുടെ നിലയെപ്പററി ഇതിൽ വിശദമായി പ്രതിപാദിച്ചിരിക്കുന്നു.

**സഹകരണപ്രവേശിക.** 0-10-0

സഹകരണസംഘങ്ങളിലെ ഓഹരിയിടപാടിനെയും അംഗങ്ങളെ ചേർക്കുക, നീക്കുക മുതലായതിൽ അംഗീകരിക്കേണ്ട നടപടികളേയും വിശദീകരിക്കുന്നു.

**സാരസ്വതചരിത്രം.** 0-8-0

അസംഖ്യം രേഖകൾ പരിശോധിച്ചു തയ്യാറാക്കിയ ഒരു ചരിത്രഗ്രന്ഥം.

**ചന്ദാവർക്കർ.** 0-2-0

ശ്രീനാരായണഗണേശചന്ദാവർക്കറുടെ ജീവിതചരിത്രം.

മററനേകം പുസ്തകങ്ങൾ വില്പാനുണ്ടു്. ക്യാററ്ലാഗിന് ആവശ്യപ്പെടുക.

വായനശാലകൾക്കും കച്ചവടക്കാർക്കും നല്ല കമ്മീഷൻ അനുവദിക്കുന്നതാണ്.

മാനേജർ, ശ്രീ: നരസിംഹവിലാസം ബുക്കഡിപ്പോ,
ഇറവൂർ A O കത്തിയതോട് P. O.

# റഷ്യൻ ശാസ്ത്രലോകം.

മംഗലം, ചക്രപാണി.

നാനാവിധമായ ശാസ്ത്രങ്ങളിൽ പ്രത്യേകിച്ചും ഭൌതികവിജ്ഞാനത്തിൽ റഷ്യയുടെ പത്തൊമ്പതാംനൂററാണ്ടിലെ അന്യാദൃശമായ വികസനം ലോകശാസ്ത്രങ്ങളുടെപുരോഗമനത്തിൽ എന്തെന്നില്ലാത്ത ഒരുന്മേഷം ഉണ്ടാക്കിയിട്ടുണ്ടു്. വൈദ്യുതകാന്ത (Electro-magnetism) ഗവേഷണത്തിൽ അതിന്റെ ത്വരിതമായ പ്രവൎത്തനക്ഷമതയിലന്തൎഭവിച്ചിരിക്കുന്ന രഹസ്യം റഷ്യൻശാസ്ത്രകാരനായ ഈൗലെൻറസിനോളം ഉയൎന്നനിലയിൽകണ്ടുപിടിച്ചിട്ടുള്ളവർ ഇന്നു ലോകത്തിലില്ലെന്നാണു് സോവിയററു സയൻസ് അക്കാഡമിയുടെ അഭിപ്രായം. ഓറിസ്റ്റെഡ്; ഫാരഡേ; അമ്പിലർ; ലെൻറ്സ് ഇവരാണു സയൻസിന്റെ ചരിത്രത്തിൽ ഇലക്ട്രോമാഗ്നററിസത്തിന്റെയും, ഇലക്ട്രോടെക്ക്നോളജിയുടേയും, ശാസ്ത്രീയനിൎമ്മാതാക്കൾ. റഷ്യൻശാസ്ത്രകാരനായ എം. സ്റ്റേളട്ടോവാണു ഫോട്ടോ ഇലക്ട്രിക്ക് പ്രവൎത്തനം സംബന്ധിച്ചുള്ള പ്രധാനനിയമങ്ങളുടെ സ്രഷ്ടാവു്. പ്രകാശംവഴിയുള്ള വൈദ്യുതപ്രവൎത്തനത്തിന്റെ പല രഹസ്യങ്ങളും അദ്ദേഹം പോഷിപ്പിച്ചിട്ടുണ്ടു്. പത്തൊമ്പതാംനൂററാണ്ടിന്റെ മദ്ധ്യകാലത്തു അഖിലലോകഗോളശാസ്ത്രങ്ങൾക്കു വമ്പിച്ച സംഭാവന ചെയ്തിട്ടുള്ളതു് റഷ്യയിലെ ഫുൾക്കോവുഗണിതശാസ്ത്രജ്ഞന്മാരാണു്. ലോകത്തിന്റെ ഗണിതശാസ്ത്രസംബന്ധമായ തലസ്ഥാനനഗരിയും കുറേക്കാലത്തേക്കു് പീറേറഴ്സ്ബർഗിനു സമീപമുള്ള ഫുൾക്കോവു മലകൾതന്നെയായിരുന്നു. 19-ാംനൂററാണ്ടിന്റെ അന്ത്യഘട്ടത്തിൽ വാൽനക്ഷത്രങ്ങളേയും, ഉൽക്കാപഥങ്ങളേയും കുറിച്ചുള്ള നിരീക്ഷണത്തിൽ റഷ്യൻനക്ഷത്രബംഗ്ലാവുഡയറക്ടരായിരുന്ന എഫ്, ബ്രെഡിക്കിൻ അഖിലലോകപ്രശസ്തി അൎജ്ജിക്കാതിരുന്നിട്ടില്ല.

മെൻഡീലേവിന്റെ സാന്ദൎഭികനിയമം (Periodical law) രാസക്രിയാശാസ്ത്രത്തിൽ വിശ്വലോകത്തിനു അനുഗ്രഹീതമായ വലിയ സംഭാവന നല്കിയിട്ടുണ്ടു്. സ്ഥായീവ്യത്യാസധാതുക്കളുടെ (Chemical elements) സാന്ദൎഭികഗതി നിയമങ്ങൾ ഡി. മെൻഡിലേവു കണ്ടുപിടിച്ചതുപോലെ നാളിതുവരെ ആരും കണ്ടുപിടിച്ചിട്ടില്ല. ഫിസിക്കിലും, മെക്കാനിക്കിലും, സാട്ട്ന്റെ ആകൎഷണാദിനിയമങ്ങൾ എത്രമാത്രം പ്രായോഗികവും പ്രാമാണ്യവുമായിരിക്കുന്നുവോ അത്രമാത്രംതന്നെ രാസക്രിയാശാസ്ത്രത്തിൽ മെൻഡിലേവിന്റെ സാന്ദൎഭികനിയമം ചിരപ്രതിഷ്ഠമാകാതിരുന്നിട്ടില്ല. ആ നിയമം അററമില്ലാദനംവരെ അനുയുക്തവും അനുപേക്ഷണീയവുമായിട്ടുണ്ടു്.

റഷ്യയിലെ ഒരു കെമിസ്റ്റിറി പ്രൊഫസ്സറായിരുന്ന എൻ. സിനിൽ ആണു "ആ നിലിൻ" എന്ന ഒരു പുതിയ സ്ഥായിവ്യത്യാസവസ്തു 1842-ൽ കണ്ടുപിടിച്ചിട്ടുള്ളതു്. ജീവാണുകശാസ്ത്രത്തിൽ ഇതിനു വലിയ സ്ഥാനമുണ്ടു്. സംഘടിതജീവാണുകങ്ങളുടെ ഘടനാഗതി വ്യക്തമായി കണ്ടുപിടിച്ചിട്ടുള്ളതു് അവിടുത്തെ മറെറാരു പ്രൊഫസ്സറായ ബട്ട്ലോവാണു്, അദ്ദേഹത്തിന്റെ ഓർഗാനിക്ക് കെമിസ്റ്റിറി 19-ാം നൂററാണ്ടിൽ ലോകംമുഴുവനും പാഠപുസ്തകമായി സ്വീകരിച്ചിരുന്നു. 19-ാം നൂററാണ്ടിൽ ലോകത്തു ശാസ്ത്രലോകത്തിൽ ആരെയും കാൾ മികച്ചു നിന്നിരുന്നതു റഷ്യയാണെന്നു സമ്മതിച്ചേ മതിയാകൂ. ഇലക്ട്രിക്ക്ടെലിഗ്രാഫ്, മോട്ടോർബോട്ടു നിൎമ്മാണം, ഖനികളിൽ വൈദ്യുതശക്തികൊണ്ടുള്ള പ്രവൎത്തനം മുതലായ കണ്ടുപിടുത്തങ്ങളിൽ റഷ്യൻ എൻജിനീയറായിരുന്ന യാക്കോബിയാണു അനുമോദനാൎഹൻ. വൈദ്യുതദീപങ്ങളുടെ നിൎമ്മാതാക്കൾ തന്നെയും റഷ്യാക്കാ

രായിരുന്നുവെന്നാണു റഷ്യൻചരിത്രം ഘോഷിക്കുന്നതു്. റഷ്യയിലെ പിയാരബേ്ളാക്കോവായിരുന്ന മെഴുകുതിരിയുടെ കണ്ടുപിടിത്തക്കാരൻ. അതു 17-ാം നൂററാണ്ടിലായിരുന്നു. ശൂന്യമായ ഒരു ചുററുപാടിൽ പഴുത്ത ഒരു കാർബൺശലാകകൊണ്ടു വിളക്കിൻെറ ഉപയോഗം നടത്താമെന്നു കണ്ടുപിടിച്ചതു് റഷ്യൻഎൻജിനീയറായിരുന്ന ലോഡിഗിൻ ആയിരുന്നു. റഷ്യൻപ്രൊഫസ്സറായ പോപ്പോവാണു 1896-ൽ റേഡിയോ കണ്ടുപിടിച്ചിട്ടുള്ളതെന്നു റഷ്യാക്കാർ വിശ്വസിക്കുന്നു. പക്ഷേ ഇററലിക്കാരനായ മാർക്കോണിയാണു റേഡിയോ കണ്ടുപിടിച്ചിട്ടുള്ളതെന്നു ലോകം പൊതുവേ കരുതിവരുന്നു.

പ്രകാശത്തിൻെറ സഹായത്താൽ പച്ചിലകൾ കാർബൺഡയോക്സയിഡു സ്വീകരിക്കുന്ന വിധവും സസ്യശാസ്ത്രത്തിലെ ഫോട്ടോസിംനസ്സിസ്സ് തുടങ്ങിയ തത്വങ്ങളും കണ്ടുപിടിച്ചതു 19-ാം ശതകത്തിലെ റഷ്യൻശാസ്ത്ര നിരീക്ഷകനായ (സസ്യശാസ്ത്ര) കെ. ടി. മിറിയാസേവാണെന്നു റഷ്യ അവകാശപ്പെടുന്നു. ശരീരശാസ്ത്രസംബന്ധിയായി; നാഡികളുടേയും, ധമനികളുടേയും ഉപരികർമ്മഗതി കണ്ടുപിടിക്കുവാനുള്ള വഴികൾ തുറന്നുകൊടുത്തതു് ഈ സെക്കിനോവും, ഐ പാമുലോവും, ആണെന്നാണു റഷ്യൻശാസ്ത്രവകുപ്പിൻെറ വാദം. പക്ഷേ ഭാരതീയരുടെ ആയുർവേദശാസ്ത്രസംഹിത ആ വാദത്തെ പാടേ നിരാകരിക്കുവാൻ ഉയൎന്നു നില്ക്കുന്നുണ്ടു്. ഏതായാലും ഒരു കാൎയ്യം സമ്മതിക്കാതെ തരമില്ല. 20-ാം നൂററാണ്ടിലെ റഷ്യൻശാസ്ത്രപുരോഗതി അപ്രതിരോദ്ധ്യവും, അസൂയാർഹവുമാണെന്നു്, മെൻഡിലോവു്, പോപ്പോവു്, തുടങ്ങിയ പൂൎവ്വികന്മാരുടെ ചിന്താഗതികളേയും, നിരീക്ഷണങ്ങളേയും അനുസന്ധാനം ചെയ്ത റഷ്യ ഇന്നു ശാസ്ത്രലോകത്തിൽ മററാരെയും കാൾ താഴെയല്ല. ശാസ്ത്രീയപുരോഗതിയിൽ അനുദിനം അവർ ലോകത്തിൻെറ ശ്രദ്ധ ആകൎഷിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഒക്ടോബർ വിപ്ലവത്തിനു മുമ്പുതന്നെ റഷ്യ ശാസ്ത്രലോകത്തിൽ പലതും നേടിയിട്ടുണ്ടു്.

വാതകങ്ങളിലും, ഘനവസ്തുക്കളിലും പതിക്കുന്ന പ്രകാശത്തിൻെറ സമ്മർദ്ദശക്തി പരിമാണം കണ്ടുപിടിക്കുവാനുള്ള സാധ്യതകൾ ഇദംപ്രഥമമായി ലോകത്തിനു നല്കിയതു റഷ്യയിലെ പ്രസിദ്ധഭൗതിക വിജ്ഞാനശാസ്ത്രകാരനായ പി. ലെബി. ഡേവ് ആണെന്നുള്ളതു സമ്മതിച്ചേ തരമുള്ളു. ആ കണ്ടുപിടുത്തം പ്രകാശത്തിൻെറ പലരഹസ്യങ്ങളും പുറത്താക്കിയെന്നു മാത്രമല്ല ഗണിതശാസ്ത്രത്തിനു പല അജ്ഞാതകാൎയ്യങ്ങൾ തുറന്നുകൊടുക്കുകകൂടി ചെയ്തിട്ടുണ്ടു്. ഭൂകമ്പനത്തിൻെറ Earthquak· രഹസ്യകാരണമെന്താണെന്നറിയുവാനുള്ള ശാസ്ത്രം ഇപ്പോൾ കണ്ടുപിടിച്ചിരിക്കുന്നതു റഷ്യാക്കാരനായ ഗോളിട്സിൻ ആണു്. ഇന്നു ലോകം മുഴുവനും അംഗീകരിച്ചിരിക്കുന്ന കപ്പൽ നിൎമ്മാണപദ്ധതിയുടെ കണ്ടുപിടുത്തക്കാരൻ റഷ്യാക്കാരനായ എ. കാർലോവാണെന്നാണു് റഷ്യയുടെ സിദ്ധാന്തം.

ഭൂഗർഭശാസ്ത്രപരമായി, എ. കാർപ്പിൻസ്കി; എഫ്ഷെർണിസേവു്, വി. വെർണാഡ്സ്കി, തുടങ്ങിയവർ ലോകത്തിനു പലപുതിയ വിജ്ഞാനങ്ങളും നല്കിയിട്ടുണ്ടു്. തന്നെയുമല്ല കണ്ണാടിയുടെ ഭാഗികവും, പൂൎണ്ണവുമായ കാഴ്ചാ പ്രതിഫലനങ്ങൾ വിവരിച്ചുകൊണ്ടുള്ള ഒരു ശാസ്ത്രം റഷ്യൻ ശാസ്ത്രകാരനായ എം സെമറവുലോകത്തിനു സംഭാവന ചെയ്തിട്ടുള്ളതും വിസ്മരിക്കാവുന്നതല്ല. എന്നാൽ ഇവയെക്കയും കവച്ചുവെച്ചുകൊണ്ടുള്ള പല ശാസ്ത്രഗ്രന്ഥങ്ങളും പൌരാണിക ഭാരതത്തിൻെറ ഒഴിഞ്ഞ മൂലകളിൽ ഇന്നും ശേഷിക്കുന്നുണ്ടെന്നുള്ള വാസ്തവം, കണ്ടുപിടുത്തക്കാരുടെ മസ്തിഷ്കങ്ങളെ അലട്ടിക്കൊണ്ടിരിക്കുന്നുണ്ടു്. ക്രിസ്തുവിനും ആയിരം വൎഷങ്ങൾക്കു മുമ്പു് ഭാരതത്തിൻെറ സംസ്കാരം റഷ്യയിൽ പകൎന്നിട്ടുള്ളതായി പലചരിത്രപണ്ഡിതന്മാരുടെ അഭിപ്രായം ഞാൻ തന്നെ മുമ്പൊരിക്കൽ ഉദ്ധരിക്കാതിരുന്നിട്ടില്ല.

റഷ്യയിൽ ഇന്നു ഒരുലക്ഷം പേർ ശാസ്ത്രീയഗവേഷണത്തിലുൾപ്പെട്ടിട്ടുണ്ടു്. ആയിരം ഗവേഷണശാലകളാണു് ഇന്നവിടെയുള്ളതു്. അവിടൊക്കെയും നാനാവിധമായ ശാസ്ത്രങ്ങളെക്കുറിച്ചു നിശിതമായ അന്വേഷണം നടത്തിവരുന്നുണ്ടു്. ആണ്ടിനാൽ ഒരു വമ്പിച്ച തുകയാണു് സ്റ്റേറ്റുബഡ്ജറ്റു ഗവേഷണത്തിനു നീക്കിവയ്ക്കുന്നതു്. ഏതു രാജ്യക്കാരനും അസൂയതോന്നത്തക്ക പലശാസ്ത്രീയ പുരോഗതികളും ഇതിനകം അവിടെ ഉണ്ടായിട്ടുണ്ടു്. കണക്കു് ഭൗതികവിജ്ഞാനം തുടങ്ങിയ അവരുടെ ശാസ്ത്രങ്ങൾ ഇന്നു ഒന്നാംകിടയിൽ നില്ക്കുന്നു. പ്രകാശത്തിന്റെ സംഘടിതവും, വിഘടിതവുമായ പ്രവർത്തന സാമർത്ഥ്യങ്ങളെക്കുറിച്ചു് യൂ എസ്സ്. എസ്സ്. ആർ, അക്കാഡമിയിലെ എൻ മാൻഡീസ്റ്റാവും, ജീ. ലാൻഡ്സ്ബർഗ്ഗും, നമ്മുടെ സർ സീ. വി. രാമനുംകൂടി നടത്തിയ ഗവേഷണം വളരെ വിജയിക്കുകയും, അവർ കണ്ടുപിടിച്ച അതിന്റെ പ്രതിഭാസതത്വം ലോകത്തിനു ഇതുവരെ ലഭ്യമാകാത്ത ഒരു സമ്പാദ്യമായി കലാശിച്ചിരിക്കുകയും ചെയ്യുന്നു. കണികകളുടേയും, അണുകങ്ങളുടേയും, ആഭ്യന്തരഘടന കണ്ടുപിടിക്കുവാനുള്ള മാർഗ്ഗം തുറന്നുകൊടുത്തിരിക്കുന്നതു് ഇന്നു ആ കണ്ടുപിടുത്തമാണു്. കോസ്മിക്കു് രശ്മി, പരമാണുക ശക്തിമർമ്മം, മുതലായവയുടെ കണ്ടുപിടുത്തത്തിൽ ഡീസ്റ്റോബെൽറ്സിൻ, എന്ന ശാസ്ത്രകാരൻ റഷ്യയെ ഇന്നു ഒരു കാന്തലോകത്തിലേക്കുയർത്തിയിട്ടുണ്ടു്. ഇങ്ങനെ റഷ്യ ഇന്നു പരിഷ്കൃതവും പ്രയോജനപ്രദവുമായ ശാസ്ത്രങ്ങളുടെ പുരോഗതിയിൽ പ്രാബല്യം പ്രാപിച്ചതു മൂലമാണു് ഏതു ശക്തിരാജ്യങ്ങളോടും മല്ലിടാൻ സന്നദ്ധത കാണിച്ചുകൊണ്ടു് നില്ക്കുന്നതു്.


## ദി എംപയർ കെമിക്കൽ വർക്ക്സ്, കൊല്ലം.

(1100-നു മുമ്പു സ്ഥാപിച്ചതു്)

ഞങ്ങളുടെ നിരന്തര പരിശ്രമഫലമായി അനേകം സോപ്പുകൾ ബഹുജനസമക്ഷം സമർപ്പിക്കുവാൻ സാധിച്ചിട്ടുണ്ടു്. അവയുടെ പ്രചാരംതന്നെ സോപ്പുകളുടെ ഗുണത്തിനു മതിയായ സാക്ഷ്യം വഹിക്കുന്നു.




പ്രൊപ്രൈറ്റർ, എച്ച്. എ. മുഹമ്മദുസാലിഹ്.

# ആർഷസൂക്തികളും ആധുനികശാസ്ത്രവും

എം. കെ. രാമകൃഷ്ണൻ നായർ ബി. എ. എൽ. റ്റി.

അപ്രമേയങ്ങളും അതിഗഹനങ്ങളുമായ ആർഷസൂക്തികളുടെ അടിസ്ഥാനമായി സ്ഥിതിചെയ്യുന്ന അചുംബിതാശയങ്ങളെ അപഗ്രഥനം ചെയ്തു, അവയെ ആവരണം ചെയ്തു നില്ക്കുന്ന അബദ്ധജടിലങ്ങളായ അന്ധവിശ്വാസങ്ങളെ അപാകരിക്കുന്നതിൽ ആധുനികശാസ്ത്രം അനർഘസഹായങ്ങൾ ചെയ്തുകൊണ്ടാണിരിക്കുന്നതു്. സാമാന്യബുദ്ധിയ്ക്കു ദുഷ്പ്രാപങ്ങളായ ആ വക തത്വസമുച്ചയങ്ങളെ യുക്തിയുക്തം പ്രതിപാദിച്ചു് പ്രചരിപ്പിക്കുന്നതു് വിഷമകരമായിരുന്നതിനാൽ — വിശേഷിച്ചും പ്രചരണ സമർത്ഥങ്ങളായ ഉപകരണ സാമഗ്രികളും സൗകര്യങ്ങളും വിരളമായിരുന്ന ആ കാലത്തു്—അവയെ അനുഷ്ഠിക്കാതെയും പരിപാലിക്കാതെയും ഇരുന്നാൽ 'ദോഷ'മാണെന്നുമാത്രം സാധാരണജനങ്ങളെ മനസ്സിലാക്കി ആ ഋഷിവര്യന്മാർ സമാധാനപ്പെട്ടു. ഒരു പക്ഷേ അവയെ അവഹേളിച്ചു കാണുന്നതിനെക്കാൾ പ്രചരിപ്പിക്കാതിരിക്കുന്നതുതന്നെ ഉത്തമമെന്നും അവർ കരുതിയിരുന്നിരിക്കാം. പൈതൃകമായ അവകാശവാദത്തോടുകൂടി അവയെ കരസ്ഥമാക്കിയ ബ്രാഹ്മണസമുദായമാകട്ടെ ഇഹപരലോകങ്ങളിൽ തങ്ങൾക്കു മാത്രം അവ പ്രയോജനപ്പെടണമെന്നു വിചാരിച്ചു കഴിച്ചുകൂട്ടി. കാലത്തിന്റെ അപ്രതിരോധ്യമായ തിരത്തള്ളലിൽ യുക്തിവാദവും നിരീശ്വരവാദവും ഏറിവരികയാൽ "ദോഷ"മാണെന്നുമാത്രം മനസ്സിലാക്കിയ സാധാരണ ജനങ്ങൾ ആ തത്വങ്ങളെ അവജ്ഞയോടുകൂടി വീക്ഷിക്കുവാൻ ഒരുമ്പെടുകയും ചെയ്തു. ഈ പ്രപഞ്ചത്തിൽ കാണുന്ന പദാർത്ഥങ്ങളെല്ലാംതന്നെ ശക്തിയുടെ (Energy) രൂപാന്തരം മാത്രമാണെന്നു അടുത്തകാലത്തു മാത്രമേ രസതന്ത്രവാദികൾക്കു കണ്ടെത്തുവാൻ കഴിഞ്ഞിട്ടുള്ളുവെങ്കിലും നമ്മുടെ ഗ്രന്ഥത്രയസിദ്ധാന്തം എത്രയോ സഹസ്രം വർഷങ്ങൾക്കു മുമ്പുതന്നെ ആ പരമാർത്ഥം ഉൽഘോഷിച്ചിരുന്നു.

ഉറങ്ങുമ്പോൾ നാം തെക്കോട്ടോ കിഴക്കോട്ടോ തലവെയ്ക്കേണ്ടതാകുന്നു എന്നു സാധാരണ പറയാറുണ്ടല്ലോ. ഗർഗ്ഗമഹർഷിയുടെ വചനപ്രകാരം, മനുഷ്യൻ സ്വഗൃഹത്തിൽ തലകിഴക്കോട്ടുവെച്ചും എന്നാൽ ദീർഘായുസ്സിനാഗ്രഹിക്കുന്നുവെങ്കിൽ തല തെക്കോട്ടുവെച്ചും ഉറങ്ങേണ്ടതാകുന്നു. അന്യസ്ഥലങ്ങളിൽ വെച്ചു് തല പടിഞ്ഞാറാക്കിയും ശയനം ചെയ്യാമെങ്കിലും ഒരിക്കലും ഒരു സ്ഥലത്തുവെച്ചും തലവടക്കോട്ടുവെച്ചു് ഉറങ്ങുവാൻ പാടുള്ളതല്ല. മാർക്കണ്ഡേയമതപ്രകാരവും കിഴക്കോട്ടു് തലവെച്ചുറങ്ങിയാൽ മനുഷ്യനു് ബുദ്ധിശക്തിയും, തെക്കോട്ടായാൽ ആരോഗ്യവും ദീർഘായുസ്സും, വടക്കോട്ടായാൽ രോഗവും മരണവും ഫലമാകുന്നു." ആധുനികശാസ്ത്രം ഉന്നയിച്ചു കാണിച്ചിട്ടുള്ള കാന്തശക്തിയുടെയും വിദ്യുത്ശക്തിയുടെയും സൂക്ഷ്മതത്വങ്ങളെ അടിസ്ഥാനമാക്കിയാണു് ലോകസംഗ്രഹാർത്ഥം പ്രവർത്തിച്ചുകൊണ്ടിരുന്ന ആ മഹർഷിവര്യന്മാർ മേൽപ്രകാരം പറഞ്ഞിട്ടുള്ളതെന്നു താഴെപ്പറയുന്ന കാര്യങ്ങളിൽ നിന്നും മനസ്സിലാക്കാം.

വിദ്യുത്ശക്തി പ്രവഹിക്കുന്ന കമ്പികൾ ഒരിരുമ്പുകഷണത്തിൽ ചുററിയാൽ ആ ഇരുമ്പുകഷണം കാന്തമായി രൂപാന്തരപ്പെടുമെന്നുള്ളതു്, ആധുനിക ശാസ്ത്രപ്രകാരം അനുഭവവേദ്യമായ ഒരു പരമാർത്ഥമാകുന്നു. സൂര്യന്റെ ഊഷ്മവിസർജ്ജനത്തിൽ നിന്നും ഉളവാകുന്ന വിദ്യുത്ശക്തി ഭൂമിയെ എപ്പോഴും ഒരു കാന്തമായി രൂപാന്തരപ്പെടുത്തിക്കൊണ്ടിരിക്കുകയാണു്. ഭൂമി, ഗോളാകൃതിയാകയാൽ

അതിന്റെ കിഴക്കുഭാഗം ചൂടുപിടിക്കുമ്പോൾ പടിഞ്ഞാറുഭാഗം തണുത്തിരിക്കുന്നു. അതിനാൽസൂര്യനിൽനിന്നും ഉല്പാദിപ്പിക്കപ്പെടുന്ന വിദ്യുത്ശക്തി (Thermal electricity) എപ്പോഴും കിഴക്കുനിന്നും പടിഞ്ഞാറോട്ട് പ്രവഹിച്ചുകൊണ്ടിരിക്കുന്നു. തന്നിമിത്തം ഭൂമി കാന്തമായി രൂപാന്തരപ്പെടുമ്പോൾ ഭൂമിശാസ്ത്രപരമായ അതിന്റെ ഉത്തരധ്രുവം ഈ പ്രവാഹഗതിയുടെ വലത്തുവശമാകയാൽ ഭൌമകാന്തത്തിന്റെ ദക്ഷിണധ്രുവമായി പരിണമിക്കുന്നു. ഭൂമിയുടെ ധ്രുവങ്ങളും കാന്തസൂചിയുടെ ധ്രുവങ്ങളും തമ്മിലുള്ള ആകർഷണാവക്രമങ്ങളിൽനിന്നും ഭൂമി ഒരു കാന്തമാണെന്നു തെളിഞ്ഞിട്ടുണ്ട്. ഭൂമധ്യപ്രദേശങ്ങളിൽ കാന്തസൂചിയുടെ അഗ്രങ്ങൾ തിരശ്ചീനമായി നില്ക്കുന്നു വെങ്കിലും ധ്രുവപ്രദേശങ്ങളിൽ അവ നിമ്നോന്നതങ്ങളായിട്ടാണ് സ്ഥിതിചെയ്യുന്നതു്.

ഉരുക്കും ഇരുമ്പും വളരെ വേഗം കാന്തമായി രൂപാന്തരപ്പെടുത്താവുന്നവയാണല്ലോ. അത്രത്തോളം പ്രകടമായിട്ടല്ലെങ്കിലും മനുഷ്യശരീരവും കാന്തമായി രൂപാന്തരപ്പെടുത്തത്തക്കതാണ്. ശരീരത്തിനകത്തുള്ള ഇരുമ്പിന്റെ അംശവും പ്രാണവായുവുമാണ് ഇതിനു കാരണം. നമ്മുടെ പാദം, ഭൂമിയാകുന്ന കാന്തത്തിൽ എപ്പോഴും പതിച്ചുകൊണ്ടിരിക്കുന്നതിനാൽ മനുഷ്യശരീരത്തിനും കാന്തത്തിന്റെ ഗുണങ്ങൾ സിദ്ധിക്കുന്നു. ഉത്തരധ്രുവത്തിന്റെ ഗുണങ്ങളോടുകൂടിയ ഉത്തരാർദ്ധഗോളത്തിൽ നാം സഞ്ചരിക്കുന്നതിനാൽ നമ്മുടെ പാദം ദക്ഷിണധ്രുവമായി തീരുന്നു. ശരീരത്തിന്റെ മറെറ അഗ്രം—ശിരസ്സ്—ഉത്തരധ്രുവമായും പരിണമിക്കുന്നു. മനുഷ്യശരീരത്തിൽ സംഭവിക്കുന്ന ഈ ധ്രുവങ്ങൾക്കു കഴിയുന്നതും കോട്ടം തട്ടാതെ അവയുടെ നൈസർഗ്ഗിക രൂപത്തിൽ സംരക്ഷിച്ചുകൊണ്ടിരുന്നാൽ ശരീരം ആരോഗ്യപൂർണ്ണമായിരിക്കും. അതിനു മാററം സംഭവിപ്പിച്ചാൽ രോഗങ്ങൾക്കും കാരണമാകുന്നു.

തെക്കോട്ടു തലയും വടക്കോട്ടു പാദങ്ങളും വെച്ചുറങ്ങുകയാണെങ്കിൽ ശരീരകാന്തത്തിന്റെ ധ്രുവങ്ങൾക്കു ചലനം സംഭവിക്കുന്നില്ല. ശിരസ്സാകുന്ന ഉത്തരധ്രുവം ഭൂമിയുടെ ദക്ഷിണധ്രുവവുമായി യോജിക്കുന്നു. അതുപോലെതന്നെ പാദമാകുന്ന ദക്ഷിണധ്രുവം ഭൂമിയുടെ ഉത്തരധ്രുവവുമായി ആകർഷിക്കപ്പെടുന്നു—നേരെമറിച്ചായാൽ ഒരേതരത്തിലുള്ള ധ്രുവങ്ങൾ (Like poles) തമ്മിൽ അകലുന്നതിനും ധ്രുവങ്ങൾക്കു ചലനം സംഭവിക്കുന്നതിനും ഇടയായേക്കാം. ഭൂസ്പർശംനിമിത്തം നമ്മുടെ ശരീരത്തിനു സിദ്ധിച്ചുകൊണ്ടിരിക്കുന്ന കാന്തശക്തിയെ സംരക്ഷിക്കുന്നതിനും തന്നിമിത്തം ആരോഗ്യം പരിപാലിക്കുന്നതിനും തെക്കോട്ടു തലവെച്ചു കിടക്കുന്നതു് എത്രത്തോളം സഹായകമായിരിക്കുമെന്നു ഇതിൽ നിന്നും വ്യക്തമാകുന്നുണ്ടല്ലോ. ഗർഗ്ഗമാർക്കണ്ഡേയ മുനിമാരുടെ ഉപദേശം എത്രത്തോളം അർത്ഥവത്താണെന്നും ഇതിൽ നിന്നും സിദ്ധിക്കുന്നു.

കിഴക്കോട്ടു തലവെച്ചു കിടന്നാൽ ബുദ്ധിയ്ക്കു ഉണർവു് സംഭവിക്കുന്നുവെന്നു പറയുന്നതിന്റെ പരമാർത്ഥം ആലോചിക്കാം. ഭൂമിയുടെ ഉപരിതലത്തിൽകൂടി കിഴക്കുനിന്നും പടിഞ്ഞാറോട്ട് ഊഷ്മവിദ്യുത് പ്രവാഹം എപ്പൊഴും സംഭവിച്ചുകൊണ്ടിരിക്കുന്നു. കിഴക്കോട്ടു തലവെച്ചു് കിടന്നാൽ ഈ പ്രവാഹം ശിരസ്സിൽനിന്നും പാദത്തിലേക്കു പ്രവഹിക്കുവാനിടയാകുന്നു. തന്നിമിത്തം തലയിലുള്ള ഊഷ്മാവിനു കുറവുനേരിടുന്നു. നേരെ വിപരീതമായി കിടന്നാൽ ഊഷ്മവിസർജ്ജനം ശിരസ്സിൽ സംഭവിക്കാനിടയാകുന്നതാണ്. തലയ്ക്കു ചൂടുതട്ടിയാൽ അവ്യക്തവും ക്ലേശകരവുമായ ചിന്തകൾ ഉത്ഭവിക്കുന്നു.

പാശ്ചാത്യരാജ്യങ്ങളിൽ ശാസ്ത്രതത്വങ്ങൾ ഉദയം ചെയ്യുന്നതിനു മുമ്പുതന്നെ വിദ്യുത് ശക്തിയുടേയും കാന്തത്തിന്റേയും ഗുണങ്ങൾ പൌരാണിക ഋഷീന്ദ്രന്മാർ നല്ലവണ്ണം മനസ്സിലാക്കിയിരുന്നു വെന്നുള്ളതിനു് താഴെ പറയുന്ന കാര്യങ്ങൾ സാക്ഷ്യം വഹിക്കുന്നു.

1. ക്ഷേത്രങ്ങളിലെ താഴികക്കുടങ്ങൾ ചെമ്പുകൊണ്ടോ ഇരുമ്പുകൊണ്ടോ നിർമ്മിക്കപ്പെടുന്നു.

2. ശരീരത്തിൽ രോഗമുള്ള സ്ഥലത്തു്

# വൈദ്യബന്ധു

ആയുർവ്വേദമഹാമണ്ഡലത്തിൻെറ മുഖപത്രമെന്ന നിലയിൽ, ഭാരതീയവൈദ്യവിജ്ഞാനത്തിൻെറ അഭിവൃദ്ധിക്കായി നിലകൊള്ളുന്ന ഒരു മാസികാഗ്രന്ഥമാണ് വൈദ്യബന്ധു. ഒന്നാംലക്കത്തിൽ (1124 കുംഭം) ആയുർവ്വേദം സംബന്ധിച്ചും മററും അറിഞ്ഞിരിക്കേണ്ട പലേ സംഗതികളും അടങ്ങിയ നല്ല ലേഖനങ്ങൾ കാണുന്നുണ്ട്. എങ്കിലും ചില കുറവുകൾ ഉണ്ടെന്നു പ്രവൎത്തകർ തുറന്നു സമ്മതിക്കുകയും ചെയ്യുന്നു. ആ കുറവുകൾ അചിരേണ പരിഹരിക്കപ്പെട്ടുമെന്നു വിശ്വസിക്കുന്നു.

മെ: എസ്. ശങ്കരൻവൈദ്യൻ, ഡാക്ടർ ആർ. പി. ചിദററഴം ഈ വിദഗ്ദ്ധവൈദ്യന്മാരുടെ പത്രാധിപത്യത്തിൽ കൊല്ലത്തുനിന്നും പുറപ്പെടുന്ന ഈ മാന്യസഹജീവിക്ക് സൎവ്വവിജയങ്ങളും ആശംസിച്ചുകൊള്ളുന്നു.

# 'മഹാത്മാ'

ഏതാണ്ട് പതിനേഴു വയസ്സുമാത്രം പ്രായമുള്ള ഒരു വിദ്യാൎത്ഥിസംഘത്താൽ നടത്തപ്പെടുന്ന "മഹാത്മാ" മാസികയുടെ ഒന്നാമത്തെ വാർഷികപ്പതിപ്പാണിതു്. അറുപതു ലേഖനങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. അതിൽ പലതും വായിക്കാൻ കൊള്ളാവുന്നതും, വായിക്കേണ്ടതുമാണ്. മനോഹരങ്ങളായ പല ചിത്രങ്ങളും ചേൎത്തിട്ടുണ്ട്.

ശ്രീ: എൻ. തങ്കപ്പൻെറ പത്രാധിപത്യത്തിൽ തൃശ്ശൂർനിന്നും പുറപ്പെട്ട ഈ വിശേഷാൽപ്രതിയുടെ വില 12 ണ. മാത്രമാണ്.

---

ലോഹകവചം ധരിക്കുവാൻ അവർ ആജ്ഞാപിച്ചിരിക്കുന്നു.

3. പ്രാൎത്ഥനാ സമയത്തു് കുശ, ചൎമ്മം, രോമം ഇവയാൽ നിൎമ്മിക്കപ്പെട്ട ആസനങ്ങളാണ് സ്വീകരിക്കാറുള്ളതു്.

# ടാഗോർ

ഏതോ ചില അവ്യക്തകാരണങ്ങളാൽ കുറച്ചു നാളായി മുടങ്ങിക്കിടന്നിരുന്ന "ടാഗോർ" മാസിക ഇതാ വീണ്ടും പുറത്തായിരിക്കുന്നു. ഒന്നാമത്തു ലക്കമാണ് (1949 ഫെബ്രുവരി) ഞങ്ങളുടെ മുൻപിൽ ഇരിക്കുന്നതു്. കേരളക്കരയിലെ സാഹിത്യകാരന്മാരുടെ കൂട്ടത്തിൽ മുന്നണിയിൽ എത്തിച്ചേൎന്നിട്ടുള്ള ചിലരുടെ നല്ല ലേഖനങ്ങൾ ഉള്ളടക്കമായി കാണുന്നുണ്ട്. ഇത്തവണ പത്രാധിപർ ശ്രീ: ടി. കെ. നാരായണക്കുപ്പിനു പുറമെ, മാനേജിംഗ് എഡിററായി ശ്രീ: കലവറ കൃഷ്ണൻനായർ ബി. എ. കൂടി പത്രാധിപസമിതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. ഈ മാന്യസഹജീവിക്ക് സകല ഭാവുകങ്ങളും ഞങ്ങൾ ആശംസിച്ചുകൊള്ളുന്നു.

# ലൈബ്രേറിയൻ

ഗ്രാമീണഗ്രന്ഥശാലാപ്രവൎത്തകൎക്ക് പ്രായോഗികപരിജ്ഞാനം നൽകുന്നതിനു തികച്ചും ഉപകരിക്കുന്ന ഒരു ലഘുപ്രബന്ധമാണ് ലൈബ്രേറിയൻ.

ഒരു ലൈബ്രേറിയൻ അറിഞ്ഞിരിക്കേണ്ട പല സംഗതികളും ഈ ചെറുബുക്കിൽ അവിടവിടെ വ്യക്തപ്പെടുത്തിയിട്ടുണ്ട്. ഓരോ ലൈബ്രറിയിലും ഇതിൻെറ ഓരോ കോപ്പി ഉണ്ടായിരിക്കേണ്ടതാണ്. പ്രസാധകൻ മി: ആർ. മാധവപ്പെ ഒരു കൎമ്മകുശലനും സാഹിത്യകാരനുംകൂടിയാണ്. അദ്ദേഹം ഇപ്പോൾ ചേൎത്തല താലൂക്ക് ഗ്രന്ഥശാലാ ആർഗനൈസർ ആകുന്നു. അദ്ദേഹത്തോടോ, തുറവൂർ ശ്രീനരസിംഹവിലാസം ബുക്കഡിപ്പോവിലോ ആവശ്യപ്പെട്ടാൽ 4 ണ. വിലയ്ക്കു് ഈ പുസ്തകം കിട്ടുന്നതാണ്.

---

നാട്ടുരാജ്യങ്ങൾ.

ആകെ. 562 നാട്ടുരാജ്യങ്ങളുള്ളതിൽ 538 എണ്ണം കഴിഞ്ഞ ഒന്നര കൊല്ലത്തിനുള്ളിൽ സംയോജിച്ചു കഴിഞ്ഞിരിക്കുന്നു. 4 കോടി. 88 ലക്ഷം ജനങ്ങളാണ് ലയിക്കുകയോ, സംയോജിക്കുകയോ ചെയ്തിട്ടുള്ള രാജ്യങ്ങളിൽ ഉള്ളതു്.

## പരൽപേരു് അഥവാ അക്ഷരസംഖ്യ

ഇംഗ്ലീഷുമാസങ്ങളുടെ തീയ്യതികളെ കാണിക്കുന്നതു്.

"പലഹാരേ പാലു് നല്ലു പുലർകാലേ-
കലക്കിലാം,
ഇല്ലാ—പാലെന്നുഗോപാലൻ
ആംഗ്ലമാസദിനം ക്രമാൽ"

പല (31) ആദ്യമാസമായ ജനുവരിയുടെയും,
ഹാരേ (28) ഫെബ്രുവരിയുടെയും,
പാലു് (31) മാൎച്ചുമാസത്തിൻെറയും
നല്ലു (30) ഏപ്രിൽ മാസത്തിൻെറയും
പുലർ (31) മേ മാസത്തിൻെറയും
കാലേ (31) ജൂൺ മാസത്തിൻെറയും
കല (31) ജൂലായി മാസത്തിൻെറയും
ക്കിലാം (31) ആഗസ്റ്റു മാസത്തിൻെറയും
ഇല്ലാ (30) സെപ്റ്റംബർമാസത്തിൻെറയും
പാലെ (31) ഒക്ടോബർമാസത്തിൻെറയും
ന്നുഗോ (30) നവംബർ മാസത്തിൻെറയും
പാലൻ (31) ഡിസംബർമാസത്തിൻെറയും
തീയതികളാണെന്നു കാണുന്നു.

ഫെബ്രുവരി. 28 എന്നുള്ളതു് ചിലപ്പോൾ 29 ആകും.

—:0:—

വയസ്സിൻെറ കൂടുതൽകൊണ്ടു് മനുഷ്യൻെറ പ്രതിഭാശക്തിക്കു കോട്ടം തട്ടണമെന്നില്ല.

---

എഡിസൺ—81-ാമത്തെ വയസ്സിൽ 1033-ാമത്തെ കണ്ടുപിടിത്തത്തിനു് പേറ്റൻറു് എടുക്കുന്നു.

ഒളിവൽവെൻഡൻഹോംസ്—80-ാം വയസ്സിൽ സുപ്രിംകോടതിയിൽ ജഡ്ജിയായിരിക്കുന്നു.

ബർണാഡ്ഷാ:—92-ാം വയസ്സിൽ ഒരു പുതിയ നാടകം രചിക്കുന്നു.

ടിററിയൻ.—95-ാം വയസ്സിൽ മുൾക്കിരീടം ധരിച്ച ക്രിസ്തുവിൻെറ ചിത്രം വരയ്ക്കുന്നു.

—:0:—

## ആസ്ഥാന കവികൾ.

—:0:—

സംസ്കൃതത്തിലും മററു നാലുപ്രാദേശിക ഭാഷകളിലുമുള്ള ഏററം പ്രശസ്തകവികൾക്കു് അംഗീകാരവും പ്രോത്സാഹനവും നൽകുവാൻ മദ്രാസ് ഗവണ്മെൻറു് നിശ്ചയിച്ചിരുന്നു. അതനുസരിച്ചു് അഞ്ചുകവികളെ ആസ്ഥാനകവികളായി ഗവണ്മെൻറു് നിയമിച്ചിരിക്കുന്നു. നേമയ്ക്കൽ രാമലിംഗം പിള്ള (തമിഴ്) ചെല്ലംപിള്ള വെങ്കിടേശശാസ്ത്രി (തെലുങ്ക്) വള്ളത്തോൾ നാരായണമേനോൻ (മലയാളം) എം. ഗോവിന്ദപൈ (കന്നാടകം) കെ. എസ്സ്. കൃഷ്ണമൂൎത്തി ശാസ്ത്രികൾ (സംസ്കൃതം) ഇവൎക്കു് പ്രതിവൎഷം ആയിരം രൂപാവീതം ഓണറേറിയം ലഭിക്കുന്നതും ഇവരുടെ ആസ്ഥാനകവിപ്പട്ടം അഞ്ചുകൊല്ലത്തേക്കുണ്ടായിരിക്കുന്നതുമാണു്.

—:0:—

## ഒരൊററശ്ലോകം

—.0:—

വില്വട്ടത്തു രാഘവൻ നമ്പിയാരേയും അദ്ദേഹത്തിൻെറ ഫലിതധോരണിയേയും പററി ഇന്നത്തെ ചില വൎഷീയാന്മാരെങ്കിലും കേട്ടിട്ടുണ്ടായിരിക്കണം. അദ്ദേഹത്തിൻെറ വകയായ ഒരു ശ്ലോകം പ്രതിയോഗിയുടെ മൎമ്മം പിളൎന്നു മറുപുറം പായുന്ന രീതി നോക്കുക.

"വില്വട്ടം വൃദ്ധനായി വിരുതൊടിവനുമാ-
യൊന്നടുക്കാം പിടിക്കാം
മല്ലിട്ടിപ്പോൾ മടക്കാമിതി മനസി മുരി-
ഞ്ഞൂർ ദ്വിജന്നുണ്ടു മോഹം,
പല്ലില്ലെന്നെണ്ണിയണ്ണാക്കൊളമിട്ടുകകരം-
താനിതെന്നാകിലപ്പോൾ
വല്ലാണം മോണകൊണ്ടും വിരലറുകെമുറു-
ക്കെക്കടിക്കും മുത്തുക്കൻ."

—:0:—

# വിഷയവിവരം.

ഗാന്ധിസൂക്തങ്ങൾ.

ശ്രീമതി സരോജിനീദേവി—

കണ്ണുനീർപൊഴിച്ചീടാം— എസ്സ്. കെ. പെരിനാട്ട്.

മഹാകവി പള്ളത്തിന്റെ കൃതികൾ— നാലാങ്കൽ കൃഷ്ണപിള്ള.

ദിവ്യബന്ധം— പി. കെ. ഗോവിന്ദപ്പിള്ള, ബി, ഒ. എൽ,

ഒരിക്കൽമാത്രം—(ചെറുകഥ) മിസ്സ്, ജെ. ആർ. ജോഷ്വാ എം. എ.

ശിക്ഷാനിയമതത്വങ്ങൾ— പി. എസ്സ്. അച്യുതൻപിള്ള എം. എ. എം. എൽ.

ഹൃദയാരാധന— വനലാർ, ജി. രാമവർമ്മ.

മഹാത്മജിയുടെ അവസാനത്തെ പ്രാർത്ഥനായോഗപ്രസംഗം—

സംസ്കാരം— വാരനാട്ടു, കെ. പി. ശാസ്ത്രികൾ,

പിരിഞ്ഞപാൽ—(ചെറുകഥ) കെ. സി.

എന്റെ സ്വപ്നം— അറയ്ക്കൽ നാരായണപിള്ള ബി. എ.

സരസശ്ലോകങ്ങൾ— ചെന്നിത്തല കെ. കൃഷ്ണയ്യർ.

സുഗതസൂക്തികൾ— പന്തളം രാഘവപ്പണിക്കർ.

റഷ്യൻശാസ്ത്രലോകം. മംഗലം ചക്രപാണി.

ആർഷസൂക്തികളും ആധുനികശാസ്ത്രവും— എം. ആർ. രാമകൃഷ്ണൻനായർ ബി. എ. എൽ. ടി.

ഗ്രന്ഥാവലോകനം—

പലവക—

# VIDYABHIVARDHINI

License No. 455. Regd. No. T. 116.

Dated 28-11-1945 Regd. No. M. 4891.

| വരിസംഖ്യ. | പരസ്യക്കൂലി. | |
|---|---|---|
| ഒരു വർഷത്തേക്ക് 5 ബ്രി: രൂ. | സ്ഥിരപരസ്യക്കാർക്ക്. | ഒരു പ്രാവശ്യത്തേക്ക് |
| ഒററ പ്രതിക്ക് 8 ണ. | മുഴുപ്പേജിനു് 50 രൂ. | 8 രൂ. |
| ഇൻഡ്യയ്ക്കു പുറമേ 6 ബ്രി: രൂ. | അരപ്പേജിനു് 30 ,, | 6 ,, |
| ,, ഒററ പ്രതിക്ക് 10 ണ. | കാൽപ്പേജിനു് 20 ,, | 4 ,, |

**ലേഖകന്മാരോട്:—**

ലേഖനങ്ങൾ കടലാസ്സിൻെറ ഒരുവശത്തുമാത്രം വൃത്തിയായി മഷികൊണ്ടെഴുതി ഓരോ ഇംഗ്ലീഷുമാസവും 15-ാം തീയതിക്കകം ഇവിടെ കിട്ടത്തക്കവണ്ണം അയച്ചിരിക്കണം. പ്രസിദ്ധീകരണത്തിനു സൗകര്യമില്ലാത്ത ലേഖനങ്ങൾ തിരിച്ചു കിട്ടണമെങ്കിൽ അതിലേക്കുള്ള സ്റ്റാമ്പു് അയച്ചിരിക്കേണ്ടതാണു്.

**വരിക്കാരോട്:—**

ഇതേവരെ വരിസംഖ്യ അടച്ചിട്ടില്ലാത്തവർ ഈ ലക്കം കിട്ടിയാലുടൻ പണം മണിയാർഡർ ചെയ്യാൻ അപേക്ഷ.

വി. പി. ഏർപ്പാട് ഇരുകൂട്ടർക്കും നഷ്ടകരമാകയാൽ വരിസംഖ്യ എപ്പോഴും മുൻകൂറായിത്തന്നെ അയച്ചിരിക്കണം.

ആഫീസ്സിലേക്ക് അയയ്ക്കുന്ന എല്ലാ കത്തുകളിലും മാസികയുടെ റാപ്പറിൽ കാണുന്ന അവരവരുടെ രജിസ്റ്റർ നമ്പർകൂടി കാണിച്ചിരിക്കേണ്ടതാണു്.

പണസംബന്ധമായ എഴുത്തുകൾ, മണിയാർഡർ ഇവ മാനേജരുടെ മേൽവിലാസത്തിലും, ലേഖനസംബന്ധമായവ എല്ലാം പത്രാധിപരുടെ മേൽവിലാസത്തിലും അയയ്ക്കേണ്ടതാണു്.

N. B. അഭിപ്രായത്തിനയയ്ക്കുന്ന പുസ്തകങ്ങളുടെ 2 പ്രതിവീതം അയച്ചിരിക്കണം. മാസിക ഇംഗ്ലീഷുമാസം 15-ാം തീയതിക്കകം കിട്ടാത്തപക്ഷം വിവരം ആഫീസിൽ അറിയിക്കണം.

മാനേജർ,
വിദ്യാഭിവർദ്ധിനി,
കൊല്ലം.

Edited, Printed and Published by M. Balakrishna Reddiar, at the Vidyabhivardhini Press, Quilon